# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101

ഇ-മെയിൽ: mlcsry.ksad@kerala.gov.in
ഫോൺ : 0481-2400073

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ്. എ .സി വൈ എം2 142/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
ചങ്ങനാശ്ശേരി
കോട്ടയം-686101
തീയ്യതി: 05/05/2023
ഇ-മെയിൽ: mlcsry.ksad@kerala.gov.in
ഫോൺ: 0481-2400073

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊല്ലം
4) കാര്യാലയ പകർപ്പ്

നമ്പർ: കെ .എസ്. എ .സി വൈ എം2 142/2023 തീയ്യതി: 05/05/2023

## കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 95 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോർജ്ജ് പി.മാത്യൂ | ഡെപ്യൂട്ടി ഡയറക്ടർ | 01-08-2022 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2022 | 31-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രേഖ ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീമതി മായാദേവി സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (01.02.2023 മുതൽ)

ശ്രീമതി ദർശന വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജി എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(01.08.2022 മുതൽ 23.01.2023 വരെ)

ശ്രീ രാജേഷ് കുമാർ പി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സന്ധ്യാ മനോജ് | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാനു എം.ആർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 10-03-2022 |
| ശ്രീ സോണി വി | ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 1) | 11-03-2022 | 16-03-2022 |
| ശ്രീ സോൺസുന്ദർ എ.എസ് | ഹെൽത്ത് സൂപ്പർവൈസർ | 17-03-2022 | 31-03-2022 |
| ശ്രീ അഭിലാഷ് വർമ്മ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ജേക്കബ് മത്തായി | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആശ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ പ്രകാശ് കുമാർ വി | പ്രിൻസിപ്പൽ, ഹയർ സെക്കൻഡറി സ്കൂൾ | 01-04-2021 | 31-03-2022 |
| ഡോ.രവീന്ദ്രൻ പി | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ആൻസിമോൾ പി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.അജിത്കുമാർ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ.പി.ജി.ഗീതാദേവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ അനൂപ് രാജ് പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 01-04-2021 | 25-10-2021 |
| ശ്രീമതി സവിത ബി | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 26-10-2021 | 17-11-2021 |
| ശ്രീ ദിലീപ്കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 18-11-2021 | 31-03-2022 |
| ശ്രീമതി ബിന്ദു എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 01-04-2021 | 25-07-2021 |
| ശ്രീമതി സവിത വി | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 26-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ശ്രീലക്ഷ്മി എ | അസിസ്റ്റന്റ് എഞ്ചിനീയർ, ചങ്ങനാശ്ശേരി | 01-04-2021 | 31-03-2022 |
| ശ്രീ തൗഫീക്ക് പി ഇസ്മായിൽ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2021 | 31-03-2022 |
| ശ്രീ ഷിബു വി.പി | മുനിസിപ്പൽ സെക്രട്ടറി | 01-04-2021 | 18-09-2021 |
| ശ്രീ ബിജുമോൻ എ.എസ് | മുനിസിപ്പൽ സെക്രട്ടറി (ഇൻ ചാർജ്ജ്) | 19-09-2021 | 04-10-2021 |
| ശ്രീ അനിൽകുമാർ ബി | മുനിസിപ്പൽ സെക്രട്ടറി | 05-10-2021 | 23-02-2022 |
| ശ്രീ സജി എൽ എസ് | മുനിസിപ്പൽ സെക്രട്ടറി | 24-02-2022 | 31-03-2022 |
| ശ്രീമതി വിബിത സോമൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി ഐശ്വര്യ ആർ.യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11-11-2021 | 26-12-2021 |
| ശ്രീമതി അഞ്ജലി അരവിന്ദ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 27-12-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പണം ഒടുക്കൽ, പണം പിൻവലിക്കലുകൾ എന്നിവയുടെ പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-11 |
| 13 | ജനറൽ സ്റ്റോക്ക്, സ്റ്റോർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് | 1-11-1 |
| 14 | വസ്തുനികുതി- വൻതുക കുടിശ്ശിക അവശേഷിക്കുന്നു | 1-12 |
| 15 | യു.എ നമ്പർ നൽകി വസ്തു നികുതി നിർണയിച്ച കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല | 1-12-1 |
| 16 | വസ്തു നികുതി- കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-12-2 |
| 17 | വിമുക്തഭടൻമാരുടെ വസ്തുനികുതിയിളവ്- അപാകത | 1-12-3 |
| 18 | കെട്ടിടത്തെ കുറഞ്ഞ നിരക്കുള്ള ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കുറവായി നിർണ്ണയിച്ചു. | 1-12-4 |
| 19 | വസ്തുനികുതി കളക്ഷൻ- സഞ്ചയയിൽ രസീതിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല | 1-12-5 |
| 20 | ഒറ്റത്തവണ കെട്ടിടനികുതി- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-12-6 |
| 21 | വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് - സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു | 1-12-7 |
| 22 | വസ്തുനികുതി- റോഡുകളുടെ വിവരങ്ങൾ സഞ്ചയയിലെ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-12-8 |
| 23 | അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-12-9 |
| 24 | വസ്തുനികുതി- കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമല്ല. | 1-12-10 |

| | | |
|---|---|---|
| 25 | വസ്തുനികുതി നിർണ്ണയം, സഞ്ചയ ഡേറ്റ എൻട്രി- അപാകതകൾ. | 1-12-11 |
| 26 | വസ്തുനികുതി നിർണ്ണയം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-12-12 |
| 27 | വസ്തുനികുതി നിർണ്ണയം- തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് സഞ്ചയയിൽ ഉൾപ്പെടുത്തുന്നില്ല | 1-12-13 |
| 28 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളെ പാർപ്പിടാവശ്യം, ഓഫീസ് ആവശ്യം എന്നിങ്ങനെ തെറ്റായി അസസ്സ് ചെയ്തിരിക്കുന്നു- വസ്തു നികുതി വരുമാനത്തിൽ നഗരസഭയ്ക്ക് നഷ്ടം | 1-12-14 |
| 29 | നഗരസഭയുടെ ഫയൽ പ്രകാരം നിർണ്ണയിച്ച നികുതിയും സഞ്ചയപ്രകാരം നിർണ്ണയിച്ച നികുതിയും പൊരുത്തപ്പെടുന്നില്ല | 1-12-15 |
| 30 | തൊഴിൽ നികുതി- പൊതു അപാകതകൾ | 1-13 |
| 31 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-13-1 |
| 32 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-13-2 |
| 33 | റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് | 1-14 |
| 34 | വിനോദനികുതി ഈടാക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-15 |
| 35 | സൗപർണിക കാനറി അപ്പാർട്ട്മെന്റ്- ക്രമവൽക്കരണം- FAR അധിക ഫീസ് ഈടാക്കിയിട്ടില്ല | 1-16 |
| 36 | കെട്ടിടങ്ങളുടെ ക്രമവൽക്കരണം - രജിസ്റ്റർ ലഭ്യമാക്കിയില്ല. | 1-16-1 |
| 37 | ബിൽഡിംഗ് പെർമിറ്റ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-17 |
| 38 | പൊതു ലേലം അപാകതകൾ- ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-18 |
| 39 | കടമുറികളുടെ വാടക – കുടിശ്ശിക/പുതുക്കിയ നിരക്കിൽ തുക ഈടാക്കിയില്ല | 1-19 |
| 40 | വാടക ഈടാക്കിയില്ല | 1-19-1 |
| 41 | ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-20 |
| 42 | ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-20-1 |
| 43 | നഗരസഭയുടെ അനുമതിയില്ലാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-21 |
| 44 | നഗരസഭാ കണ്ടിജന്റ് ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ പൂർണ്ണമായി അടച്ചിട്ടില്ല | 1-22 |
| 45 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനം ഉപയോഗശൂന്യമായി നഗരസഭാ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു-അധികൃതരുടെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ച | 1-23 |
| 46 | പൊതുടാപ്പുകളുടെ വെള്ളക്കരം നാൾക്ക് നാൾ വർദ്ധിക്കുന്നു-നഗരസഭയ്ക്ക് വൻബാദ്ധ്യത | 1-24 |
| 47 | കറണ്ട് ചാർജ്ജ് ഇനത്തിൽ നഗരസഭയ്ക്ക് വൻ ബാദ്ധ്യത | 1-25 |
| 48 | നഗരസഭയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം കേന്ദ്രാവിഷ്കൃത | 1-26 |

| | | |
|---|---|---|
| | പദ്ധതിയായ ഐ.എച്ച്.എസ്.ഡി.പി. യുടെ അക്കൗണ്ടിൽ നിന്നുള്ള തുക ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്ത് ഓവർ ഡ്രാഫ്റ്റ് എടുത്തു-വിശദാംശങ്ങൾ ലഭിച്ചിട്ടില്ല | |
| 49 | ലൈബ്രറി സെസ്- കുടിശ്ശിക ലൈബ്രറി കൗൺസിലിൽ അടവാക്കാൻ അവശേഷിക്കുന്നു | 1-27 |
| 50 | കൗൺസിൽ തീരുമാനം നടപ്പിലാക്കിയിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-28 |
| 51 | മരണമടഞ്ഞ ഗുണഭോക്താക്കൾക്ക് സാമൂഹികക്ഷേമ പെൻഷൻ അനുവദിച്ചു | 1-29 |
| 52 | മുൻകൂർ തുകകൾ ക്രമീകരിച്ചില്ല- 1,25,000 രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 53 | സ്ഥിരനിക്ഷേപം - സ്ഥിരനിക്ഷേപ രജിസ്റ്റർ, നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല- നിക്ഷേപ തുകയിൽ നിന്നും തുകകൾ പിൻവലിച്ചതിന്റെ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല. | 1-31 |
| 54 | റഗുലർ വിഭാഗം ജീവനക്കാരുടെ ഇൻക്രിമെന്റ് - അധികമായി തുക അനുവദിച്ചു | 1-32 |
| 55 | നഗരസഭ സെക്രട്ടറിമാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിച്ചത് സംബന്ധിച്ച് | 1-33 |
| 56 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല | 1-34 |
| 57 | നഗരസഭയിലെ പ്രധാന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-35 |
| 58 | സെക്രട്ടറി നിർവ്വഹണം നടത്തിയ നിക്ഷേപപ്രവൃത്തികൾ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-36 |
| 59 | മലയിൽ കുന്ന് വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-37 |
| 60 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-38 |
| 61 | പ്രോജക്ടുകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-39 |
| 62 | പ്രോജക്ട് ഫയൽ ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-40 |
| 63 | ഓഡിറ്റ് ഇംപാക്ട്- ടെണ്ടർ ഡിഡക്ഷൻ കുറവു ചെയ്തില്ല- കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ അധിക തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ഒടുക്കി | 1-41 |
| 64 | ഓഡിറ്റ് ഇംപാക്ട് -പാർട്ട് ബിൽ തയ്യാറാക്കിയതിൽ അപാകത മൂലം കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ അധിക തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബില്ലിൽ നിന്നും തിരികെ ഈടാക്കി | 1-42 |

| | | |
|---|---|---|
| 65 | കരാറുകാരൻ കോട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കി തുക അനുവദിച്ചു | 1-43 |
| 66 | ബിൽ തയ്യാറാക്കിയതിലെ അപാകത - കരാറുകാരന് അധികം തുക അനുവദിച്ചു. | 1-44 |
| 67 | ടാറിംഗ് പ്രവൃത്തി -ബാരൽ വിലയും ജി.എസ്.ടി യും ഈടാക്കിയിട്ടില്ല. | 1-45 |
| 68 | മരാമത്ത് പ്രവൃത്തി ഫയലുകൾ ഹാജരാക്കിയില്ല-₹12,97,063 ചെലവ് തടസ്സപ്പെടുത്തുന്നു | 1-46 |
| 69 | നിക്ഷേപ പ്രവൃത്തികൾ -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല -53,40,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-47 |
| 70 | പ്രോജക്ടുകളുടെ ചെലവുവിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-48 |
| 71 | വീട് വാസയോഗ്യമാക്കൽ (ജനറൽ)- ഫയലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-49 |
| 72 | പട്ടികജാതി വിഭാഗക്കാർക്ക്-മെറിറ്റോറിയസ് സ്കോളർഷിപ്പ് - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-50 |
| 73 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ - അപാകതകൾ | 1-51 |
| 74 | വയോജനങ്ങൾക്ക് കട്ടിൽ (SCP) - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-52 |
| 75 | വിവാഹ ധനസഹായ പദ്ധതി (SCP) - അപാകതകൾ | 1-53 |
| 76 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ ടാങ്ക് വാങ്ങുന്നതിന് ധനസഹായം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-54 |
| 77 | മഴക്കാലപൂർവ്വ ശുചീകരണം - രേഖകൾ സൂക്ഷിക്കുന്നതിലെയും തുക ചെലവഴിക്കുന്നതിലെയും അപാകതകൾ | 1-55 |
| 78 | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ. | 1-56 |
| 79 | തദ്ദേശസ്ഥാപനത്തിൽ സ്ഥിരതാമസക്കാരനല്ലാത്ത വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകി. | 1-57 |
| 80 | മരുന്നുകൾ,സഹായഉപകരണങ്ങൾ എന്നിവ ലഭിച്ചതിന്റെയും സ്റ്റോക്കിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല. | 1-58 |
| 81 | പാലിയേറ്റിവ് കെയർ പദ്ധതിയിൽ വാങ്ങിയ സഹായഉപകരണങ്ങളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-59 |
| 82 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യഥാസമയം യോഗം ചേരുന്നില്ല | 1-60 |
| 83 | ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-61 |
| 84 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - തുക തടസപ്പെടുത്തുന്നു | 1-62 |

| | | |
|---|---|---|
| 85 | മുറിച്ചുമാറ്റിയ മരങ്ങൾ/ശിഖരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല | 1-63 |
| 86 | അഗതി രഹിത കേരളം- വികസന ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു | 1-64 |
| 87 | അഗതി രഹിത കേരളം പദ്ധതി പ്രകാരം വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ- എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള വാല്യുവേഷന്റെ അടിസ്ഥാനത്തിലല്ലാതെ ആനുകൂല്യം നൽകി | 1-65 |
| 88 | സ്വച്ച് ഭാരത് മിഷൻ (നഗരം) ശുചിത്വ ഖരമാലിന്യ സംസ്കരണം - ചെലവഴിക്കാതെ ശേഷിക്കുന്ന തുക നാളിതുവരെ തിരികെ അടച്ചില്ല | 1-66 |
| 89 | മാലിന്യ നീക്കത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റ ടാങ്ക് കപ്പാസിറ്റിയേക്കാൾ അധികം ഡീസൽ നിറച്ചു | 1-67 |
| 90 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ | 1-68 |
| 91 | പി.എം.എ.വൈ പദ്ധതി- അപാകതകൾ | 1-69 |
| 92 | കൗൺസിൽ തീരുമാനം- വിശദാംശങ്ങൾ ലഭിച്ചിട്ടില്ല | 1-70 |
| 93 | ഫാമിലി പെൻഷൻ - അധിക തുക നൽകിയത് തിരികെ ഈടാക്കണം | 1-71 |
| 94 | മരാമത്ത് പ്രവൃത്തി - നിശ്ചിത സമയപരിധിക്കകം കരാർ ചമയ്ക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല | 1-72 |
| ഭാഗം **2** | | |
| 1 | റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | പൊതു ലേലം അപാകതകൾ- ലേലത്തുക പൂർണ്ണമായും ഒടുക്ക് വരുത്തിയിട്ടില്ല | 2-2 |
| ഭാഗം **3** | | |
| 1 | വയോജനങ്ങൾക്ക് കട്ടിൽ (SCP) - പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ | 3-1 |
| 2 | മഴക്കാലപൂർവ്വ ശുചീകരണം - രേഖകൾ സൂക്ഷിക്കുന്നതിലെയും തുക ചെലവഴിക്കുന്നതിലെയും അപാകതകൾ | 3-2 |
| 3 | കരാറുകാരൻ കോട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കി തുക അനുവദിച്ചു | 3-3 |
| 4 | ബിൽ തയ്യാറാക്കിയതിലെ അപാകത - കരാറുകാരന് അധികം തുക അനുവദിച്ചു. | 3-4 |
| 5 | വീട് വാസയോഗ്യമാക്കൽ (ജനറൽ)- ഫയലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ | 3-5 |
| 6 | പാലിയേറ്റിവ് കെയർ പദ്ധതിയിൽ വാങ്ങിയ സഹായഉപകരണങ്ങളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 3-6 |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡീറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.2.2021ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 24.03.2022ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ നഗരസഭയുടെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബഡ്ജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 7,60,57,640 | 6,95,00,062 |
| വരവ് | 47,90,42,520 | 31,17,61,801 |
| ആകെ | 55,51,00,160 | 38,12,61,863 |
| ചെലവ് | 51,81,18,352 | 31,91,40,091 |
| നീക്കിയിരിപ്പ് | 3,69,81,808 | 6,21,21,772 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | തിരികെ അയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ സമർപ്പിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 2021-22 | 31.07.2022 | 30.07.2022 | 11.08.2022 | 24.09.2022 | വാർഷിക ധനകാര്യപത്രിക പ്രാഥമിക പരിശോധനയ്ക്കുശേഷം നടത്തിയ വിശദമായ പരിശോധന പ്രകാരം വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട്. |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചങ്ങനാശ്ശേരി നഗരസഭയുടെ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂളിലെ ജനറൽ ഫണ്ട് തുകയുടെ കൃത്യതയോ ആധികാരികതയോ വ്യക്തമല്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-2-1 പ്രകാരം പരാമർശിച്ചിരുന്ന 2019-20വർഷത്തെ ജനറൽ ഫണ്ട് നീക്കിയിരിപ്പ് 85,02,264 രൂപയും 2020-21 വർഷത്തെ മുന്നിരിപ്പ് 3,33,13,486 രൂപയും ആയിരുന്നു എന്ന അപാകത പരിഹരിച്ചതിന്റെ വിവരം ലഭ്യമല്ല.
2. B-2 ഷെഡ്യൂളിലെ ഇയർ മാർക്ക്ഡ് ഫണ്ട് തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3. B-4 ഷെഡ്യൂളിൽ ചെലവാകാതെ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. B-4 ഷെഡ്യൂളിൽ ഓരോ ശീർഷകത്തിലും ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

വികസന ഫണ്ട് - CFC ഗ്രാന്റ് Tied & Untied തുകകൾ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

4. B-7 ഷെഡ്യൂളിലെ വിവിധ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖ/രജിസ്റ്റർ, മുന്നിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത വ്യക്തമല്ല.

5. B-9 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസിന്റെ അഡ്വാൻസ് കളക്ഷൻ, ലൈബ്രറി സെസ്, 350309900 എന്ന ഹെഡിലെ 1,43,13,763 എന്ന തുക, 350409909 – എന്ന ഹെഡിലെ ₹2,02,67,092 എന്നീ തുകകൾ, സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ ഉൾപ്പെടെ ബി -9 ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കി ലഭ്യമാക്കിയിട്ടില്ല. Capital Work In Progressന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കാത്തതിനാൽ ടി ഇനത്തിൽ B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

7. B-12, B-13 എന്നീ ഷെഡ്യൂളുകളിലെ സ്ഥിരനിക്ഷേപ തുകയുടെ വിശദാംശങ്ങൾ, കൃത്യത വ്യക്തമാക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയില്ല (ഖണ്ഡിക 1-31 കാണുക )

8. ബി-15 ഷെഡ്യൂളിലെ പിരിഞ്ഞുകിട്ടാൻ ശേഷിക്കുന്ന തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഇനത്തിലെ കുടിശ്ശിക- ₹2,96,47,708, പരസ്യനികുതി ഇനത്തിലെ കുടിശ്ശിക -₹3,37,771(റസീറ്റ് &പേയ്മെന്റ് പ്രകാരം തൻവർഷം വരവില്ല. മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ തുക തന്നെ തൻവർഷത്തെ കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്നു.), ലൈസൻസ് ഫീസിനത്തിലെ കുടിശ്ശിക – ₹16,22,315, ₹71,060 മുതലായവയുടെ കൃത്യത വ്യക്തമല്ല.

9. രേഖകളുടെ അഭാവത്തിൽ B-16 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

10. B-18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1,68,30,339 രൂപയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി മുതലായ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന തുകകളുടെയും വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കാനുള്ളതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇംപ്രസ്റ്റ് തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. B-21 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിരിക്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല.

12. നഗരസഭയുടെ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

13. തൊഴിൽ നികുതി (ജീവനക്കാർ) RP-1 ലെയും I-1 ലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

14. വരവിനങ്ങളുടെ ഡി.സി.ബി ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

15. സഞ്ചയ, സാംഖ്യ എന്നിവ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

16. വിവിധ ഫണ്ടിനങ്ങളുടെ ചെലവ്, വാർഷിക കണക്ക്,(I&E, R&P) എ.സി.ആർ, ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ഫണ്ടിനം | വാർഷിക കണക്ക് പ്രകാരം (I & E) | RP 6 പ്രകാരം | എ.സി.ആർ പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 3,43,33,933 | 3,25,90,233 | 3,25,90,233 | 3,25,38,747 |
| വികസന ഫണ്ട് എസ്.സി.പി | 1,00,56,593 | 1,00,56,593 | 1,02,16,593 | 1,02,16,593 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 2,10,17,685 | 69,00,997 | 2,64,79,436 | 2,64,79,436 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 4,49,61,156 | 4,63,79,695 | 4,63,79,695 | 3,97,19,265 |

| | | | | |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 1,12,94,618 | 1,20,81,118 | 1,20,81,818 | 1,20,81,118 |
| ജനറൽ പർപ്പസ് ഫണ്ട് | 2,65,72,059 | 2,65,72,059 | 2,57,29,000 | ---- |

17. സാമൂഹികക്ഷേമ പെൻഷനുകൾ, തൊഴിൽരഹിതവേതനം എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല
18. സ്പെഷ്യൽ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ്, മറ്റ് ഗ്രാന്റുകൾ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
19. വാർഷിക കണക്കിൽ I-17 ഷെഡ്യൂൾ (ഡിപ്രീസിയേഷൻ) ലഭ്യമാക്കിയിട്ടില്ല.
20. വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ I-18 ഷെഡ്യൂളിലെ പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.
21. CGST, SGST, Flood Cess മുതലായവയുടെ വരവ്, ചെലവ്, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. മുൻവർഷങ്ങളിലെ തുക സർക്കാരിലേക്ക് അടവാക്കാൻ അവശേഷിക്കുന്നു.
22. B-9 പ്രകാരം ലൈബ്രറി സെസ്സ് ₹1,49,18,415 ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കാൻ അവശേഷിക്കുന്നു. എന്നാൽ ഫയൽ പ്രകാരം ₹1,24,95,700(ഫയൽ നമ്പർ ആർ1-9007/14 പ്രകാരം ) യാണ് 21-22 വർഷം വരെ ലൈബ്രറി സെസ്സ് അടവാക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്. തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.
23. RP-7 പ്രകാരം Other Interest എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ₹1,49,895യുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
24. RP-4 പ്രകാരം 140900201 എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
25. RP-6 ലെ 160100900, 160101100, 160300100 എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
26. RP-37 ഷെഡ്യൂൾ പ്രകാരം 431800130, 431800140 എന്നീ ഹെഡുകളിൽ വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് ഇനത്തിൽ 1,83,642, 27,943 എന്നീ തുകകൾ ഉൾപ്പെടുത്തിയത് വിശദീകരിച്ചിട്ടില്ല. വസ്തു നികുതിയിന്മേൽ സർചാർജ്ജ് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
27. വാർഷിക ധനകാര്യപത്രിക പ്രകാരം 2021-22 വർഷം 26 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഉപയോഗത്തിലിരുന്നതായി കാണുന്നു. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 53 പ്രകാരം എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് ബുക്ക്, റിക്കൺസിലിയേഷൻ പത്രികകൾ എന്നിവ എല്ലാ മാസവും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ 31/03/2022ലെ റിക്കൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല. ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31/03/2022ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | എസ്.ബി.ഐ തനത് ഫണ്ട് | 1,38,49,215 | 1,51,32,493 |
| 2 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് (IHSDP) | 7,10,548 | 5,60,034.68 |
| 3 | എസ്.ബി.ഐ പ്രോപ്പർട്ടി ടാക്സ് (ഡയറക്ട് റെമിറ്റൻസ്) | 22,53,442 | 2,90,980.70 |

ക്രമ നം.3ന്റെ റിക്കൺസിലിയേഷൻ പത്രികയിൽ ചേർത്തിരിക്കുന്ന പാസ്ബുക്ക് ബാലൻസ് (₹1,63,899)

തെറ്റാണ്.

28. നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന അക്കൗണ്ടുകളിൽ ചുവടെ ചേർക്കുന്ന തുകകൾ Cheque Issued But Not Presented Into Bank, Cheque Deposited But Not Collected എന്ന പേരിൽ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | പൊരുത്തപ്പെടുത്തൽ ഇനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | എസ്.ബി.ഐ തനത് ഫണ്ട് | Cheque Issued But Not Presented In To Bank | 64,47,360 | മൂന്നുമാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. പണമാക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് ,കൃത്യത ഉറപ്പുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| | | Cheque Deposited But Not Collected By Bank | 14,20,028 | 04/12/2018 മുതൽ നഗരസഭയ്ക്ക് ലഭിച്ച ചെക്കുകൾ വരവാക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | IOB(IHSDP) | Cheque Issued But Not Presented In To Bank | 1,286 | 02/09/21 ലെ ചെക്കാണ് |
| 3 | SBI പ്രോപ്പർട്ടി ടാക്സ് ഡറക്ട് റെമിറ്റൻസ് | Cheque Issued But Not Presented In To Bank | 9,70,000 | മൂന്നുമാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. പണമാക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് ,കൃത്യത ഉറപ്പുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| | | Cheque Deposited But Not Presented In To Bank | 30,59,543 | 30/04/21 മുതൽ നഗരസഭയ്ക്ക് ലഭിച്ച ചെക്കുകൾ വരവാക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. |

വാർഷിക ധനകാര്യപത്രികയുടെ B--9 ഷെഡ്യൂൾ പ്രകാരം Liability In Respect Of Stale Cheque എന്ന

ശീർഷകത്തിൽ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയ്ക്ക് ലഭിച്ച ചെക്കുകൾ പണമാക്കാതെ അവശേഷിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും ടി ഇനത്തിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. 31/03/2022ൽ നഗരസഭയിൽ നിലവിലുണ്ടായിരുന്ന എല്ലാ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെയും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ കൃത്യമായ റിക്കൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കേണ്ടതാണ്.

29. ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തുല്യമായിരിക്കെ റിക്കൺസിലിയേഷൻ പത്രികയിൽ Cheque Issued But Not Presented In To Bank, Directly Credited By Bank, Cheque Issued But Not Collected, Directly Debited By Bank എന്നീ ഇനങ്ങളിൽ വിവിധ തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

30. വാർഷിക ധനകാര്യപത്രികയുടെ RP-40(b)യിൽ നിലവിലില്ലാത്ത 2 അക്കൗണ്ടുകൾ ഉൾപ്പെടുത്തുകയും (നാഷണലൈസ്ഡ് ബാങ്ക് - മുനിസിപ്പൽ ഫണ്ട് 6, നാഷണലൈസ്ഡ് ബാങ്ക് മുനിസിപ്പൽ ഫണ്ട് -7) . ടി അക്കൗണ്ടുകളുടെ ബാങ്ക് ബുക്കിലൂടെ റിക്കൺസിലിയേഷൻ നടത്തിയതും വിശദീകരിച്ചിട്ടില്ല.

31. B-15ഷെഡ്യൂളിൽ 431910100 എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക വസ്തുനികുതിയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

32. B-9 ഷെഡ്യൂളിൽ 350110100 എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന (Gross Salary Payable) തുകയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

33. വാർഷിക കണക്കിലെ ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ലെഡ്ജർ, ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ വൗച്ചർ, ലഡ്ജർ അക്കൗണ്ട് എന്നിവ പ്രകാരം ഇനങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

| ക്രമ നം. | രസീത് നം./തീയതി/ ഇനം | ലെഡ്ജർ അക്കൗണ്ട് ഹെഡ് ഇനം |
|---|---|---|
| 1 | 1210201100691 & 692/26.05.2021<br>900254125334/26.03.2022<br>900254125386/26.03.2022 | 110809900/Other Taxes<br>“<br>“ |
| 2 | 121020110355/14.03.2022/Rent Of Hall | 140500400/Electricity Charges |
| 3 | 121020102630/16.08.2021<br>Rent Of Building/Stall | 160101400/Flood Relief Grant |

അപാകതകളിന്മേൽ വിശദീകരണം/വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം.10)ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് നീക്കിബാക്കി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6,95,00,062 |
| വരവ് | 31,17,61,801 |
| ആകെ | 38,12,61,863 |
| ചെലവ് | 31,91,40,091 |
| നീക്കിയിരിപ്പ് | 6,21,21,772 |
| വരവിനങ്ങളിലുള്ള നഷ്ടം | 14,45,836.98 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | 2,40,287 |

| | |
|---|---|
| തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,76,03,858 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം(ACR പ്രകാരം) | 0 | 3,34,29,000 | 33,42,900 | 3,25,90,233 | 8,38,767 |
| വികസന ഫണ്ട് എസ്.സി.പി(ACR പ്രകാരം) | 0 | 1,80,49,000 | 1,80,49,000 | 1,02,16,593 | 78,32,407 |
| സംരക്ഷണ ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 6,24,34,000 | 6,24,34,000 | 4,63,79,695 | 1,60,54,305 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് (ACR പ്രകാരം) | 0 | 2,02,26,173 | 2,02,26,173 | 1,20,81,118 | 81,45,055 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Tied) | | 4,18,18,576 | 4,18,18,576 | 1,43,23,910 | 2,74,94,666 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Untied) | | 2,18,76,169 | 2,18,76,169 | 1,21,55,526 | 97,20,643 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| യു. ഐ. ഡി. എസ്. എസ്. എം. റ്റി (ഇൻഡ്യൻ ബാങ്ക്) | 41,39,980 | 1,05,223 | 42,45,203 | 38,35,152 | 4,10,051 |
| ഐ. എച്ച്. എസ്. ഡി. പി (ഫേസ് 1) | 20,72,233 | 60,751 | 21,32,984 | 20,27,007 | 1,05,977 |
| ഐ. സി. ഡി. എസ് | 13,56,066 | 13,45,311 | 27,01,377 | 9,52,894 | 17,48,483 |
| എൻ. യു. എൽ. എം | 3,75,898 | 3,06,919 | 6,82,817 | 6,82,817 | Nil |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഇ. എം. എസ് (എസ്. സി) | 9,76,525 | 39,452 | 10,15,977 | Nil | 10,15,977 |
| ഇ. എം. എസ് (ജനറൽ) | 35,43,202 | 1,22,279 | 36,65,481 | 34,00,000 | 2,65,481 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 31,07,777 | 50,63,725 | 81,71,502 | 81,18,058 | 53,444 |

യു.ഐ.ഡി.എസ്.എസ്.എം.റ്റി (ഖരമാലിന്യം), ഐ. എച്ച്. എസ്. ഡി. പി (ഫേസ് 2), പി. എം. എ. വൈ, ഐ.എച്ച്.എച്ച്.എൽ.ടോയ്ലറ്റ്, യു.ഐ.ഡി.എസ്.എസ്.എം.റ്റി (വാട്ടർ സപ്ലൈ), ഐ.സി.ഡിഎസ് എന്നീ അക്കൗണ്ടുകളുടെ വരവുചെലവു കണക്കുകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

വിവിധ ഫണ്ടുകളുടെ ചെലവ് വാർഷിക കണക്ക്, എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടാത്തത് ഖണ്ഡിക 1-2-1 ക്രമ നം 16 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടി അധികവേതനമിനത്തിൽ വികസന ഫണ്ട് സ്രോതസ്സിൽ നിന്നും

കുറവ് ചെയ്ത ₹21,60,000 എ.സി.ആറിൽ വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 270 | 21,60,49,354 | 186 | 12,41,95,168 | 84 |

വിവിധ ഫണ്ടിനങ്ങളിലുള്ള വകയിരുത്തലിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | വകയിരുത്തൽ (തുക രൂപയിൽ) | വിനിയോഗം (തുക രൂപയിൽ) |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) | 4,11,74,410 | 3,25,38,747 |
| വികസന ഫണ്ട് (എസ്.സി.പി) | 2,03,12,121 | 1,02,16,593 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,88,45,712 | 2,64,79,436 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1,19,23,990 | 18,03,265 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 65,65,893 | 6,20,244 |
| തനത് ഫണ്ട് | 1,100 | - |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5,37,51,705 | 3,97,19,265 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,90,16,303 | 1,20,81,118 |
| മറ്റുള്ളവ | 44,58,120 | 7,36,500 |
| ആകെ | 21,60,49,354 | 12,41,95,168 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ പ്രോജക്ട് | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 4 | 4 | 24,00,000 | 24,00,000 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 2,00,000 | 2,00,000 |
| കൃഷി ഓഫീസർ | 7 | 6 | 27,10,770 | 18,66,080 |
| സെക്രട്ടറി | 35 | 27 | 3,42,20,593 | 2,66,05,183 |
| സീനിയർ വെറ്ററിനറി സർജൻ | 5 | 3 | 30,87,200 | 22,69,821 |
| ക്ഷീരവികസനം | 4 | 2 | 7,55,000 | 3,00,000 |
| പ്രോജക്റ്റ് ഓഫീസർ, ദാരിദ്രനിർമ്മാർജ്ജന സെൽ | 13 | 11 | 1,31,43,450 | 1,12,57,194 |
| ഹെൽത്ത് ഓഫീസർ | 23 | 13 | 3,97,47,325 | 40,24,372 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 6 | 6 | 38,82,540 | 34,68,581 |
| പ്രിൻസിപ്പൽ,ഗവ.ഹയർസെക്കണ്ടറി സ്കൂൾ | 1 | 1 | 2,00,000 | 2,00,000 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 77,10,000 | 70,87,389 |
| അസി.എഞ്ചിനീയർ | 165 | 108 | 10,79,92,476 | 6,45,16,548 |
| ആകെ | 270 | 186 | 21,60,49,354 | 12,41,95,168 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 31,07,777 | 50,63,725 | 81,71,502 | 81,18,058 | 53,444 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69,360 | 34 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 34,68,100 | 2273 |
| വിധവാ പെൻഷൻ | 2,46,51,100 | 15674 |
| വാർദ്ധക്യകാല പെൻഷൻ | 5,10,10,700 | 32947 |
| വികലാംഗ പെൻഷൻ | 63,44,700 | 4019 |
| അവിവാഹിതർക്കുള്ള പെൻഷൻ | 9,47,000 | 605 |

## 1-8 ആഭ്യന്തര നിയന്ത്രണം

പൊതു നിയന്ത്രണങ്ങൾ

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പൊതുവെ തൃപ്തികരമല്ല. അക്കൗണ്ട്സ് തയ്യാറാക്കൽ, രജിസ്റ്ററുകളുടേയും ഫയലുകളുടേയും വൗച്ചറുകളുടേയും പരിപാലനം, ബജറ്റ് തയ്യാറാക്കൽ, നഗരസഭയ്ക്ക് ലഭിക്കാനുള്ള വരവിനങ്ങളുടെ പിരിവ്, കാര്യക്ഷമമായ പദ്ധതി നിർവ്വഹണം മുതലായ മേഖലകളിൽ മേൽനോട്ടക്കുറവിന്റേയും മോണിറ്ററിംഗിന്റേയും അഭാവം പ്രകടമാണ്. നഗരസഭയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതായ സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്ന് കമ്മറ്റികളുടെ മിനിറ്റ്സിൽ നിന്നും മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ കൗൺസിലിന്റെ സത്വരമായ ഇടപെടൽ അനിവാര്യമാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നഗരസഭയിൽ അവശ്യം സൂക്ഷിക്കേണ്ടതായ ചുവടെ പറയുന്ന രജിസ്റ്ററുകൾ കൃത്യമായി എഴുതുകയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1. ലേല രജിസ്റ്റർ

2. വാടക/കുടിശ്ശിക രജിസ്റ്റർ

3. ലൈസൻസ് രജിസ്റ്റർ

4. വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമാന്റ് രജിസ്റ്റർ

5. പെർമിറ്റ് രജിസ്റ്റർ (പൂർണ്ണമല്ല)

6. കെട്ടിടം ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്റർ

7. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

8. സ്റ്റോക്ക്&സ്റ്റോർസ് രജിസ്റ്ററുകൾ

വൗച്ചറുകൾ

ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ കൃത്യമായും ക്രമമായും സൂക്ഷിക്കുന്നില്ല. കാഷ്ബുക്കിലെ ക്രമത്തിൽ വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കാത്തത് അക്കൗണ്ടന്റിന്റേയും സെക്ഷൻ സൂപ്രണ്ടിന്റേയും ഭാഗത്തു നിന്നുള്ള അലംഭാവം വ്യക്തമാക്കുന്നു.

അക്കൗണ്ടിംഗ്

സ.ഉ.(പി) നം. 100/07/തസ്വഭവ തീയതി 30.03.2007 പ്രകാരം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികൾക്കും 01.04.2007 പ്രാബല്യത്തിൽ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളും, സ.ഉ.(എം. എസ്.) നം. 130/07 /തസ്വഭവ തീയതി 17.05.2007 പ്രകാരം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളും പിൻതുടരേണ്ട കേരള മുനിസിപ്പൽ അക്കൗണ്ട് മാന്വലും ബാധകമാക്കിയിട്ടുണ്ട്. നഗരസഭയിൽ സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് കൃത്യവും കാര്യക്ഷമവും അല്ല. ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ (ഓൺലൈൻ പേയ്മെന്റ് ഒഴികെ) അതാത് ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ അതാത് ദിവസം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ നഗരസഭയ്ക്ക് ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതി/നികുതിയേതര വരുമാനങ്ങൾ അതാത് വർഷം തന്നെ ഡിമാന്റ് നിർണ്ണയിച്ച് അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഇക്കാരണങ്ങളാൽ നഗരസഭയുടെ ഓരോ ദിവസത്തേയും സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് സാധിക്കുന്നില്ല.

ലെഡ്ജർ അക്കൗണ്ടുകൾ കൃത്യമായ ഇടവേളകളിൽ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ മാസാന്ത്യത്തിൽ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. പ്രതിമാസ അക്കൗണ്ട്സ് തയ്യാറാക്കുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ, കാഷ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങളും മാന്വലും അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും നഗരസഭ സ്വീകരിക്കുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ടി വിഷയങ്ങളിൽ സത്വര പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി.സി.ബി

വരവിനങ്ങളുടെ ഡി.സി.ബി. കൃത്യമായി തയ്യാറാക്കുന്നില്ല. വസ്തുനികുതിയുടെ ദിവസേനയുള്ള മാറ്റങ്ങൾക്കനുസരിച്ച് സഞ്ചയ സോഫ്റ്റ്വെയറിൽ ഡിമാന്റ് കൃത്യമായി നൽകാത്തതിനാൽ ടി ഇനത്തിന്റെ കണക്കിലും കൃത്യതയില്ല. സഞ്ചയ സോഫ്റ്റ്വെയറിലുള്ള വിവരങ്ങൾ വളരെയേറെ അപാകതകൾ നിറഞ്ഞതാണ്. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂമിശാസ്ത്രപരം, സാമൂഹിക സവിശേഷത എന്നിവ പരിഗണിച്ച് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ കണ്ടെത്തേണ്ടതും ആയത് ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിക്കുന്നതിനോ വിവരങ്ങൾ കൃത്യമാക്കുന്നതിനോ ശ്രമം ഉണ്ടാകുന്നില്ല എന്നത് സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അലംഭാവം വ്യക്തമാക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22 (ഡി) 1 മുതൽ 10വരെയുള്ള ഖണ്ഡികകളിൽ ഒരു മുനിസിപ്പൽ കൗൺസിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവചിച്ചിട്ടുണ്ട്. നഗരസഭയുടെ വരവു ചെലവുകൾ നിരീക്ഷിക്കേണ്ടതായ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് വിശദമായ ചർച്ചകളോ തീരുമാനങ്ങളോ നടപടികളോ ഉണ്ടാകുന്നില്ല എന്ന് സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സിൽ നിന്നും വ്യക്തമാണ്.

വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ചെലവുകൾ ബഡ്ജറ്റിന് അനുസൃതമായാണോ ചെയ്തിട്ടുള്ളതെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല. ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മറ്റി മേൽനോട്ടം വഹിക്കേണ്ടതും നഗരസഭയ്ക്ക് ലഭിക്കേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകയുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതുമാണ്. നഗരസഭയുടെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതാണ്. വരവുകൾ യഥാസമയം പിരിച്ചെടുക്കുന്നുണ്ടോയെന്നും, മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നല്കിയിട്ടുള്ള ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും, അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. അക്കൗണ്ടുകൾ മാസം തോറും ആഡിറ്റ് ചെയ്യേണ്ടതും മാസംതോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും നീക്കിയിരുപ്പ് തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവ്

ചെലവ് കണക്കുകളുടെ സംക്ഷിപ്തവും പരിശോധിക്കേണ്ടതുമാണ്. നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തനതുഫണ്ട്

വരുമാനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല. കുടിശ്ശിക തുകകൾ ഈടാക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണ്. വാടക, ലേലം മുതലായ ഇനങ്ങളിൽ തുടർനടപടികൾ യഥാസമയം സ്വീകരിക്കുന്നില്ല. എഗ്രിമെന്റ് വെയ്ക്കുന്നതിനും രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും നടപടിയില്ല. കുടിശ്ശികയായ തുകകൾ കൃത്യമായി കണക്കാക്കാത്തതിനാലും തുടർനടപടികൾ യഥാസമയം സ്വീകരിക്കാത്തതിനാലും വാർഷിക കണക്കുകളിലെ ബന്ധപ്പെട്ട തുകകളുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിയുന്നില്ല.

ജീവനക്കാർ ഒഴികെയുള്ളവരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം-3 പ്രകാരമുള്ള നിഷ്കർഷകൾ പാലിക്കുന്നില്ല. ആയതിനാൽ നഗരസഭയുടെ വരുമാനത്തിൽ വലിയ നഷ്ടമുണ്ടാകുന്നു.

ചട്ടം 6(5) പ്രകാരം നഗരസഭയിൽ നിന്നും ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ വിവിധ വാർഡുകളിലെ ലൈസൻസ് സംബന്ധിച്ച് തയ്യാറാക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഇതിനാൽ വരവുകളുടെ കൃത്യത ബോദ്ധ്യപ്പെടാനാകുന്നില്ല. കൂടാതെ ഓരോ വർഷവും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റും നഗരസഭയിലില്ല.

ബജറ്റ്

നഗരസഭയുടെ ബജറ്റുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

എ) ബജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല

ബജറ്റ് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായ ചുമതലകൾ പൂർണ്ണമായും നിറവേറ്റിയിട്ടില്ല. എല്ലാ മാസവും നടത്തേണ്ടതായ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. ഒരു വർഷത്തിനിടയ്ക്ക് വരവിലോ ചെലവിലോ ഏതെങ്കിലും വ്യതിയാനമുണ്ടാകുന്ന പക്ഷം അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബജറ്റ് തയ്യാറാക്കി അനുവാദത്തിനു വേണ്ടി കൗൺസിൽ മുൻപാകെ വയ്ക്കേണ്ടതാകുന്നു. എന്നാൽ ബജറ്റ് റിവിഷൻ സമയബന്ധിതമായി പൂർത്തിയാക്കാറില്ല. എല്ലാ വർഷവും തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുമ്പോൾ മാത്രമാണ് ബജറ്റ് പുതുക്കാറുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അവർക്ക് ആവശ്യമായ തുക സംബന്ധിച്ച് ബജറ്റ് പാസ്സാക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥരും അവർക്ക് ആവശ്യമായ തുക എത്രയെന്ന് തിട്ടപ്പെടുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറുന്നില്ല.

ബി) എല്ലാ ഫണ്ടിനങ്ങളുടേയും വിശദമായ ബജറ്റ് തയ്യാറാക്കുന്നില്ല

എല്ലാവിധ ഫണ്ടുകളെപ്പറ്റിയും പ്രത്യേകം ബജറ്റ് തയ്യാറാക്കേണ്ടതും മുനിസിപ്പാലിറ്റിയെ സംബന്ധിച്ച് മുഴുവനായും ഒരു ബജറ്റ് തയ്യാറാക്കേണ്ടതുണ്ട് എന്ന് 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) റൂൾസ് 63 മുതൽ 66 വരെയുള്ള ചട്ടങ്ങളിൽ നിർവചിച്ചിട്ടുണ്ട്. കൂടാതെ കൺസോളിഡേറ്റഡ് ബജറ്റിന് പുറമേ റവന്യൂ വരുമാനം, റവന്യൂ ചെലവ്, മൂലധന ചെലവ്, മൂലധന വരവ്, ലോണുകളും അഡ്വാൻസുകളും, ലോൺ തിരിച്ചടവ്, നിക്ഷേപങ്ങളും തിരിച്ചടവും, ഇൻവെസ്റ്റ്മെന്റ്സ് എന്നീ വസ്തുതകളെപ്പറ്റിയും സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല.

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) റൂൾസ്, 63 മുതൽ 66 വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിക്കും പ്രകാരം വിവിധ ഫണ്ടുകളുടെ വിശദമായ ബജറ്റ് രൂപീകരിക്കേണ്ടതാണ്. കൂടാതെ, എല്ലാ നിശ്ചിത ചാർജ്ജുകൾക്കും കടങ്ങൾ കൊടുത്തു തീർക്കുന്നതിനുമുള്ള ആവശ്യമായ വ്യവസ്ഥകൾ ബജറ്റിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

സി) വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ , സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരുമായി വിശദമായ ചർച്ച നടത്തുകയോ, ബജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല

ബജറ്റ് ഒരു സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ആധികാരിക രേഖയാണ്. ബജറ്ററി സമ്പ്രദായം വരുമാനത്തെ പരിപോഷിപ്പിക്കുന്നതും ചെലവിനെ നിയന്ത്രിച്ച് സാമ്പത്തിക അച്ചടക്കം വരുത്തുന്നതും ആകണം. ക്രിയാത്മകവും വസ്തുനിഷ്ഠവുമായ സമീപനം ഉണ്ടായെങ്കിൽ മാത്രമേ ബജറ്റ് വഴി ഉദ്ദേശിക്കുന്ന ലക്ഷ്യം നിറവേറ്റാൻ സാധിക്കുകയുള്ളൂ. ബജറ്റ് ഒരു ചടങ്ങ് എന്നതിലുപരി സ്ഥാപനത്തിന്റെ നിലനിൽപിനും മുമ്പോട്ടുള്ള പ്രയാണത്തിനും ഉതകുന്ന തരത്തിലായിരിക്കണം എന്നകാര്യം വിസ്മരിക്കാതെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരുമായി ചർച്ച നടത്തുന്നതിനും, ഓരോ വിഭാഗത്തിനും ആവശ്യമായ തുകകൾ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വാർഡ് സഭയിൽ ഉരുത്തിരിഞ്ഞു വരുന്ന ചർച്ചകൾക്കും പദ്ധതികൾക്കും പ്രാമുഖ്യം നൽകേണ്ടതും പ്രധാന സ്റ്റേക്ക് ഹോൾഡർ എന്ന നിലയിൽ അവരുടെ ആവശ്യങ്ങൾക്ക് ബജറ്റിൽ പ്രാധാന്യം നൽകേണ്ടതും നടപ്പാക്കേണ്ടതുമാണ്.

ഡി) അക്കൗണ്ടിംഗ് സമ്പ്രദായത്തിലുണ്ടാകുന്ന വീഴ്ച മൂലം ബജറ്ററി സമ്പ്രദായം താളം തെറ്റുന്നു

റവന്യൂ, നോൺ-റവന്യൂ എന്നിവയുടെ ഡിമാന്റ് കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതു മൂലം, ആയത് ബജറ്റ് രേഖകളിലും പ്രതിഫലിക്കുന്നു. ശരിയായ അക്കൗണ്ടിംഗിലൂടെ ആയത് പരിഹരിക്കപ്പെടേണ്ടതുണ്ട്. ബജറ്റ് സോഫ്റ്റ്‌വെയറായ 'സുഭദ്ര' പ്രവർത്തനക്ഷമമാക്കേണ്ടതും സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്യേണ്ടതുമാണ്.

എഫ്) വാർഷിക പദ്ധതി അംഗീകാരത്തിനനുസൃതമായി ബജറ്റ് പുനക്രമീകരിക്കപ്പെടുന്നില്ല

പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എല്ലാവിധ പദ്ധതി വരവുകളും ചെലവുകളും ഉൾപ്പെടുത്തി ബജറ്റ് പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ജി) ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകൾക്ക് യഥാർത്ഥ വരവു ചെലവുകളുമായി ബന്ധമില്ല

ബജറ്റ് വസ്തുനിഷ്ഠമായി അവതരിപ്പിക്കേണ്ടതിന് പകരം കണക്കുകൾ ഊതി പെരുപ്പിച്ച് കാണിക്കുന്നു. ഇതിന് യാഥാർത്ഥ്യവുമായി പലപ്പോഴും ബന്ധം ഇല്ലാതാകുന്നു. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടു കൂടി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ

ആസ്തികളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ (കാലികമാക്കൽ) നടത്തുന്നില്ല. ആസ്തി രജിസ്റ്ററുകളിലും സ്റ്റോക്ക് രജിസ്റ്ററിലും മൂല്യനിർണ്ണയം രേഖപ്പെടുത്തിയും കാലികമാക്കിയും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. വാർഷികമായി സ്റ്റോക്ക് രജിസ്റ്ററിലെ ഇനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നില്ല. കേടായതും കാലഹരണപ്പെട്ടതുമായ സാധന സാമഗ്രികൾ കണ്ടെത്തി നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നതിലും റിപ്പോർട്ടുകൾക്ക് മറുപടി നൽകുന്നതിലും ഗുരുതരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. റിപ്പോർട്ടുകൾ കൗൺസിലിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നില്ല എന്നത് ഗൗരവമേറിയ പോരായ്മയാണ്. പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

വാർഡ് സഭ

വാർഡ് സഭകൾ ശരിയായ വിധത്തിൽ കൂടിവരുന്നില്ല എന്ന് മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. തൻവർഷം കൃത്യമായ ഇടവേളകളിൽ വാർഡ് സഭ കൂടിയിട്ടില്ല എന്നു മാത്രമല്ല, പലപ്പോഴും ക്വോറം തികയാതെ വാർഡ് സഭ കൂടിയതായും കാണുന്നു. (ഉദാ- വാർഡ് 3, തീയതി 07.02.21, വാർഡ് 12, തീയതി 28.02.22) പല മിനിറ്റ്സുകളും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷം ഗുണഭോക്താക്കളെ വാർഡ് സഭയിൽ തെരഞ്ഞെടുത്തിട്ടില്ല. വാർഡ് സഭ അംഗീകരിക്കാതെ എങ്ങനെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്നത് ഗുരുതരമായ അപാകതയാണ്. ഫലപ്രദമായ ചർച്ചകളോ തീരുമാനങ്ങളോ വാർഡ് സഭയിൽ കൈക്കൊണ്ടിട്ടില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തിയിരുന്നു. 2021-22-ലെ വാർഷിക ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ്

അവസാനിക്കുന്നതിനുമുമ്പ് 24.3.2023 ന് നഗരസഭയിലെ ക്യാഷ് പിരിവുള്ള രണ്ട് കൗണ്ടറുകളിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ക്യാഷ് ബാലൻസ് ഭൗതികപരിശോധന നടത്തി. പരിശോധനയിൽ ₹27,433 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 114-11-2011 മുതൽ 16-11-2011 വരെ | 2010-11 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7/8/2019 മുതൽ 30/8/2019 വരെ | 2017-18 & 2018-19 | LBA(HQ)/II/I/8A-50/2019-2020/390, Dtd, 26.09.2019. |

## 1-11 പണം ഒടുക്കൽ, പണം പിൻവലിക്കലുകൾ എന്നിവയുടെ പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

കൺകറന്റ് ഓഡിറ്റ് സംവിധാനത്തിൽ പാലിക്കേണ്ട പരിശോധനകൾ സമയബന്ധിതമായും ഫലപ്രദമായും നിർവ്വഹിക്കുന്നതിന് ആവശ്യമായ രേഖകൾ നിർദ്ദിഷ്ടസമയക്രമങ്ങളിൽ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 14.06.2022-ൽ കെ.എസ്.എ. സി.വൈ.എം.1/252/2022 നമ്പർ കത്ത് നഗരസഭയ്ക്ക് നല്കുകയുണ്ടായി. സമയബന്ധിതമായി ബാങ്ക് സ്റ്റേറ്റ്മെന്റും, ക്യാഷ് ബുക്ക്, ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച പ്രതിമാസ അക്കൗണ്ട്സ് എന്നിവ ഹാജരാക്കാത്തതിനെത്തുടർന്ന് 24.11.2022-ൽ ഓർമ്മക്കുറിപ്പും നല്കുകയുണ്ടായി. തുടർന്ന് കൺകറന്റ് ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് സമയബന്ധിതമായി രേഖകൾ സമർപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 21.01.2023-ൽ കെ.എസ്.എ./സി.വൈ.എം.1/34/2023 നമ്പർ കത്തും നല്കുകയുണ്ടായി.

ഇപ്രകാരം നിരന്തരം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് രേഖകൾ കൈമാറുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടാകുന്നു.

തൻവർഷം പരിശോധനയ്ക്ക് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ധനകാര്യസ്ഥാപനത്തിന്റെ പേര് | അക്കൗണ്ടിന്റെ ഇനം | അക്കൗണ്ട് നം. | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനാ വിധേയമാക്കിയ തീയതി |
|---|---|---|---|---|
| 1 | Sub Treasury Changanassery | General Purpose-LGTSB | 799013000000584 | 30/11/2022 |
| 2 | Sub Treasury Changanassery | CMDRF-SDTSB | 799012900001335 | ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 3 | Sub Treasury Changanassery | Provident Fund -TPA175 | 708040200000175 | ലഭ്യമാക്കിയിട്ടില്ല |
| 4 | Sub Treasury Changanassery | Pension Fund -TPA169 | TPA169 | ലഭ്യമാക്കിയിട്ടില്ല |
| 5 | SBI Main Branch | OWN FUND | 57026765196 | 16/01/2023 |
| 6 | SBI SB Cpllege | Online Remittance | 67295071291 | 30/09/2022 |
| 7 | SBI Main Branch | Property Tax Online Remittance | 37860767055 | 20/01/2023 |
| 8 | SBI SB College | Contributory Pension | 37300924297 | ലഭ്യമാക്കിയിട്ടില്ല |
| 9 | SBI Main Branch | IBPMS Building Permit | 40166430753 | ലഭ്യമാക്കിയിട്ടില്ല |
| 10 | SBI Main Branch | Tender Account | 67274189042 | 21/12/2022 |
| 11 | Canara Bank | IHSDP | 705101067101 | ലഭ്യമാക്കിയിട്ടില്ല |
| 12 | Indian Bank | UIDSSMT | 725305931 | ലഭ്യമാക്കിയിട്ടില്ല |
| 13 | Indian Bank | MPLAD | 6843605540 | ലഭ്യമാക്കിയിട്ടില്ല |
| 14 | Indian Overseas Bank | IHSDP | 64801000009851 | ലഭ്യമാക്കിയിട്ടില്ല |
| 15 | Indian Overseas Bank | Crematorium | 64801000060949 | ലഭ്യമാക്കിയിട്ടില്ല |
| 16 | Union Bank | UIDSSMT Water Supply | 526202010002963 | ലഭ്യമാക്കിയിട്ടില്ല |
| 17 | UCO Bank | Ayyankali | 25470110012208 | 15/12/2022 |
| 18 | UCO Bank | ICDS | 25470110010693 | 15/12/2022 |
| 19 | Vazhappally Service Co-operative Bank | EMS General | 10210 | ലഭ്യമാക്കിയിട്ടില്ല |
| 20 | Vazhappally Service Co-operative Bank | EMS-SC | 10209 | ലഭ്യമാക്കിയിട്ടില്ല |
| 21 | Canara Bank | NULM | 43512200102612 | ലഭ്യമാക്കിയിട്ടില്ല |
| 22 | Kerala Gramin Bank | PMAY | 40568101018431 | 15/12/2022 |
| 23 | ICICI Bank | SBM,IHHL | 627105001198 | ലഭ്യമാക്കിയിട്ടില്ല |
| 24 | ICICI Bank | SBM,IHHL,PFMS New Account | 627105001656 | ലഭ്യമാക്കിയിട്ടില്ല |
| 25 | ICICI Bank | PFMS | 627101006272 | ലഭ്യമാക്കിയിട്ടില്ല |
| 26 | ICICI Bank | 15TH FC,PFMS | 626701035303 | ലഭ്യമാക്കിയിട്ടില്ല |
| 27 | South Indian Bank | Prof.tax | 13053000061894 | 30/11/2022 |
| 28 | Indian Bank | Health Grant-Support For Diagnostiinfrasture To Primary Health Care Facilities | 7217187551 | ലഭ്യമാക്കിയിട്ടില്ല |
| 29 | Indian Bank | Health Grant-Urban Health And Wellness Centres | 7217180930 | 19/12/2022 |
| 30 | Indian Bank | PFMS AMRUT 2.0 | 7120131209 | 29/08/22-19 /12/22 |
| 31 | Dist. Co-operative Bank | | 50171200401103 | ലഭ്യമാക്കിയിട്ടില്ല |

ആയതിനാൽ മുകളിൽ ചേർത്തിട്ടുള്ള തീയതിയ്ക്ക് ശേഷമുള്ള പണം അടവ്, പണം പിൻവലിക്കലുകൾ എന്നിവയുടെ പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ല. രേഖകൾ സമയബന്ധിതമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-11-1 ജനറൽ സ്റ്റോക്ക്, സ്റ്റോർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച്**

24.03.2023-ൽ നഗരസഭയുടെ ജനറൽ സ്റ്റോക്ക്, സ്റ്റോർ എന്നിവ പരിശോധിച്ചതിൽ നിന്നും, സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്ന സ്റ്റേഷനറി, ഫോമുകൾ, രജിസ്റ്ററുകൾ എന്നിവയുടെ വിതരണം രേഖപ്പെടുത്തുകയോ സെക്ഷൻ സൂപ്രണ്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല എന്ന് വ്യക്തമായി. പല ഇനങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കും സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്കുമായി വ്യത്യാസം കാണുന്നു. സ്റ്റോറിൽ നിന്ന് വിതരണം നടത്തുന്ന സാധനങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ കുറവുചെയ്യുന്നില്ല. ഉദാഹരണമായി 02.02.2020-ൽ ലോഗ് ബുക്ക് 10 എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ സ്റ്റോറിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ 3 എണ്ണമാണ് ബാലൻസ് ഉള്ളത്. ബാക്കിയുള്ളവ ആർക്ക് വിതരണം ചെയ്തുവെന്ന്

രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നഗരസഭയിൽ രണ്ട് റൂമുകളാണ് സ്റ്റോർ സംവിധാനമായി ഉപയോഗിക്കുന്നത്. ഈ രണ്ട് റൂമുകളും മാറാലയും പൊടിയും പിടിച്ച് ഉപയോഗശൂന്യമായ ഫർണിച്ചറുകൾ, ഗാർഹിക പാചകവാതക സിലിണ്ടർ, ചപ്പുചവറുകൾ എന്നിവ നിറഞ്ഞ് പരിശോധനയ്ക്ക് കയറാൻ കഴിയാത്ത വിധം മലിനമായി കിടക്കുന്നു. ഫോമുകൾ, രജിസ്റ്ററുകൾ എന്നിവ അടുക്കും ചിട്ടയുമില്ലാതെ വൃത്തിഹീനമായി സൂക്ഷിക്കുന്നു.

സ്റ്റോക്ക്/സ്റ്റോർ പരിശോധന നിർവ്വഹിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണെന്നും സ്റ്റോക്ക് പട്ടിക, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കാലികമായി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് 14.06.2022-ലെ കെ.എസ്.എ.സി.വൈ.എം.1-252/2022 പ്രകാരവും തുടർന്ന് 24.11.2022-ൽ ഇതിന്റെ ഓർമ്മക്കുറിപ്പും നഗരസഭയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും സ്റ്റോക്ക്/സ്റ്റോർ പരിപാലനത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുവെന്നത് 24.03.2023-ൽ നടത്തിയ പരിശോധനയിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1-ലെ ആർട്ടിക്കിൾ 149(1) പ്രകാരം ഓഫീസ് തലവനോ, ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോറുകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. ആർട്ടിക്കിൾ 150 പ്രകാരം ഓഫീസ് ഫർണിച്ചറുകൾക്കും സ്റ്റോറുകൾക്കും കൂടാതെ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്തുതന്നെ വിതരണം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെന്ന് ആർട്ടിക്കിൾ 152 നിഷ്കർഷിക്കുന്നു. ആർട്ടിക്കിൾ 153 പ്രകാരം ന്യായമായ കാലയളവിലേയ്ക്ക് ആവശ്യമായതിൽ അധികം സാധനങ്ങൾ വാങ്ങി സൂക്ഷിക്കാൻ പാടില്ല എന്നും നശിച്ച് പോകാൻ സാധ്യതയുള്ള വസ്തുക്കളുടെ സ്റ്റോക്ക് ആറുമാസം കൂടുമ്പോഴും മറ്റുള്ളവ വർഷത്തിൽ ഒരിക്കലും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കണം എന്നും പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നു.

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 73 ഉപചട്ടം (2) പ്രകാരം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിയും അക്കൗണ്ട്സ് ഓഫീസറും ഉത്തരവാദിയാണ് എന്നും വർഷത്തിലൊരിക്കൽ മുനിസിപ്പാലിറ്റി നിയോഗിച്ച ഉദ്യോഗസ്ഥർ സ്റ്റോക്കുകളുടെ ഭൗതികപരിശോധന നടത്തി, തീയതി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

മേൽ ചട്ടങ്ങളും ആർട്ടിക്കിളുകളും പ്രകാരം സ്റ്റോക്കും സ്റ്റോറും ക്രമപ്പെടുത്തി സൂക്ഷിക്കേണ്ടതും രേഖകളും സ്റ്റോക്കും കൃത്യമാക്കിയതിനു ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി- വൻതുക കുടിശ്ശിക അവശേഷിക്കുന്നു

ചങ്ങനാശ്ശേരി നഗരസഭയുടെ 2021-22 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 4,19,39,474/-രൂപ കുടിശ്ശികയുള്ളതായി കാണുന്നു. തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. വസ്തുനികുതി കുടിശ്ശികയായതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

### 1. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

സഞ്ചയയിൽ വസ്തു നികുതി വിവരങ്ങൾ പരിശോധിച്ചതിൽ ചങ്ങനാശ്ശേരി നഗരസഭാ പരിധിയിലുള്ള 23 മൊബൈൽ ടവറുകളിൽ 19 എണ്ണത്തിന്റെയും വസ്തു നികുതി ചുവടെ ചേർക്കും പ്രകാരം നാളിതുവരെ കുടിശ്ശികയാണെന്നു കാണുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിടം നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | നികുതി കുടിശ്ശികയായ വർഷം | സഞ്ചയ പ്രകാരം കുടിശ്ശിക |
|---|---|---|---|---|
| 1 | 3/526/1 | ഇൻഡസ് ടവർ ലിമിറ്റഡ് | 2016-17 | 95,359 |
| 2 | 4/430/1 | ഇൻഡസ് ടവർ ലിമിറ്റഡ് | 2017-18 | 93,694 |

| | | | | |
|---|---|---|---|---|
| 3 | 5/405 | ബി.എസ്.എൻ.എൽ, ജനറൽ മാനേജർ | 2013-14 | 81,300 |
| 4 | 9/147/1 | റിലയൻസ് ജിയോ | 2013-14 | 12420 |
| 5 | 9/235/2 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2017-18 | 43,466 |
| 6 | 12/689/1 | ഡിഷ് നെറ്റ് വയർലെസ് ലിമിറ്റഡ് | 2013-14 | 1,33,605 |
| 7 | 13/605/1 | ബി.എസ്.എൻ.എൽ, ഡിവിഷണൽ മാനേജർ | 2013-14 | 1,36,080 |
| 8 | 16/332 | ജോർജ്ജ് തോമസ് | 2015-16 | 84,236 |
| 9 | 17/66 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2014-15 | 2,09,089 |
| 10 | 21/87/1 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2013-14 | 1,51,466 |
| 11 | 21/418/1 | റിലയൻസ് ഇൻഫോടെൽ ലിമിറ്റഡ് | 2013-14 | 74,844 |
| 12 | 23/123/A | ഇൻഡസ് ടവർ ലിമിറ്റഡ് | 2013-14 | 2,23,728 |
| 13 | 26/346/2C | റിലയൻസ് | 2013-14 | 1,09,301 |
| 14 | 28/475/A | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2013-14 | 1,19,525 |
| 15 | 29/196/3 | അസന്റ് -ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 2019-20 | 20,700 |
| 16 | 33/356 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2013-14 | 1,53,405 |
| 17 | 34/398/1 | ടവർ വിഷൻ ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | 2013-14 | 148532 |

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം-13) മറുപടിയിൽ, സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം കണക്കാക്കുന്നതിന് ടവറുകളുടെയും അനുബന്ധമുറികളുടെയും തറവിസ്തീർണ്ണം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഉദാഹരണത്തിന് 9/147/1, 29/196/3 എന്നീ കെട്ടിനമ്പരുകളുള്ള ടവറുകളുടെ തറവിസ്തീർണ്ണം യഥാക്രമം 2ച.മീ, 7.5ച.മീ എന്നാണ് സഞ്ചയയിൽ ചേർത്തിരിക്കുന്നത്. തറവിസ്തീർണ്ണത്തിന്റെ കൃത്യത ഉറപ്പുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം.13) യുടെ മറുപടിയിൽ ഈ വിഷയത്തിനുള്ള മറുപടി ഉൾപ്പെടുത്തിയിട്ടില്ല. വിശദമായ പരിശോധന നടത്തി എല്ലാ മൊബൈൽ ടവറുകളുടെയും

തറവിസ്തീർണ്ണത്തിൽ ടവറിന്റെ വിസ്തീർണ്ണം, ജനറേറ്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തറവിസ്തീർണ്ണം, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ തറവിസ്തീർണ്ണം എന്നിവ ഉൾപ്പെട്ടിട്ടുണ്ടെന്നും നഗരസഭാ പരിധിയിൽ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. റവന്യൂ ടവർ -വസ്തുനികുതി കുടിശ്ശിക

വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ സഞ്ചയ മുഖേന പരിശോധിച്ചതിൽ, പ്രോജക്ട് മാനേജർ, റവന്യൂ ടവർ ഡിവിഷൻ, ചങ്ങനാശ്ശേരിയുടെ ഉടമസ്ഥതയിലുള്ളതും 30/1075 മുതൽ 30/1300 വരെ നമ്പർ ഉള്ള കെട്ടിടങ്ങളുടെ വസ്തുനികുതി 2013 മുതൽ കുടിശ്ശികയുള്ളതായി കാണുന്നു. വിവിധ ഉപയോഗക്രമങ്ങളിലുള്ള ഈ കെട്ടിടങ്ങളുടെ കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം-58) മറുപടിയിൽ, വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള (2016-17മുതൽ 2021-22വരെ) തുക ഒടുക്കു വരുത്തിയില്ലെന്നും തുക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചെക്ക് മുഖേന ലഭിക്കുന്ന വസ്തുനികുതി സഞ്ചയയിൽ രേഖപ്പെടുത്തുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

നഗരസഭാ പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും തുകകൾ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-12-1 യു.എ നമ്പർ നൽകി വസ്തു നികുതി നിർണയിച്ച കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി, (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ്-242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതിനെപ്പറ്റിയും, വകുപ്പ് 242, ഉപവകുപ്പ് 4 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് പരിപാലിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിന്നും 2021-22 വർഷത്തെ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

യു.എ നമ്പറുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

(എ) ചങ്ങനാശ്ശേരി നഗരസഭയിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി, യു.എ നമ്പർ നൽകി നിർണയിച്ചതായി സഞ്ചയയിലെ അനധികൃത കെട്ടിടരജിസ്റ്റർ പ്രകാരം വ്യക്തമാകുന്നു. സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ് നം. | ഉപയോഗക്രമം | കെട്ടിട നം. | നിർമ്മാണം പൂർത്തിയാക്കിയ തീയതി | കെട്ടിടത്തിന് ചുമത്തിയ വസ്തുനികുതി |
|---|---|---|---|---|---|
| 1. | 2 | വാണിജ്യാവശ്യം | UA 21/UA (2019) | 01.10.2019 | 1,29,597 |
| 2. | 5 | പാർപ്പിടാവശ്യം | UA 145/3C (UA) (2019) | 01.10.2019 | 6,834 |
| 3. | 5 | വാണിജ്യാവശ്യം | UA | 01.10.2019 | 41,931 |

| | | | | | |
|---|---|---|---|---|---|
| | | | 145/3B (UA) (2019) | | |
| 4 | 8 | വാണിജ്യാവശ്യം | UA 27/UA (2017) | 01.04.2017 | 1,83,945 |
| 5 | 18 | പാർപ്പിടാവശ്യം | UA 323/4 (2019) | 04.12.2019 | 3,030 |
| 6 | 30 | വാണിജ്യാവശ്യം | UA 1028/UA (2019) | 10.05.2019 | 1,45,860 |
| 7 | 33 | വാണിജ്യാവശ്യം | UA 1/UA (2021) | 09.02.2022 | 43,617 |

വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.15 )മറുപടിയിൽ, മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയ തീയതി മുതൽ നാളിതു വരെ വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ, 2021-22 വർഷം യു.എ നമ്പർ നൽകി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിന്റെ വിശദാംശങ്ങൾ, രജിസ്റ്റർ എന്നിവയും നഗരസഭ പരിധിയിൽ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മാണം നടത്തിയിട്ടില്ലെന്ന്/പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

(ബി) സൗപർണിക കാനറി അപ്പാർട്ട്മെന്റ് - യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതിന്റെയും ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

നഗരസഭയിലെ 15-ം വാർഡിൽ മീനാക്ഷി രാംജി എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള സൗപർണിക കാനറി അപ്പാർട്ട്മെന്റ് എന്ന കെട്ടിടത്തിന്റെ കെട്ടിട ഉടമസ്ഥൻ നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, നഗരസഭയിൽ നിന്നും നൽകിയ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് (നം.02.02.2021 ലെ ബി.എ /247/19-20 ) എന്നിവ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി 15/01/2017 ആണ്. നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി ആക്ട്, 242-ാം വകുപ്പ്, കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം യു.എ.നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതിന്റെയും ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.82) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-12-2 വസ്തു നികുതി- കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

1. 2021-22 വർഷത്തെ വസ്തുനികുതി സംബന്ധിച്ച് വാർഷികക്കണക്ക് പ്രകാരം നഗരസഭ ലഭ്യമാക്കിയിട്ടുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| Demand | | | |
|---|---|---|---|
| | Schedule | Particulars | Amount |
| Current | I-1 | 110010100 Property Tax (General) 3,53,67,136.00+35,36,714.00 (Service Cess ) | 3,89,03,850.00 |
| Arrear | B-15 | 431100200- Receivable For PropertyTax(Arrear) 45682885 (105% Including LC) 43507509.52+1147184.00 | 44654693.52 |

| | | | |
|---|---|---|---|
| | | (Service Cess )-44654693.52 | |
| Total | | | 83558543.52 |
| Collection | | | |
| Current | RP-37 | 431100100- Receivable For Property Tax(Current) +Service Cess-2,75,79,946.00 +27,32,466.00 | 3,03,12,412 |
| Arrear | RP-37 | 431100200- Receivable For Property Tax(Arrear) + Service Cess-96,74,552.00+ 8,65,232.00 | 1,05,39,784 |
| Total | | | 4,08,52,196 |
| Balance | | | |
| Current | B-15 | 431100100- Recievable For PropertyTax (Current) 5659002.00 (105% Including LC)<br>53,89,525.71+6,20,606/-(Service Cess ) | 60,10,131.71 |
| Arrear | B-15 | 431100200- Recievable For PropertyTax(Arrear)- 34709485 (105% Including LC)<br>3,30,56,652.38+9,50,381.00 (Service Cess ) | 340,07,033.38 |
| Total | | | 4,00,17,165.09 |

വാർഷികക്കണക്കിലെ തൻവർഷത്തെ ഡിമാന്റ് തുകയും കളക്ഷൻ തുകയും തമ്മിലുള്ള വ്യത്യാസം ₹85,91,438 ആണ് (3,89,03,850-3,03,12,412). എന്നാൽ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹60,10,131.71 ആണ്. ഇവ തമ്മിൽ ₹25,81,306.29-യുടെ വ്യത്യാസം കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-12-3 വിമുക്തഭടൻമാരുടെ വസ്തുനികുതിയിളവ്- അപാകത

(1) 2021-22 വർഷം വിമുക്തഭടൻമാർക്ക് വസ്തുനികുതിയിളവ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരം നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ ഇളവിന്റെ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടില്ല എന്ന വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | തറവിസ്തീർണ്ണം |
|---|---|---|
| 1 | 23/126/1 | 276 ച.മീറ്റർ |
| 2 | 35/64/1 | 257.23 ച.മീറ്റർ |
| 3 | 16/376 | 216.75 ച.മീറ്റർ |

| | | |
|---|---|---|
| 4 | 19/107 | 218 ച.മീറ്റർ |
| 5 | 14/5/5 | 277.6 ച.മീറ്റർ |
| 6 | 4/598/3 | 203.24 ച.മീറ്റർ |
| 7 | 9/144 | 196.81 ച.മീറ്റർ |

സഞ്ചയയിൽ ഇളവിന്റെ വിവരങ്ങൾ ഉൾപ്പെടുത്താതെ 185 ച.മീറ്ററിൽ അധികമുള്ള തറവിസ്തീർണ്ണത്തിന് നികുതി ഈടാക്കുന്നതെങ്ങനെയെന്നും സഞ്ചയയിലെ ഡിമാന്റ് കൃത്യമാകുന്നതെങ്ങനെയെന്നും വ്യക്തമല്ല.

(2) വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിൽ 30/184 എന്ന കെട്ടിട നമ്പരുള്ളതും ശ്രീ.ജോഫി മാത്യൂസ് ടോംകിൻസ് എന്ന ആളിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 332 ച.മീറ്റർ(താഴത്തെ നില-210ച.മീ., ഒന്നാം നില-122 ച.മീ.) എന്നാണ് എഴുതിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 140 ച.മീറ്ററാണ്. സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ മുഴുവൻ നികുതിയും (വാർഷിക നികുതി– ₹6,728) ഒഴിവാക്കിയതായും ഈടാക്കിയ നികുതി അഡ്വാൻസായി രേഖപ്പെടുത്തിയിരിക്കുന്നതായും കാണുന്നു.

2021-22 വർഷം വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകിയതിന്റെ വിവരങ്ങൾ സഞ്ചയയിൽ കൃത്യമാക്കി 2000 ചതുരശ്രയടിയിൽ അധികരിച്ച തറവിസ്തീർണ്ണത്തിന് നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-79) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-12-4 കെട്ടിടത്തെ കുറഞ്ഞ നിരക്കുള്ള ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

നഗരസഭയിലെ 13-ാം വാർഡിൽ മുഹമ്മദ് സാലി & നൗഷാദ് എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള 13/1283 (1) മുതൽ (13) വരെ നമ്പർ നൽകിയ കെട്ടിടത്തിന്റെ 919.08 ച.മീറ്റർ തറവിസ്തീർണ്ണത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെയുള്ള കെട്ടിടത്തിന് ബാധകമായ ₹50 അടിസ്ഥാന നികുതി നിരക്ക് ചുമത്തി 2021-22 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. ഫയൽ നം.R1/20173/21-ൽ ലഭ്യമാക്കിയ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് (തീയതി, 07.12.2021) പ്രകാരം ആകെ തറവിസ്തീർണ്ണമായ 919.08ച.മീറ്ററിൽ, പാർപ്പിടാവശ്യത്തിന് 315.24ച.മീറ്ററും വാണിജ്യാവശ്യത്തിന് 603.84ച.മീറ്ററും ഭാഗികമായി പൂർത്തീകരിച്ച തറവിസ്തീർണം 281.07 ച.മീറ്റർ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഫയലിലെ അംഗീകരിച്ച ഭാഗിക കംപ്ലീഷൻ പ്ലാൻ പ്രകാരം, പൂർത്തീകരിച്ച തറവിസ്തീർണം ഗ്രൗണ്ട് ഫ്ലോർ-281.07 ച.മീറ്റർ എന്നും നിർമ്മാണത്തിലുള്ള ഒന്നാം നില– 604.59 ച.മീറ്റർ, ടെറസ് ഫ്ലോർ-50.87 ച.മീറ്റർ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്, അംഗീകൃത കംപ്ലീഷൻ പ്ളാൻ എന്നിവയിൽ നിന്ന് വ്യത്യസ്തമായി 919.08ച.മീറ്റർ തറവിസ്തീർണത്തിന് വാണിജ്യാവശ്യത്തിനുള്ള നികുതി നിർണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഒറ്റത്തവണ കെട്ടിട നികുതി അടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയതിന്റെ വിവരങ്ങൾ ഫയലിലില്ല. ഫയലിൽ ലഭ്യമാക്കിയ വസ്തുനികുതി നിർണയ വിവരങ്ങളിലെ (ഫാറം-6) തറവിസ്തീർണ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് സഞ്ചയയിലെ നികുതി നിർണയത്തിലില്ല. കെട്ടിടത്തിന് പെർമിറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമായ നികുതി നിരക്ക് ചുമത്താത്തതിന്മേൽ ലഭ്യമാക്കിയ വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.32 ന്റെ മറുപടി) പ്രകാരം, കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ 281.07 ച.മീറ്ററിന്, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമായ നികുതി നിരക്ക് (80/-)ചുമത്തി നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12-5 വസ്തുനികുതി കളക്ഷൻ- സഞ്ചയയിൽ രസീതിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല

വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിലെ രസീതിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ ചില രസീത് തുകകൾ സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നില്ല. ഇപ്രകാരമുള്ള തുക സഞ്ചയയിലെ കളക്ഷൻ തുകയിൽ ഉൾപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം. | Not Posted എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയവ | | | |
|---|---|---|---|---|---|
| | | തുക | ബുക്ക് നം. | രസീത് നം. | തീയതി |
| 1 | 5/16 | 428 | 164 | 16363 | 13.09.2017 |
| 2 | 4/1297 | 968 | 1 | 1050 | 03.04.2018 |
| 3 | 4/1296 | 414 | 1 | 1050 | 03.04.2018 |
| 4 | 4/155/1 | 5,999 | 236 | 23584 | 18.01.2018 |
| 5 | 4/784 | 1,739 | 215 | 21422 | 29.11.2017 |
| 6 | 4/853 | 5,926 | 52 | 5111 | 06.01.2020 |
| 7 | 4/1050 | 1,054 | 131 | 13005 | 31.12.2018 |
| 8 | 4/1050 | 7,479 | 131 | 13007 | 31.12.2018 |
| 9 | 4/1050/A | 7,349 | 131 | 13008 | 31.12.2018 |
| 10 | 14/7 | 3,268 | 200 | 19917 | 01.11.2017 |
| 11 | 14/8 | 403 | 200 | 19918 | 01.11.2017 |

ചെക്ക് മുഖേന ലഭിച്ച ചുവടെ ചേർക്കുന്ന വസ്തുനികുതി കളക്ഷൻ നാളിതുവരെ സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടില്ല.

| കെട്ടിട നമ്പർ | രസീത് നം /തീയതി | തുക(₹) |
|---|---|---|
| 17/66 | 122020500157/20.12.2022 | 1,82,544 |
| 21/87/1 | 121020500247/21.03.2022 | 3,41,550 |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-26) യുടെ മറുപടിയിൽ, നികുതി പരിഷ്കരണത്തിൽ പല കെട്ടിടങ്ങളും വാർഡ് മാറിപ്പോയത് കൃത്യമാക്കിയെങ്കിലും രസീത് കൃത്യമായി പോസ്റ്റിംഗ് നടത്തിയിട്ടില്ലെന്നും പോസ്റ്റിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കളക്ഷനുമായി ബന്ധപ്പെട്ട സഞ്ചയയിലെ എല്ലാ രസീതിന്റെയും വിവരങ്ങൾ (ചെക്ക് മുഖേന ലഭിച്ച വരവുൾപ്പെടെ) പരിശോധിച്ച് കൃത്യമായി പോസ്റ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12-6 ഒറ്റത്തവണ കെട്ടിടനികുതി- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2021-22 വർഷം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കിയപ്പോഴും സ.ഉ (എം.എസ് ) നം.231/15/ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975-ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-12-7 വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് - സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം

വ്യത്യാസപ്പെട്ടിരിക്കുന്നു

വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിലെയും ധനകാര്യ പത്രികയിലെയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2021-22 വസ്തുനികുതി (സഞ്ചയ പ്രകാരം) | 4,76,18,965/- | 2,68,10,404/- | 2,19,69,255/- |
| 2021-22 വസ്തുനികുതി (വാർഷിക ധനകാര്യ പത്രിക പ്രകാരം) | 3,89,03,850/- | 3,03,12,412/- | 60,10,131.71/- |
| കുടിശിക വസ്തുനികുതി (സഞ്ചയ പ്രകാരം) | 9,74,29,393 | 64,63,972 | 9,19,33,233/- |
| കുടിശിക വസ്തുനികുതി (വാർഷിക ധനകാര്യ പത്രിക പ്രകാരം) | 4,45,46,817.38 | 1,05,39,784 | 3,40,07,033.38/- |

വസ്തുനികുതി കളക്ഷൻ സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം പൊരുത്തപ്പെടുത്തേണ്ടതാണ്. അപാകത പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-12-8 വസ്തുനികുതി- റോഡുകളുടെ വിവരങ്ങൾ സഞ്ചയയിലെ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാനവസ്തുനികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും നൽകുന്നതിനായി ചട്ടം 8 പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തിനകത്തുള്ളതോ, പ്രദേശത്തുകൂടി കടന്നു പോകുന്നതോ ആയ റോഡുകളെയും നടപ്പാതകളെയും അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ, അഞ്ചു മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ, ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള നടപ്പാതകൾ എന്നിങ്ങനെ തരംതിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാപരിധിയിലുള്ള റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്ന സഞ്ചയയിലെ റോഡ് മാസ്റ്റർ പരിശോധിച്ചതിൽ, ഒരു റോഡിന്റെ (എം.സി റോഡ്) വിവരം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബാക്കി റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്താത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടി ലഭ്യമാക്കിയില്ല. നഗരസഭാപരിധിയിലുള്ള എല്ലാ റോഡുകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-12-9 അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 18/11/2019 ലെ സ.ഉ.(അ)നം. 82/2019/തസ്വഭവ, 08/09/2020 ലെ സ.ഉ.(അ)നം. 52/2020/തസ്വഭവ എന്നിവ പ്രകാരം വരുത്തിയ ഭേദഗതിയിൽ യഥാക്രമം മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് (2006 ലെ കേന്ദ്ര ആക്ട് 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, റെസിഡൻഷ്യൽ ഹോംസ്റ്റേ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സഞ്ചയ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് നിരക്ക് ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിലെ മേൽ പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങളും കെട്ടിടങ്ങൾ റെസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 1-12-10 വസ്തുനികുതി- കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമല്ല.

സഞ്ചയയിൽ നിന്നുള്ള 2021-22 വർഷത്തെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നാലാം വാർഡിൽ ശ്രീ. എൻ. ഗോപാലകൃഷ്ണ ഭക്തൻ, ശ്രീമതി ലീല ഗോപാലകൃഷ്ണൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള (10/2-ാം നമ്പർ) 185 ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ₹50 അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണയിച്ചതായി കാണുന്നു. ഇതിന്മേൽ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം-65) മറുപടിയിൽ, കെട്ടിടത്തിന്റെ നികുതി നിർണ്ണയ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് വാങ്ങി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-12-11 വസ്തുനികുതി നിർണ്ണയം, സഞ്ചയ ഡേറ്റ എൻട്രി- അപാകതകൾ.

സഞ്ചയ മുഖേന വസ്തുനികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയിലെ 9-ാം വാർഡിൽ 234 എന്ന നമ്പരുള്ളതും 200ച.മീറ്റർ തറവിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തെ സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി നികുതി നിർണയിച്ച് ഈടാക്കിയതായി കാണുന്നു. എന്നാൽ ടി കെട്ടിടത്തിന് നഗരസഭയിൽ നിന്നും ലൈസൻസ് നൽകിയിരിക്കുന്നത് ഹാർഡ് വെയർ, പ്ലൈവുഡ് വ്യാപാരത്തിനാണ്. റോഡിന്റെ പേര് വാഴൂർ റോഡ് എന്നാണെങ്കിലും വഴി സൗകര്യത്തിന്റെ വർദ്ധനവില്ല. കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തി വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
2. നഗരസഭയിലെ നാലാം വാർഡിലുള്ള 1051/21-ാം നമ്പർ കെട്ടിടത്തെ (തറവിസ്തീർണ്ണം-144.15 ച.മീ.) വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെയുള്ള സൂപ്പർമാർക്കറ്റ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. നഗരസഭയിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നിരക്ക് 80/ച.മീറ്ററും, 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാൾ, സൂപ്പർമാർക്കറ്റ് എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 60/ച.മീറ്ററും ആയതിനാൽ ഉപയോഗക്രമത്തിലെ കൃത്യതയില്ലായ്മ നികുതി കുറവായി നിർണയിക്കുന്നതിന് ഇടയാക്കും.
3. നഗരസഭയുടെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.2-2-5 പ്രകാരം ബ്രീസ് ലാന്റ് ഹോട്ടൽ (കെട്ടിട നം.5/9, തറവിസ്തീർണ്ണം-532.35 ച.മീറ്റർ) കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിർണയിച്ച് 'ഇതരവ്യവസായം' എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി നികുതി നിർണയിച്ചതുമായി ബന്ധപ്പെട്ട അപാകത നിലവിലും പരിഹരിച്ചിട്ടില്ല.
4. സഞ്ചയയിലെ സസ്പെക്റ്റഡ് ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ട 02/129-ാം നമ്പർ കെട്ടിടത്തിന്റെ 2015 മുതൽ 2020 വരെയുള്ള ഡിമാന്റ് സസ്പെക്ട് ചെയ്തിരിക്കുന്നതായി കാണുന്നു. സഞ്ചയയിലെ നികുതി ഒഴിവാക്കിയതിന്റെ വിവരങ്ങളിൽ, 2019 രണ്ടാം അർദ്ധവർഷം ഡിമോളിഷ് ചെയ്തതായാണ് ചേർത്തിരിക്കുന്നത്. ഡിമോളിഷ്

ചെയ്യുന്നതിന് മുൻപുള്ള വർഷങ്ങളിലെ ഡിമാന്റ് സസ്പെക്ട് ചെയ്തതിന്റെ കാരണം വ്യക്തമല്ല.
5. നഗരസഭയുടെ 34-ാം വാർഡിൽ 74/3-ാം നമ്പർ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 209 ച.മീറ്ററാണ്. 34/110/3-ാം നമ്പർ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 230 ച.മീറ്ററാണ്. ഈ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിന്മേൽ വിശദീകരണവും നികുതി പുന:നിർണ്ണയിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.
6. 22/02/2023 ലെ 53578-ാം നമ്പർ രസീത് പ്രകാരം 1679/- രൂപ വസ്തുനികുതി ഒടുക്കിയ 21/226/4 -ാം നമ്പർ കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ, അടിസ്ഥാനവിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല എന്നു വ്യക്തമാകുന്നു.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-73) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-12-12 വസ്തുനികുതി നിർണ്ണയം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

നഗരസഭയിൽ 2021-22 വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി അസസ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയയിൽ നിന്നുള്ള 2021-22 വർഷത്തെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നാലാം വാർഡിൽ 1285/1 മുതൽ 8 വരെ (5 ഒഴികെ) കെട്ടിട നമ്പറുകൾ നൽകി മോളി ജോൺ എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിലുള്ള ഷോപ്പിംഗ് മാൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി തറയുടെ തരം സാധാരണ തറ എന്നും, റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്നും രേഖപ്പെടുത്തി അടിസ്ഥാന നികുതിയിൽ വർദ്ധനവ് ഇല്ലാതെയും 1285/5-ാം നമ്പർ കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100m2 വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് ചുമത്തിയും 2021-22 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ | തറവിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 4/1285/1 | 389.1 |
| 2 | 4/1285/2 | 389.4 |
| 3 | 4/1285/3 | 389.4 |
| 4 | 4/1285/4 | 389.4 |
| 5 | 4/1285/5 | 49.47 |
| 6 | 4/1285/6 | 389.4 |
| 7 | 4/1285/7 | 403.7 |
| 8 | 4/1285/8 | 368.76 |

നികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് വസ്തുനികുതി നിർണയ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-65) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-12-13 വസ്തുനികുതി നിർണ്ണയം- തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് സഞ്ചയയിൽ ഉൾപ്പെടുത്തുന്നില്ല

നഗരസഭയുടെ 15-ാം വാർഡിൽ മീനാക്ഷി രാംജിയുടെ ഉടമസ്ഥതയിലുള്ള സൗപർണ്ണിക പ്രോജക്ട്സ് & ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന 9609.13 ച.മീറ്റർ തറവിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കെട്ടിടത്തിന് 15/122(2) മുതൽ 15/122/75 വരെ കെട്ടിട നമ്പറുകൾ നൽകി 2021-22 വർഷം വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയ ഫാറം-6 പ്രകാരമുള്ള നികുതിയല്ല സഞ്ചയ പ്രകാരം നിർണ്ണയിച്ചിരിക്കുന്നത്. ഫാറം-6 ൽ മേൽത്തരം തറയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. സഞ്ചയയിലെ നികുതിനിർണ്ണയ വിവരങ്ങളിൽ ഈ കെട്ടിടത്തിലെ എല്ലാ കെട്ടിടങ്ങളുടെയും തറ “മേൽത്തരം തറ“ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽത്തരം തറ നിർമ്മിതിക്ക് 250 ച.മീറ്ററിൽ

കൂടുതലുള്ള കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ഉൾപ്പടെ നികുതി നിർണ്ണയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ കെട്ടിടവും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടാതെ നികുതി നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ "തക്കതായ കാരണം" ഇല്ലാതെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിന് അധികാരികളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-12-14 വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളെ പാർപ്പിടാവശ്യം, ഓഫീസ് ആവശ്യം എന്നിങ്ങനെ തെറ്റായി അസസ്സ് ചെയ്തിരിക്കുന്നു- വസ്തു നികുതി വരുമാനത്തിൽ നഗരസഭയ്ക്ക് നഷ്ടം

ഓഡിറ്റിനായി ലഭ്യമാക്കിയ IFTE & OS ലൈസൻസ് രേഖകൾ, സഞ്ചയ അസസ്മെന്റ് രജിസ്റ്റർ ഇവ പരിശോധിച്ചതിൽ, വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യം, ഓഫീസ് ആവശ്യം എന്നിങ്ങനെ തെറ്റായി അസസ് ചെയ്തിരിക്കുന്നതിനാൽ വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം./ഉടമ | അസസ്മെന്റ് രജിസ്റ്റർ പ്രകാരം തറവിസ്തീർണ്ണം (ച.മീ.) ഉപയോഗക്രമം | ലൈസൻസ് എടുത്തത് പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|
| 1 | 3/407(2), (3) ടോണി സി കല്ലുകളം | (163), (25.5-താഴത്തെ നില) 192-ഒന്നാം നില) പാർപ്പിടാവശ്യം | കൊച്ചുങ്ങൾ കിഡ്സ് ഗാർമെന്റ്സ് |
| 2 | 3/415/ ടോണി സി.കല്ലുകളം | 78 / ഓഫീസ് ആവശ്യം | ഓഷ്യൻ വേവ്സ് കോൾഡ് സ്റ്റോറേജ് |
| 3 | 35/169- റ്റി.വി.വർക്കി | 86 /പാർപ്പിടാവശ്യം | ബുക്ക് സ്റ്റാൾ (പ്രതിഭ പബ്ലിക്കേഷൻസ്) |
| 4 | 30/372/ പ്രസിഡന്റ് | 360/പാർപ്പിടം | ബാറ്ററി വ്യാപാരം |
| 5 | 26/31/ബാലകൃഷ്ണൻ | 48/പാർപ്പിടം | പലചരക്ക് കട |

| | | | |
|---|---|---|---|
| 6 | 25/4/വിലാസിനി | 35.75/പാർപ്പിടം | മുറുക്കാൻ കട |
| 7 | 28/102A/സുധർമ്മ ബാബു | 62/പാർപ്പിടം | ഹോട്ടൽ |
| 8 | 25/72/ലളിതാംബിക | 29/പാർപ്പിടം | ചോക്കളേറ്റ്, കോഫി ഹൗസ് |
| 9 | 25/72(1)/അമ്പിളി ഗോപകുമാർ | 156.67(ഗ്രൗണ്ട് ഫ്ലോർ) 63.33(ഒന്നാം നില)/പാർപ്പിടം | ഹെയർ ഓയിൽ, ഭക്ഷ്യഎണ്ണ |
| 10 | 25/102A/സുധർമ്മ ബാബു | 98.61(ഗ്രൗണ്ട് ഫ്ളോർ) 86.92(ഒന്നാം നില)/പാർപ്പിടം | ഹോട്ടൽ |
| 11 | 22/118(1)/ സുകുമാരൻനായർ | 35/പാർപ്പിടം | പലചരക്ക് |
| 12 | 22/127/ ഗൗരിക്കുട്ടിയമ്മ | 21/പാർപ്പിടം | സ്റ്റേഷനറി, സ്പോർട്ട്സ് Etc. |
| 13 | 22/165/ സോമശേഖരൻ | 36/പാർപ്പിടം | അഗ്രോ ഫുഡ് പ്രോഡക്ട്സ് |
| 14 | 9/96 എസ്.ജെ.വർഗ്ഗീസ് | സെല്ലാർ-112.81 താഴത്തെ നില-94.47 പാർപ്പിടം | രാജ് കൂൾബാർ |
| 15 | 9/57(1) | താഴത്തെ നില-42.24 പാർപ്പിടം | ഉർവശി ബ്യൂട്ടി പാർലർ |
| 16 | 9/122(1) | താഴത്തെ നില-94.47 ഒന്നാം നില-83.51 പാർപ്പിടം | ബേക്കറി |

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.76/2021-22 /25.02.2023) മറുപടി ലഭ്യമാക്കിയില്ല. ടി വിഷയവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമല്ലാത്തതിനാൽ ഇപ്രകാരം അപാകതകൾ നിലനിൽക്കുന്ന കെട്ടിടങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ആയതിനാൽ നഗരസഭയിലെ എല്ലാ വാർഡുകളിലേയും അസസ്മെന്റ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ച് കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസൃതമായി നികുതി നിർണ്ണയിച്ച് ഈടാക്കി പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12-15 നഗരസഭയുടെ ഫയൽ പ്രകാരം നിർണ്ണയിച്ച നികുതിയും സഞ്ചയപ്രകാരം നിർണ്ണയിച്ച നികുതിയും പൊരുത്തപ്പെടുന്നില്ല

നഗരസഭയിലെ 13-ാം വാർഡിൽ സലിം മുഹമ്മദ് കാസിം എന്ന ആളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ കെട്ടിടത്തിന് 13/895(1) മുതൽ (10) വരെ കെട്ടിട നമ്പരുകൾ നൽകി 2020-21 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തു നികുതി നിർണയ വിവരശേഖരണ ഫാറം (ഫാറം-6), (ഫാറം-2) എന്നിവ പ്രകാരം നിർണയിച്ച വസ്തുനികുതിയും സഞ്ചയയിൽ കെട്ടിടത്തിന് നിർണയിച്ച് ഈടാക്കിയ വസ്തുനികുതിയും പൊരുത്തപ്പെടുന്നില്ല. കെട്ടിടത്തിന്റെ പെർമിറ്റിന്റെ വിവരം ഫയലിലില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ) | ഫയലിലെ ഫാറം 6 പ്രകാരം നിർണയിച്ച വസ്തുനികുതി(രൂപ ) | സഞ്ചയ പ്രകാരം നിർണയിച്ച വസ്തുനികുതി(രൂപ ) |
|---|---|---|---|
| 13/895(1) | 15.25 | 1,443 | 915 |
| 13/895(2) | 15.025 | 1,443 | 902 |
| 13/895(3) | 45.075 | 4,327 | 2708 |
| 13/895 (4) | 15.025 | 1,443 | 902 |
| 13/895 (5) | 18.93 | 1,728 | 1,080 |
| 13/895 (6) | 18.93 | 1,728 | 1,083 |
| 13/895(7) | 18.93 | 1,728 | 1,080 |

| | | | |
|---|---|---|---|
| 13/895 (8) | 18.93 | 1,728 | 1,080 |
| 13/895 (9) | 18.93 | 1,728 | 1,080 |
| 13/895 (10) | 18.93 | 1,728 | 1,080 |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനും, 203.74 ച.മീറ്റർ തറവിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ കൃത്യമാക്കി വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി (നം.32 ) യുടെ മറുപടിയിൽ, അപാകതകൾ പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി- പൊതു അപാകതകൾ

2021-22 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്ററിൽ ആകെ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നുള്ള വിവരം അടങ്ങുന്ന ഇൻഡെക്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ്, ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളും നികുതിനിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല.
2. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററിൽ (രജിസ്റ്റർ അപൂർണ്ണമാണ്) സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ വിശദാംശങ്ങൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജീവനക്കാരന്റെ പേര്, ശമ്പള വിവരങ്ങൾ, അർദ്ധവാർഷിക വരുമാനം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
3. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിലെ ക്രമത്തിനനുസരിച്ച് നമ്പരിട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 2021-22 രണ്ട് അർദ്ധവർഷങ്ങളിലെയും റിട്ടേണുകൾ മുഴുവനായും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.
4. 31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം സ്ഥാപന/ട്രേഡേഴ്സ് തൊഴിൽ നികുതിയിനത്തിൽ ₹2.94 കോടി കുടിശ്ശികയുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതെല്ലാം സ്ഥാപനങ്ങളാണ് കുടിശ്ശിക ഒടുക്കാനുള്ളത് എന്ന് വ്യക്തമല്ല.
5. നഗരസഭ പരിധിയിൽ സ്വയം ജോലി ചെയ്യുന്ന അഭിഭാഷകർ, ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 16.02.2023-ൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 60/21-22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ വ്യക്തികളും/സ്ഥാപനങ്ങളും തൊഴിൽ നികുതിക്ക് വിധേയരാവുന്നുണ്ടെന്നും എല്ലാവരും പൂർണ്ണമായ നിരക്കിൽ നികുതി ഒടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് റവന്യൂ വിഭാഗം ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-13-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്തതായി/രജിസ്റ്ററിൽ പോസ്റ്റിംഗ് നടത്താത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനം /ഓഫീസ് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | IV | ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & ടൂറിസം സ്റ്റഡീസ് | I & II |
| 2 | IV | മാനേജർ, അപ്സര തീയേറ്റർ | II |
| 3 | IV | ദി പ്രൊപ്രൈറ്റർ, കുര്യൻസ് ഒപ്റ്റിക്കൽസ്, മണമേൽ ടൗവർ, ചങ്ങനാശ്ശേരി | I & II |
| 4 | V | ഡോ.ബാബൂസ് ഡയഗ്നോസ്റ്റിക്ക് സെന്റർ & മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | I & II |
| 5 | IX | മാനേജർ, ഇൻഡ്യൻ കോഫീ ഹൗസ് | II |
| 6 | XI | അസി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ചെറുകരക്കുന്ന്, ചങ്ങനാശ്ശേരി | // |
| 7 | | ദി അസിസ്റ്റന്റ്എഞ്ചിനീയർ, വാട്ടർ സപ്ലൈ പി.എച്ച് സെക്ഷൻ ഓഫീസ്, KWA, ചങ്ങനാശ്ശേരി | / & // |
| 8 | | ആന്റണി ജോസഫ്, കുട്ടിക്കണ്ടം ബിൽഡേഴ്സ് | / & // |
| 9 | | മാനേജർ, ശ്രീ ശങ്കര ആയുർവേദ ആശുപത്രി | / & // |
| 10 | | മാനേജർ, വിജയ ബാങ്ക് | // |
| 11 | XIX | ലൈസൻസീ, ശ്രീ സതീഷ് റ്റോഡി ഷോപ്പ് | / & // |
| 12 | XXIX | സെക്രട്ടറി, N.S.S സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | // |
| 13 | XXX | മാനേജർ, PSP സാരീസ് & റെഡിമെയ്ഡ്സ് | / & // |
| 14 | | സ്പെഷ്യൽ തഹസീൽദാർ, LA(NH), ചങ്ങനാശ്ശേരി | / |
| 15 | | അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ, | / & // |

| | | | |
|---|---|---|---|
| | | ചങ്ങനാശ്ശേരി | |
| 16 | | ത്രിവേണി സൂപ്പർ മാർക്കറ്റ് | I & II |
| 17 | | മാനേജർ, ഹോട്ടൽ ന്യൂ ആര്യാസ്, ചങ്ങനാശ്ശേരി | I & II |
| 18 | | സെക്രട്ടറി, കാവിൽ ക്ഷേത്രം | I & II |
| 19 | | മാനേജർ, കൊശമറ്റം ഫിനാൻസ് | I |
| 20 | | Sanso Technologies | I & II |
| 21 | XIII | സീനിയർ സൂപ്രണ്ട്, സംസ്ഥാന ജലഗതാഗത വകുപ്പ് | I |
| 22 | XXXIV | ഡിസ്ട്രിക്ട് പോലീസ് ചീഫ്, ഡിസ്ട്രിക്ട് പോലീസ് ഓഫീസ്, കോട്ടയം, ചങ്ങനാശ്ശേരി & ട്രാഫിക്ക് പോലീസ് സ്റ്റേഷൻ | I |
| 23 | | മാനേജർ, പ്രസിഡൻസി ബാർ | I & II |

വാർഷിക കണക്ക് RP-1 ഷെഡ്യൂൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 92,41,795 രൂപയുടെ വരവുണ്ട്. എന്നാൽ 37 വാർഡുകളുള്ള നഗരസഭയിലെ രജിസ്റ്റർ പ്രകാരം ആകെ 23 വാർഡുകളിലെ 161 സ്ഥാപനങ്ങളിൽ നിന്നും മാത്രം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (രേഖപ്പെടുത്തലിൽ അവ്യക്തതയുണ്ട്). ബാക്കിയുള്ള 14 വാർഡുകളിൽ നിന്നും നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ റിട്ടേണുകളും വാർഡടിസ്ഥാനത്തിൽ അർദ്ധവാർഷികം തിരിച്ച് ക്രമമായി സൂക്ഷിച്ചിട്ടില്ല.

തൊഴിൽ നികുതി ഒടുക്കാത്തതിന്/രജിസ്റ്ററിൽ പോസ്റ്റിംഗ് നടത്താത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 16.02.2023-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-63 ന് ലഭിച്ച മറുപടിയിൽ, ആകെ പരാമർശിച്ച 27 സ്ഥാപനങ്ങളിൽ 4 സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2021-22 ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്/സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | അരുൺദാസ്, പമ്പ് അറ്റൻഡന്റ്, | 45,000 (ഒന്നാം അർദ്ധവർഷം) | 300 | 450 | 150 |

| | | | | | |
|---|---|---|---|---|---|
| | S V Pai&Brothers , ചങ്ങനാശ്ശേരി | | | | |
| 2 | സുകന്യ, പമ്പ് അറ്റൻഡന്റ്, SV Pai & Brothers, ചങ്ങനാശ്ശേരി | 45,000 (ഒന്നാം അർദ്ധവർഷം) | 300 | 450 | 150 |
| 3 | അനുമോൾ, ശ്രേയാ ഗ്യാസ് ഏജൻസി | 75,000 (6x12,500) (ഒന്നാം അർദ്ധവർഷം) | 600 | 750 | 150 |
| 4 | ഉമാദേവി ജെ, ശ്രേയാ ഗ്യാസ് ഏജൻസി | 75,000 (6x12,500) (ഒന്നാം അർദ്ധവർഷം) | 600 | 750 | 150 |
| 5 | വിനീത വി, ശ്രേയാ ഗ്യാസ് ഏജൻസി | 75,000 (6x12,500) (ഒന്നാം അർദ്ധവർഷം) | 600 | 750 | 150 |
| 6 | ശാന്ത എം.പി ശ്രേയാ ഗ്യാസ് ഏജൻസി | 75,000 (6x12,500) (ഒന്നാം അർദ്ധവർഷം) | 600 | 750 | 150 |
| 7 | അഞ്ജലി ഗോപിനാഥ്, മാനേജർ, കാനറ ബാങ്ക് | 3,94,380(ഒന്നാം അർദ്ധവർഷം) | 1050 | 1250 | 200 |
| 8 | സലീനാ ബീവി, 5-കേരളാ നേവൽ യൂണിറ്റ്, എൻ.സി.സി, ചങ്ങനാശ്ശേരി | 1,28,290 (രണ്ടാം അർദ്ധവർഷം | 1000 | 1250 | 250 |
| 9 | കൃഷ്ണകുമാർ, മാനേജർ, ആറ്റിൻകര ഇലക്ട്രോണിക്സ് | 1,02,000 (രണ്ടാം അർദ്ധവർഷം) (6x17000) (ഒരു മാസത്തെ മാത്രം കണക്കാക്കിയാണ് | 120 | 1000 | 880 |

| | | | | | |
|---|---|---|---|---|---|
| | | നികുതി ഈടാക്കിയത്). | | | |
| 10 | അൻസീം, ക്ലാർക്ക്, ആറ്റിൻകര ഇലക്ട്രോണിക്സ് | 60,000 (ഒരു മാസത്തെ മാത്രം കണക്കാക്കിയാണ് നികുതി ഈടാക്കിയത്) | 120 | 600 | 480 |
| 11 | കുഞ്ഞുമോൻ, ഹെൽപ്പർ ആറ്റിൻകര ഇലക്ട്രോണിക്സ് | 60,000 " | 120 | 600 | 480 |
| 12 | മനോഹരൻ, ഹെൽപ്പർ, ആറ്റിൻകര ഇലക്ട്രോണിക്സ് | 60,000 " | 120 | 600 | 480 |
| 13 | അഞ്ജലി ബി.റ്റി, അസി.മാനേജർ, യൂക്കോ ബാങ്ക് | 3,76,392 (രണ്ടാം അർദ്ധവർഷം) | 836 | 1250 | 414 |
| | | ആകെ | | | 4,084 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.62/21-22 /16.02.2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി പത്രികകളുടെ കൃത്യത പരിശോധിച്ച് അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും കുറവു വന്ന തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്

ഫയൽ നം. ഇ3-3356/19

നഗരസഭാ പരിധിയിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് നഗരസഭാ സെക്രട്ടറിയുടെ 07/03/2022ലെ E3-3356/19-ാം നമ്പർ ഉത്തരവ് പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിന് 2021-22 വർഷം നഗരസഭയിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. 304 പോളുകൾ സ്ഥാപിക്കുന്നതിന് ₹10,67,437യും (രസീത് നം. 121020400114/തീയതി 14.02.2022) 17 പോളുകൾ സ്ഥാപിക്കുന്നതിന് ₹72,033യും (രസീത് നം.121020400121 /തീയതി 16.02.2022) റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഈടാക്കിയിട്ടുണ്ട്. ഈ ഉത്തരവിലെ 1-ാം നമ്പർ നിബന്ധന പ്രകാരം പോളുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ചിരിക്കുന്ന സ്ഥലത്ത് നിർദ്ദിഷ്ട (1mx1mx1m) അളവിൽ മാത്രമേ കുഴി എടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1. പി.ഡബ്ല്യൂ.ഡി.റോഡ്സ് ചീഫ് എഞ്ചിനീയറുടെ 30/03/2019-ലെ CE/R&B/GL-RC/2/2019-ാം നമ്പർ സർക്കുലർ, 24/09/2020-ലെ CE/R&B/GL-RC/2/2018-ാം നമ്പർ സർക്കുലർ എന്നിവ പ്രകാരം റെസ്റ്റോറേഷൻ വിഡ്ത്ത്, ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങായിരിക്കണം എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് റെസ്റ്റോറേഷൻ വിഡ്ത്ത് ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങ് എടുക്കുന്നതിന് പകരം ട്രഞ്ച് വിഡ്ത്തായ 1 മീറ്റർ തന്നെയാണ് എടുത്തിരിക്കുന്നത്. ആയതിനാൽ തുക ഈടാക്കിയതിൽ താഴെപ്പറയും പ്രകാരം കുറവു വന്നിട്ടുണ്ട്.

എസ്റ്റിമേറ്റ്-1

| റോഡിന്റെ പ്രതലം | പോളിന്റെ എണ്ണം | നിരക്ക് | ഈടാക്കിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| ഇന്റർലോക്ക് റോഡ് | 50 | 3722.14/m2 | 186107 |
| കോൺക്രീറ്റ് റോഡ് | 147 | 5473.44/m2 | 804595.68 |
| ടാർ റോഡ് | 14 | 3090.57/m2 | 43267.98 |
| Berm Surface | 93 | 359.85/m2 | 33466.05 |
| ആകെ | | | 1067436.71 |

എസ്റ്റിമേറ്റ്-2

| റോഡിന്റെ പ്രതലം | പോളിന്റെ എണ്ണം | നിരക്ക് | ഈടാക്കിയ തുക |
|---|---|---|---|
| ഇന്റർലോക്ക് റോഡ് | 12 | 3722.14/m2 | 44665.68 |
| കോൺക്രീറ്റ് റോഡ് | 5 | 5473.44/m2 | 27367 |
| ആകെ | | | 72032.68 |

കുറവായി ഈടാക്കിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു

| ഈടാക്കിയ തുക | ഈടാക്കേണ്ട തുക | ഈടാക്കിയതിൽ കുറവ് |
|---|---|---|
| 1067436.71 | 1067436.71*1.5*1.5 = 2401732.59 | 1334295.88 |
| 72032.88 | 72032.88*1.5*1.5=162073.98 | 90041.1 |
| | ആകെ | 1424336.98 |

2. മേൽ ഉത്തരവിലെ ക്രമ നം.7 പ്രകാരം പ്രവൃത്തിയുടെ നിർവഹണം ബന്ധപ്പെട്ട നഗരസഭ അസി.എഞ്ചിനീയറുടെ മേൽനോട്ടത്തിലും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഓവർസിയറെക്കൊണ്ട് സ്ഥലം പരിശോധന നടത്തി അനുവദിച്ച അളവിലാണോ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നതെന്നും സ്ഥലം സുരക്ഷിതാവസ്ഥയിലാണോ എന്നും റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.93) ലഭ്യമാക്കിയ മറുപടിയിൽ, ഒരു പോൾ സ്ഥാപിക്കുന്നതിന് മാക്സിമം 60സെ.മീ വിഡ്ത്ത് മാത്രമെ ആവശ്യമായി വരുകയുള്ളെന്ന് അറിയിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. മാത്രവുമല്ല, 1 മീറ്റർ അളവിൽ കുഴി എടുക്കുന്നതിനാണ് സ്ഥാപനം അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ കുറവ് വന്ന ₹14,24,336.98 സ്ഥാപനത്തിൽ നിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽനോട്ടച്ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നോ തുല്യമായി ഈടാക്കി വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-15 വിനോദനികുതി ഈടാക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

വിനോദനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട സ.ഉ.(കൈ)നം.112/2019/ ത.സ്വ.ഭ.വ. തീയതി 31.08.2019 പ്രകാരം 01.09.2019 മുതൽ ₹100യിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% ഉം ₹100യിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% ഉം നിരക്ക് നിശ്ചയിക്കുകയും ചരക്ക് സേവനനികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദനികുതിയിനത്തിൽ പിരിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2021-22 വർഷം നഗരസഭാ പരിധിയിലുള്ള തീയറ്ററുകളിൽ നിന്നും മേൽപ്പറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതായി വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. നഗരസഭാപരിധിയിലുള്ള അഞ്ച് തീയറ്ററുകളിൽ 2 തീയറ്ററിന്റെ മാത്രമാണ് വിനോദനികുതി ഈടാക്കിയ രേഖകളോടൊപ്പം ചരക്ക് സേവനനികുതി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നത്. തീയറ്റർ ഉടമ ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരമാണ്

വിനോദനികുതി ഈടാക്കിയിരിക്കുന്നത്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.47) നൽകിയതിന് ശേഷമാണ് ബാക്കി 3 തീയറ്ററുകളിൽ നിന്നും ചരക്ക് സേവന നികുതി ഒടുക്കിയതിന്റെ റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കി ഹാജരാക്കിയത്. മേൽപ്പറഞ്ഞ ഉത്തരവ് പാലിക്കുന്നതിന് ചരക്ക് സേവനനികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. അപ്സര തീയറ്ററിൽ നിന്നും 01.01.22 മുതൽ 28.01.22 വരെയും 02.02.22 മുതൽ 28.02.22 വരയുമുള്ള വിനോദ നികുതിയായി ₹108യുടെ ടിക്കറ്റിന് ₹4.57യും ₹85യുടെ ടിക്കറ്റിന് ₹3.59യും നിരക്ക് രേഖപ്പെടുത്തി വിനോദനികുതി ഈടാക്കിയതിന്മേൽ വിശദീകരണം ലഭ്യമാക്കിയില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും കുറവു വന്ന തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 1-16 സൗപർണിക കാനറി അപ്പാർട്ട്മെന്റ്- ക്രമവൽക്കരണം- FAR അധിക ഫീസ് ഈടാക്കിയിട്ടില്ല

നഗരസഭയിലെ 15-ം വാർഡിൽ മീനാക്ഷി രാംജി എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള സൗപർണിക കാനറി അപ്പാർട്ട്മെന്റ് എന്ന 9609.13 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ഫയലിലില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15/02/2018ലെ സ.ഉ.(പി)നം.11/2018-ാം നമ്പർ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ 2018 പ്രകാരം, മേൽപ്പറഞ്ഞ കെട്ടിടത്തെ ക്രമവൽക്കരിച്ചിട്ടുണ്ട്. കോട്ടയം നഗരാസൂത്രകയുടെ 21/12/2019-ലെ TC.PK.TM/1567/2019-C/K.DIS പ്രകാരം ₹45,77,009 കോംമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിക്കുന്നതിന് നഗരസഭാ സെക്രട്ടറിക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ സെക്രട്ടറിയുടെ 30/11/2020-ലെ ബി.എ/യു.എ /247/19-20-ാം നമ്പർ ഉത്തരവ് പ്രകാരം ₹45,77,009 കോംമ്പൗണ്ടിംഗ് ഫീസ് അടവാക്കി കെട്ടിടം ക്രമവൽക്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് ഉത്തരവുകളിലെയും നിബന്ധനകളിലെ ക്രമ നമ്പർ 5 പ്രകാരം കേരള മുനിസിപ്പൽ (അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടം 2018-ലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള മുനിസിപ്പൽ (അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടം-2018, ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരമുള്ള അനുബന്ധം-1-ന്റെ കുറിപ്പ് 4 പ്രകാരം, 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക 2, കോളം 4 പ്രകാരം അനുവദനീയമായ പരമാവധി FAR അധികരിക്കുന്നതിന് കോളം 5 പ്രകാരം ചുമത്തേണ്ട ഫീസ് നഗരസഭ ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കോമ്പൗണ്ടിംഗ് ഫീസ് കൂടാതെ ഈ ഫീസ് ഈടാക്കാവുന്നതാണെന്ന് മേൽചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നോട്ട് ഫയൽ, കെട്ടിടത്തിന്റെ അംഗീകൃത കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം FAR 3.77 ആയ കെട്ടിടത്തിന്റെ അധിക തറവിസ്തീർണ്ണത്തിന് അധിക ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി (നം.82) മുഖേന നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ചുവടെ പറയും പ്രകാരം കണക്കാക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ FAR | 7565.07/2006.22=3.77 |
| അധിക ഫീസ് കൂടാതെ അനുവദനീയമായ പരമാവധി തറവിസ്തീർണ്ണം | 2006.32 X3=6018.96ച.മീ |
| അധിക തറവിസ്തീർണ്ണം | 7565.07–6018.96=1546.11ച.മീറ്റർ. |
| അധിക തറവിസ്തീർണ്ണത്തിന്റെ ഒരു ചതുരശ്രമീറ്ററിന് ₹ 3,000എന്ന തോതിൽ ചുമത്തേണ്ട അധിക ഫീസ് | 1546.11x3000 =₹46,38,330 |

3) കെട്ടിടത്തിന്റെ ഒറ്റത്തവണ നികുതി ഈടാക്കലുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4) കെട്ടിടത്തിന് നൽകിയ ഒക്യുപ്പൻസി സർട്ടിഫിക്കറ്റിലെ നിബന്ധന പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.95) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ FAR അധിക ഫീസിനത്തിൽ ഈടാക്കേണ്ടതായ ₹46,38,330 ഈടാക്കി രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-16-1 കെട്ടിടങ്ങളുടെ ക്രമവൽക്കരണം - രജിസ്റ്റർ ലഭ്യമാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 95 (3) പ്രകാരം അനുബന്ധം ജി-2 മാതൃകയിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷം ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിന്റെയും ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെയും വിവരം രേഖപ്പെടുത്തിയ അനുബന്ധം ജി-2 വിലുള്ള രജിസ്റ്റർ സഹിതം രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-17 ബിൽഡിംഗ് പെർമിറ്റ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29/01/2020-ലെ ആർ.എ1/444/2019/ത.സ്വ.ഭ.വ നം.സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിലെ 2021-22 വർഷത്തെ കെട്ടിട നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ (31/12/2021 വരെയുള്ളത്) എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഉദാഹരണത്തിന് രജിസ്റ്ററിലെ ക്രമ നം.8, 11, 18, 20, 33, 52, 57, 61, 68, 74, 91, 93, 111, 130, 160 എന്നിവ പ്രകാരമുള്ള പെർമിറ്റ് ഫീസിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ തീയതിയും രേഖപ്പെടുത്തുന്നില്ല. 2021-22 വർഷത്തെ കെട്ടിട നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ലഭ്യമാക്കേണ്ടതാണ്.

2) കെട്ടിട നിർമ്മാണാപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 12,13 എന്നിവ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ലെന്ന് രജിസ്റ്റർ പേജ് നം.27, 28, 32 എന്നിവയിലെ നഗരസഭാ സെക്രട്ടറിയുടെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാകുന്നു. സെക്രട്ടറിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) 2021-22 വർഷം പെർമിറ്റിനായി ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം, നൽകിയ പെർമിറ്റുകളുടെ എണ്ണം, തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം എന്നിവ ലഭ്യമാക്കേണ്ടതാണ്.

4) 2021 വർഷത്തെ രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റിനുള്ള അപേക്ഷകളിൽ നാളിതുവരെയും തീർപ്പ് കൽപ്പിക്കാതെ തുടരുന്നവ ഉള്ളതായി കാണുന്നു. ഉദാഹരണത്തിന് രജിസ്റ്ററിലെ ക്രമ നം.10, 32, 53, 55, 72, 127, 129, 139, 145, 147, 148, 149, 151, 152, 153, 154, 161, 186, 201, 203, 207 എന്നിവ പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ/തീർപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5) നഗരസഭയിൽ നിന്നും ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ ഭൂവികസനം നടത്തിയതിന് ശേഷം കെട്ടിട നിർമ്മാണം നടത്തുന്നുണ്ടോയെന്ന് തുടർപരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) പെർമിറ്റില്ലാതെ നിർമ്മാണം നടത്തുന്ന കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് നഗരസഭാതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-17) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-18 പൊതു ലേലം അപാകതകൾ- ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

2021-22 വർഷം പൊതുലേലം നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഫയൽ നം.R5-97/21

1.ലേല രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

2.വിവിധ ലേലങ്ങളിൽ ലേലം കൊണ്ട വ്യക്തികളുമായി കരാർ ചമച്ചിട്ടില്ല.

3.നം.1 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ ജൂലൈ 2021 മാസം നടത്തിയ ലേലത്തിൽ 3 ഓഫറുകൾ ലഭിച്ചിരുന്നു. ഇവയിൽ ഏറ്റവും കൂടിയ നിരക്ക് (പ്രതി മാസം₹12,500) രേഖപ്പെടുത്തിയ ശ്രീ ഹുമയൂൺ കബീർ എന്നയാളിന്റെ ഓഫർ അംഗീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/2021-22/06.02.2023) ടിയാനിൽ നിന്ന് ജൂലൈ മാസം മുതൽ മാർച്ച് 31 വരെ കാലയളവിൽ ഈടാക്കേണ്ട ₹1,12,500 യിൽ ₹91,000 (50,000രൂപ- രസീത് നം.107410/3.1.2022, ₹41,000-നം.105305/3.11.21) ഒടുക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന ₹21,500 പിഴ പലിശ സഹിതം ഈടാക്കുന്നതാണെന്നും മറുപടി നൽകി. നാളിതുവരെ തുക ഈടാക്കിയിട്ടില്ലാത്തതിനാൽ ₹21,500 റവന്യൂ ഓഫീസർ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-19 കടമുറികളുടെ വാടക – കുടിശ്ശിക/പുതുക്കിയ നിരക്കിൽ തുക ഈടാക്കിയില്ല

വാടക ഡിമാന്റ് രജിസ്റ്റർ (2021-22) പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക ഇനത്തിൽ കുടിശ്ശികയുള്ളതായും പുതുക്കിയ നിരക്കിൽ തുക ഈടാക്കാത്തതായും കാണുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.27/24.01.2023) മറുപടിയുടെ വിശദാംശങ്ങൾ സഹിതമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടക ലൈസൻസിയുടെ പേര് | വാടക | കുടിശ്ശികയുടെ കാലയളവ് | റിമാർക്സ് | മറുപടിയുടെ വിശദാംശം |
|---|---|---|---|---|---|---|
| 1. | റൂം നം. 11 | ചാക്കോ തോമസ് എടക്കാട് വീട് | 6,193 (01.04.21 മുതൽ ഈടാക്കേണ്ട വാടക) | | 31.03.18ന ശേഷം എഗ്രിമെന്റ് പുതുക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. 01.04.18 മുതൽ 31.03.21 വരെയുള്ള കാലയളവിലെ നിരക്കിലാണ് വാടക (5161/-) 2021-22 ൽ ഈടാക്കിയത്. | 30.9.2022 ലെ 105459 രസീത് പ്രകാരം വാടക കുടിശ്ശിക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് പരിശോധിച്ചതിൽ തൊഴിൽ നികുതിയാണ് ഈടാക്കിയത് എന്ന് കാണുന്നു. |
| ബങ്ക്, നം.1 ബസ്സ്റ്റാന്റ് | | | | | | |
| 2. | റൂം നം. 8 | ഗോപകുമാർ ജി കൊച്ചുപറമ്പിൽ | 1440 | | 01.04.21 മുതൽ 02.10.21വരെ 1200/-രൂപ ഈടാക്കി. 03.10.21 മുതൽ 31.03.22 വരെ 1440/-രൂപയാണ് ഈടാക്കിയത്. | 29.7.2022 ലെ രസീത് നം.103609 പ്രകാരം വാടക കുടിശ്ശിക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് പരിശോധിച്ചതിൽ തൊഴിൽ നികുതിയാണ് ഈടാക്കിയത് എന്ന് കാണുന്നു. |
| ന്യൂ ബങ്ക്, നം.1 ബസ്സ്റ്റാന്റ് | | | | | | |
| 3. | റൂം നം. 6 | ശ്യാമപ്രസാദ് | 961 (രജിസ്റ്റർ പ്രകാരം) | 3/22 | 01.04.21 മുതൽ പുതുക്കിയ നിരക്കിൽ വാടക രേഖപ്പെടുത്തിയിട്ടില്ല. | 3/18 മുതൽ 12/22 വരെയുള്ള വാടക കുടിശ്ശികയിലെ ബാക്കി തുകയും 4/21 മുതലുള്ള പുതുക്കിയ വാടകയും 20.12.2022 രസീത് നം.48645, 48646, 48647 എന്നീ രസീതുകൾ പ്രകാരം 3/18 മുതൽ 12/22 വരെയുള്ള വാടക കുടിശ്ശികയും 4/21 മുതൽ പുതുക്കിയ നിരക്കിലെ വാടകയും അടച്ചതായി മറുപടി ലഭ്യമാക്കി.<br>എന്നാൽ ടി രസീതുകൾ പരിശോധിച്ചതിൽ 3/18 മുതൽ 5/22 വരെയുള്ള തുകകൾ മാത്രമാണ് അടച്ചിട്ടുള്ളതെന്ന് കാണുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 4. | റൂം നം. 9 | ഇ വി സുബ്രഹ്മണ്യൻ | തുകയുടെ വിവരം കൃത്യമല്ല | 04/21 മുതൽ 03/22 വരെ | 31.03.18 ന് ശേഷം എഗ്രിമെന്റ് പുതുക്കിയത് രേഖപ്പെടുത്തിയിട്ടില്ല | 1/19 മുതൽ 8/19 വരെയുള്ള വാടക കുടിശ്ശിക അടച്ചതായി മറുപടി ലഭ്യമാക്കി. ടിയാൾക്ക് അനുവദിച്ച ബങ്ക് പൂട്ടി ഏറ്റെടുക്കുന്നതിനും ആർ. ആർ. നടത്തുന്നതിനും നടപടി സ്വീകരിച്ചെങ്കിലും ടിയാന്റെ അപേക്ഷയെ തുടർന്ന് വികലാംഗനാണെന്ന കാരണത്താൽ വാടക കുടിശ്ശിക ഗഡുക്കളായി അടയ്ക്കുന്നതിന് അനുവാദം നൽകി. |
| മിനി ഷോപ്പിംഗ് സെന്റർ , സ്റ്റേഡിയത്തിനു സമീപം | | | | | | |
| 5. | റൂം നം. 4 | അസി.മാനേജർ ഹോർട്ടികോർപ്പ് | 4975 (രജി. പ്രകാരം പെൻസിലിൽ രേഖപ്പെടുത്തിയ തുക) | 11/21 മുതൽ 03/22 വരെ | 30.11.17 ന് ശേഷം എഗ്രിമെന്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. 01.12.14 മുതൽ 30.11.17 വരെയുള്ള കാലയളവിൽ 3455 /-രൂപ നിരക്കിലാണ് 10/21 വരെ ഈടാക്കിയത്. | വാടക തുക ബിംസ് വഴി അടച്ചതായി സ്ഥാപനം അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. |
| മിനി ഷോപ്പിംഗ് സെന്റർ , സ്റ്റേഡിയത്തിനു സമീപം | | | | | | |
| 6. | റൂം നം. 2 | അലക്സ് ജേക്കബ് കാവാലം, പുതുപ്പറമ്പിൽ | 3732 | | 30.11.20 ന് ശേഷം എഗ്രിമെന്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. 01/22 വരെ 30.11.17 വരെയുള്ള കാലയളവിലെ 2592/- രൂപ നിരക്കിലും 02/22 മുതൽ 3/22 വരെ 30.11.20 വരെയുള്ള കാലയളവിലെ 3110/- രൂപ നിരക്കിലും ഈടാക്കിയിരിക്കുന്നു. | 1.12.20 മുതൽ 30.11.2023 വരെ കരാർ പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. വാടക തുക കുടിശ്ശിക സഹിതം അടച്ചിട്ടുണ്ട്. |
| 7. | റൂം നം. 1 | ജോസഫ് ചാക്കോ ഇടയാടിയിൽ | | | 30.11.17 ന് ശേഷം എഗ്രിമെന്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. 01/22 വരെ 30.11.17 വരെയുള്ള കാലയളവിലെ 3110/- രൂപ നിരക്കിലും 02/22 മുതൽ 3/22 വരെ 30.11.20 വരെയുള്ള കാലയളവിലെ 3732/- രൂപ നിരക്കിലും ഈടാക്കിയിരിക്കുന്നു. | കരാർ പുതുക്കി ബാക്കി കുടിശ്ശിക ഒടുക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബങ്ക്, നം.2 ബസ്സ്റ്റാന്റ് | | | | | | |
| 8. | ഷോപ്പ് കം ഓഫീസ്, വണ്ടിപ്പേട്ട റൂം നം. 6 | ബാബു ജെ മഞ്ചേരിക്കളം | 4493 | | 03/22 ൽ 4493/- രൂപയും 04/21മുതൽ 02/22 വരെ 31.03.21ലുള്ള നിരക്കിൽ 3147/-രൂപയും ഈടാക്കിയിരിക്കുന്നു. | 1.4.2021 മുതൽ മൂന്ന് വർഷ കാലത്തേയ്ക്ക് കരാർ പുതുക്കി നൽകിയിട്ടുള്ളതാണ്. വാടക കുടിശ്ശിക 2304 രൂപ പിഴപലിശ സഹിതം ഈടാക്കിയതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 9. | റൂം നം.7 | ജോസഫ് തോമസ് & കമ്പനി | 1642 | | 3/22 ൽ 1642രൂപയും 02/22 വരെ, 31.03.2021 വരെയുള്ള കാലയളവിലെ തുകയായ 1368/-രൂപയും ഈടാക്കിയിട്ടുണ്ട്. | ടി കടമുറിയുടെ നിലവിലെ വാടക 4493 രൂപയാണ്. 4/21 മുതൽ 2/22 വരെയുള്ള കാലയളവിലെ ബാക്കി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 10. | റൂം നം.8 | ഏബ്രഹാം തോമസ് | 1642 | | 3/22 ൽ 1642രൂപയും 02/22 വരെ, 31.03.2021 വരെയുള്ള കാലയളവിലെ തുകയായ 1368/-രൂപയും ഈടാക്കിയിട്ടുണ്ട്. | വാടക ഇനത്തിലെ ബാക്കി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 11. | റൂം നം.9 | റോജൻ ജെ മഞ്ചേരിക്കളം | 4982 | | 03/22ൽ 4982/-രൂപയും ഈടാക്കി. 02/22 വരെ, 31/03/2021വരെയുള്ള കാലയളവിലെ തുകയായ 4152/-രൂപയും ഈടാക്കി. | വാടക ഇനത്തിലെ ബാക്കി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 12. | ഷോപ്പ് കം ഓഫീസ്, വണ്ടിപ്പേട്ട, (FF)-റൂം നം.5 | കിച്ചു സേവ്യർ, പുളിമൂറികലം | 864 | 01/22 മുതൽ 03/22 വരെ | | വാടക ഇനത്തിലെ ബാക്കി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 13. | റൂം നം.6 | സെക്രട്ടറി, കെ.പി.എം.എസ്, ചങ്ങനാശ്ശേരി | 623 | 08/21 മുതൽ 03/22 വരെ | 02/22 മുതലുള്ള എഗ്രിമെന്റ് പുതുക്കിയിട്ടില്ല | വാടക ഇനത്തിലെ ബാക്കി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. കരാർ പുതുക്കിയിട്ടില്ല. |
| 14. | നം.2 ഷോപ്പ് ബസ്സ്റ്റാന്റ്-ഷോപ്പ്, റൂം. നം.1 | ലൈസാമ്മ അഗസ്റ്റിൻ | 6072 | | 01/22 മുതൽ 03/22 വരെ 12/21 വരെയുള്ള 5060/-രൂപ ഈടാക്കിയിരിക്കുന്നു | വാടക ഇനത്തിലെ ബാക്കി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15. | റൂം.നം.3 | പി മഹേഷ് മുരളീനിവാസ് | | | തുക ഈടാക്കിയതിന്റെ കൃത്യത വ്യക്തമല്ല | 4/21 മുതൽ 1/22 വരെ പഴയ നിരക്കായ 2695 രൂപയാണ് ലൈസൻസി ഒടുക്കി വന്നിരുന്നത്. 24.11.2021 ൽ കരാർ പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ പുതിയ വാടക 3234 രൂപയായി നിശ്ചയിച്ചിരുന്നു. |
| 16. | റൂം നം.18 | അബ്ദുൾ ഷാജി പുളിഞ്ചിക്കൽ | 6632 | | 03/22ൽ ഒടുക്കിയിട്ടില്ല 02/22 വരെ, 21.02.21 വരെയുള്ള 5527/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ട് | 3/22 ലെ വാടക രസീത് നം. 36717/5.7.2022 പ്രകാരം അടച്ചതായി മറുപടി ഹാജരാക്കിയെങ്കിലും രസീത് പരിശോധിച്ചതിൽ 3/22 ലെ വാടകയാണ് അടച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു. |
| 17. | റൂം നം.20 | സുരേഷ് ബാബു മൂത്തേടം | 1414 | | 01/22 മുതൽ 03/22വരെ 31.12.21 വരെയുള്ള കാലയളവിലെ വാടകയായ 1178/-രൂപ ഈടാക്കി | വാടക കടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 18. | SC/Stറൂം നം.11 | മഞ്ജുള കെ.സി, മൂത്തേടം | | | ഈടാക്കിയ തുകയുടെ കൃത്യത വ്യക്തമല്ല | 5.3.2020 മുതൽ 4.3.2023 വരെ 4156 രൂപ പ്രതിമാസ വാടക ഒടുക്കുന്നതിന് 31.1.2022 ൽ കരാർ പുതുക്കിയിട്ടുണ്ട്. |
| 19. | റൂം നം.15 | ഡോ.റ്റി.ജെ.ജേക്കബ് | 11485 | | 2021-22ൽ 01.02.21 വരെയുള്ള | കരാർ പുതുക്കുകയും വാടക കടിശ്ശിക ഈടാക്കുകയും |

| | | | | | | |
|---|---|---|---|---|---|---|
| | | തെക്കേക്കാട്ടിൽ | | | കാലയളവിലെ 9571/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ട് | ചെയ്തിട്ടുണ്ട്. |
| 20. | റൂം നം.24 | അന്ന തോമസ് പാറയ്ക്കൽ ഹൗസ് | 260 | 09/21 മുതൽ 03/22 വരെ | എഗ്രിമെന്റ് കാലാവധി പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | മറുപടി ലഭ്യമാക്കിയില്ല. |
| 21. | റൂം നം.35 | ബിജു പി.എസ്, കൊല്ലംപറമ്പിൽ | 533 | 03/22 | എഗ്രിമെന്റ് കാലാവധി പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | |
| 22. | റൂം.നം.38 | വർഗ്ഗീസ് ആന്റണി | 116 | 01/22മുതൽ 03/22 വരെ | എഗ്രിമെന്റ് കാലാവധി പുതുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല | |
| 23. | റൂം നം.12 | വിനോദ് വി.ആർ, അന്നപൂർണ്ണ | 810 | 03/22 | എഗ്രിമെന്റ് പുതുക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല | മറുപടി ലഭ്യമാക്കിയില്ല. |
| 24. | ന്യൂ വെജിറ്റബിൾ മാർക്കറ്റ് റൂം നം.3 | വിജി തോമസ് | 1,440 | 10/21 മുതൽ 03/22 വരെ | 17/09/21 മുതൽ എഗ്രിമെന്റ് പുതുക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല | 10/21 മുതൽ 8/22 വരെയുള്ള വാടക കടിശ്ശിക രസീത് നം. 47969/13.12.2022 പ്രകാരം അടച്ചതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് പരിശോധിച്ചതിൽ 9/18 മുതൽ 9/21 വരെയുള്ള കടിശ്ശികയാണ് ഈടാക്കിയത് എന്ന് കാണുന്നു. 10/21 മുതലുള്ള വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 25. | റൂം നം.8 | അലക്സ് ജോസഫ് | 1,000 | 03/22 | 18/092018ന ശേഷം എഗ്രിമെന്റ് പുതുക്കിയതായി കാണുന്നില്ല. നിലവിലും 02/22 വരെയും പഴയ നിരക്കിലുമാണ് ഈടാക്കി വരുന്നത്. | വാടക കടിശ്ശിക ഈടാക്കുന്നതിനും കരാർ പുതുക്കുന്നതിനും നോട്ടീസ് നൽകിയിട്ടുണ്ട്. |
| 26. | റൂം നം.10 | പി.എം.ജോൺ | 1,080 | | 19/9/21 മുതൽ 02/22 വരെയുള്ള കാലയളവിൽ 18/09/2021 വരെയുള്ള ₹900/- ഈടാക്കിയിരിക്കുന്നു. 03/22ൽ അടച്ചിട്ടില്ല. | വാടക ഒടുക്കിയെങ്കിലും കരാർ പുതുക്കിയില്ല. |
| 27. | റൂം നം.11 | മറിയക്കുട്ടി വർക്കി | 1,080 | 03/22 | 10/21മുതൽ 12/21 വരെ 18.09.21 വരെയുള്ള ₹900/- നിരക്കിലാണ് ഈടാക്കിയത്. 01/22, 02/22 -₹1,082/- നിരക്കിൽ ഈടാക്കി. | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 28. | ഫിഷ് മാർക്കറ്റ്, ഹോൾസെയിൽ ഷോപ്പ്, റൂം നം.1 | ദേവസ്യ പോത്തൻ, കരീക്കളം | 5,040 | | 02/22, 03/22 അടച്ചിട്ടില്ല<br>22.08.21 മുതൽ 01/22 വരെ 21.08.21 വരെയുള്ള ₹4,200 നിരക്കിൽ അടച്ചത്. | 02/22, 03/22 മാസങ്ങളിലെ വാടക അടച്ചിട്ടുണ്ട്. കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 29. | റൂം.2 | -- | 5,040 | | " | 02/22, 03/22 മാസങ്ങളിലെ വാടക അടച്ചിട്ടുണ്ട്. കരാർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 30. | റൂം.നം.6 | മനോജ് ഇ.ജെ | 5,040 | | 22.08.21 മുതൽ 03/22 വരെ 21.08.21 വരെയുള്ള ₹4,200 നിരക്കിലാണ് ഈടാക്കിയത് | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 31. | റൂം നം.4,5 | എ.എം.സെബാസ്റ്റ്യൻ, ഇടശ്ശേരിപ്പറമ്പിൽ | 2,880 | 01/222 മുതൽ 03/22 വരെ | | വാടക കുടിശ്ശിക അടയ്ക്കാത്തതിനാൽ കരാർ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും ആർ ആർ നടപടി സ്വീകരിച്ച് വരുന്നു. |
| 32. | റൂം നം.6 | സലോമി തോമസ് പുളിമൂട്ടിൽ ഹൗസ് | 1,440 | | 22.08.21 മുതൽ 03/22 വരെ 21.08.21 വരെയുള്ള 1,200 രൂപ നിരക്കിലാണ് ഈടാക്കിയത് | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 33. | ഡ്രൈ ഫിഷ് സ്റ്റാൾ, റൂം നം.5 | മനോജ് ഇ.ജെ | 1,440 | | 22.08.21 മുതൽ 03/22 വരെ | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 34. | ഡ്രൈ ഫിഷ് സ്റ്റാൾ, റൂം(FF) നം.1 | ആൻസി മനോജ് | 1,440 | | 21.08.21 വരെയുള്ള 1,200 രൂപ നിരക്കിലാണ് ഈടാക്കിയത് | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 35. | റൂം നം.2 | മനോജ് ഇ.ജെ | 1,440 | | " | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 36. | റൂം നം.3 | ആൻസി മനോജ് | 1,440 | | " | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 37. | റൂം നം.3 | ലൈസാമ്മ | | | 2021-22 വർഷം 31.03.21 വരെയുള്ള കാലയളവിലെ ₹4,015നിരക്കിലാണ് ഈടാക്കിയത് | 26.5.2022 ലെ കൗൺസിൽ തീരുമാനം നം.9 പ്രകാരം 1.4.21 മുതൽ 31.3.2024 വരെ കരാർ പുതുക്കി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന വാടക കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 38. | ഗോഡൗൺ, ഡ്രൈ ഫിഷ് സ്റ്റാൾ റൂം നം.1 | ഇ.ജെ.മനോജ് | | | 22.08.21 മുതൽ 03/22 വരെ 21.08.21 വരെയുള്ള 2,400 രൂപ നിരക്കിലാണ് ഈടാക്കയത് | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 39. | ഇറച്ചി സ്റ്റാൾ-1 & 2 | പി.എസ്.നസീർ | | | 22.08.21 മുതൽ 03/22 വരെ 21.08.21 വരെയുള്ള 1,200 രൂപ നിരക്കിലാണ് ഈടാക്കിയത് | വാടക അടച്ച് കരാർ പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 40. | ഡ്രൈ ഫിഷ് സ്റ്റാൾ, നിയർ മീറ്റ് സ്റ്റാൾ, റൂം.നം.1 | എ.എം.ജോസഫ്, ആഞ്ഞിലിപ്പറമ്പിൽ | | | 22.08.21 മുതൽ 03/22 വരെ 21.08.21 വരെയുള്ള 1,200 രൂപ നിരക്കിലാണ് ഈടാക്കിയത് | ബാക്കി വാടക തുക ഈടാക്കുന്നതിനും കരാർ പുതുക്കുന്നതിനും നോട്ടീസ് നൽകിയിട്ടുണ്ട്. |
| 41. | വേഴയ്ക്കാട്ട് ചിറ, ഷോപ്പിംഗ് കോംപ്ലക്സ്(ന്യൂ) റൂം.നം.2 | ജോസ് മോൻ, കൈലാത്ത് | | | 06.07.21 മുതൽ 03/22 വരെയും 05.07.21 വരെയുള്ള കാലയളവിലെ 5,000/- രൂപ നിരക്കിൽ വാടക ഈടാക്കിയത്. | നഗരസഭയിലെ എല്ലാ കടമുറികളും മൂന്ന് വർഷത്തേക്ക് നൽകുന്നതിനാൽ വേഴയ്ക്കാട്ട് ചിറയിലെ പുതിയ കടമുറികളും മൂന്ന് വർഷത്തേയ്ക്ക് |

| | | | | | | |
|---|---|---|---|---|---|---|
| 42. | റൂം.3 | ജോസ് മോൻ, കൈലാത്ത് | | | 06.07.21 മുതൽ 03/22 വരെയും 05.07.21 വരെയുള്ള കാലയളവിലെ 5,000/- രൂപ നിരക്കിൽ വാടക ഈടാക്കിയത്. | |
| 43. | റൂം നം.4 | ബിനീഷ്, കോത്തറത്താടി | | | 12/09/21 മുതൽ 31.03.22 വരെ 11.09.21 വരെയുള്ള 3,000/-രൂപ നിരക്കിൽ ഈടാക്കിയത്. | |
| 44. | റൂം.6 | റോണി വർഗ്ഗീസ് | | | 06.07.21 മുതൽ 31.03.22 വരെ 05.07.21 വരെയുള്ള കാലയളവിലെ 5000/-രൂപ നിരക്കിൽ ഈടാക്കിയത് | |
| 45. | റൂം നം.7 | വി.സി.സനൽകുമാർ വാളിപ്ലാക്കൽ | | | 06.07.21 മുതൽ 03/22 വരെ 05.07.21 വരെയുള്ള 5000/-രൂപ നിരക്കിലാണ് ഈടാക്കിയത്. | നൽകണമെന്ന ലൈസൻസികളുടെ അപേക്ഷ പ്രകാരം 26.5.2022 ലെ 8 ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കരാർ കാലാവധി മൂന്ന് വർഷത്തേയ്ക്ക് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു. |
| 46. | റൂം നം.8 | പി.സി.തോമസ്, പതാരംചിറ | | | 06.07.21 മുതൽ 03/22 വരെ 05.07.21 വരെയുള്ള 5000/-രൂപ നിരക്കിലാണ് ഈടാക്കിയത്. | |
| 47. | റൂം നം.9 | ബാബു വർഗ്ഗീസ്, പ്ലാമൂട്ടിൽ | | | 06.07.21 മുതൽ 03/22 വരെ 05.07.21 വരെയുള്ള 3000/-രൂപ നിരക്കിലാണ് ഈടാക്കിയത്. | |
| 48. | റൂം. നം.10,11 | പ്രേംകുമാർ കെ.ബി, പുളിയന്താനത്ത് | | | 06.07.21 മുതൽ 03/22 വരെ 05.07.21 വരെയുള്ള 5000/-രൂപ നിരക്കിലാണ് ഈടാക്കിയത്. | |
| 49. | റൂം നം.13 | പി,സി.തോമസ്, പതാരംചിറ | | | 06.07.21 മുതൽ 03/22 വരെ 05.07.21 വരെയുള്ള 5000/-രൂപ നിരക്കിലാണ് ഈടാക്കിയത്. | |
| 50. | റൂം നം.16 | ശ്രീകല പ്രേംകുമാർ പുളിയന്താനത്ത് | | | 21.12.21 മുതൽ 03/22 വരെ 20.12.21 വരെയുള്ള 3000/-രൂപ നിരക്കിലാണ് ഈടാക്കിയത് | |

പട്ടികയിൽ പരാമർശിച്ചിട്ടുള്ള വാടക അടച്ചിട്ടില്ലാത്ത കട ഉടമകളിൽ നിന്ന് കുടിശ്ശിക തുക ഈടാക്കുന്നതിനും കരാർ പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് കടമുറികളുടെ 2021-22 വരെയുള്ള വാടക കുടിശ്ശിക അടച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. വാടക അടച്ചതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ /കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ക്രമ നം.3, 7 എന്നിവയിൽ വാടക കുടിശ്ശിക അടച്ചതുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങളാണ് ലഭ്യമാക്കിയത്. തെറ്റായ വിവരങ്ങൾ ഓഡിറ്റിൽ

ഹാജരാക്കുന്നത് ശരിയായ നടപടിയല്ല. രേഖകൾ കൃത്യമാക്കേണ്ടതാണ്.

## 1-19-1 വാടക ഈടാക്കിയില്ല

വാടക ഡിമാന്റ് രജിസ്റ്റർ (2021-22) പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മുറികളുടെ വാടക 2021-22 വർഷം ഈടാക്കിയതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/21.01.2023) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ സഹിതമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | റൂം നമ്പർ<br>മുനിസിപ്പൽ ആർക്കേഡ് | ലൈസൻസിയുടെ പേര് | മറുപടിയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 5610/05 | 27 | വി.ഒ.മുഹമ്മദാലി | 1/21 മുതൽ 5/21 വരെയുള്ള വാടക അടച്ചിട്ടുണ്ട്. എന്നാൽ 6/21 മുതൽ 4/22 വരെയുള്ള വാടക അടച്ചതായി മറുപടി ഹാജരാക്കിയെങ്കിലും തുക അടച്ചതുമായി ബന്ധപ്പെട്ട രസീതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 3706/90 | 30 | റസീന പി.എ | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 3 | 3972/86 | 34 | പദ്മ വി.കുമാർ, ഷൺമുഖവിലാസം | വാടക ഈടാക്കിയിട്ടുണ്ട്. |
| 4 | രേഖപ്പെടുത്തിയിട്ടില്ല | 35 | അബ്ദുൾ വഹാബ്, സ്മാർട്ട് കോട്ടേജ് | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 5 | " | 37 | " | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 6 | R6-7313/90 | 40 | എൻ.വി.സുജ, ശാസ്താംകോവിൽ | 4/15 മുതൽ 7/21 വരെയുള്ള വാടക കുടിശ്ശിക അടച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഡിമാന്റ് രജിസ്റ്ററിൽ ഇല്ല |
| 7 | R6-3976/86 | 41 | ജോസ് മാത്യു, ഇടയാടിയിൽ | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 8 | രേഖപ്പെടുത്തിയിട്ടില്ല | New Bunk No.1 Bus Stand,Room No.3 | സിനാജ് | വാടക അടച്ചെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 9 | R6-2810/38 | ഷോപ്പിംഗ് സെന്റർ, മുനിസിപ്പൽ ഓഫീസിനു സമീപം | പി.ബി.ഷാജി, പുളിമൂട്ടിൽ | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 10 | R6-10911/19(1) | പെരുന്ന ഷോപ്പിംഗ് സെന്റർ | സെക്രട്ടറി, പുഴവാത് സർവ്വീസ് സഹകരണ ബാങ്ക് | ടി കടമുറി ഒഴിഞ്ഞിട്ടുള്ളതും പുനർ ലേലം നടത്തി പുതിയആളിന് നൽകിയിട്ടുള്ളതുമാണ്. പഴയ വാടകക്കാരനിൽ നിന്ന് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 11 | R6-4413/82 | ലൈബ്രറി ബിൽഡിംഗ്, റൂം.നം.3 | ഡെപ്യൂട്ടി ഡവലപ്പ്മെന്റ് ഓഫീസർ, റബർ ബോർഡ് | കേന്ദ്ര സർക്കാർ സ്ഥാപനം. വാടക ഒടുക്കി കരാർ പുതുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 12 | R6-8294/96(11) | മിനി ഷോപ്പിംഗ് സെന്റർ, നിയർ സ്റ്റേഡിയം, റൂം നം.-5 | വി.ജെ.ജോർജ്ജുകുട്ടി, വാഴയിൽ | 8/19 മുതൽ 11/22 വരെയുള്ള വാടക കുടിശ്ശിക അടച്ചിട്ടുണ്ട്. |
| 13 | " | ഷോപ്പ് കം ഓഫീസ് വണ്ടിപ്പേട്ട (FF) റൂം നം.4 | റ്റി.എൻ.സുകുമാരൻ, ഏരിയ പ്രസിഡന്റ്, BMS | 11/17 മുതൽ 12/19 വരെയുള്ള വാടക കുടിശ്ശിക അടച്ചിട്ടുണ്ട്. എന്നാൽ ശേഷിക്കുന്ന തുക അടയ്ക്കാതിരുന്നതിനാൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 14 | R6-2700/93 | വണ്ടിപ്പേട്ട ഷെഡ് റൂം നം.1 | കുഞ്ഞമ്മ ജോസ്, പാറക്കടവിൽ | ടി ഷെഡ്ഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നു. തർക്കം പരിഹരിച്ച് ലേലം നടത്തി വാടകയ്ക്ക് നൽകേണ്ടതാണ്. |
| 15 | R6-9586/07 | ബസ് ടെർമിനൽ, പെരുന്ന, റൂം. നം.1 | സജീവ് റഷീദ്, സാജ് കോട്ടേജ് | 8/18 മുതൽ 8/20 വരെയുള്ള വാടക കുടിശ്ശിക അടച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക അടയ്ക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. |
| 16 | R6-9586/07 | ബസ് ടെർമിനൽ, പെരുന്ന, റൂം. നം.3 | ക്രിസ്റ്റി അഗസ്റ്റിൻ | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 17 | R6-9586/07 | SC-ST റൂം നം.8 | പി.എം.പുഷ്പാകരൻ, പുത്തേടത്തുകളത്തിൽ | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 18 | R6-9586/07 | SC-ST റൂം നം.9 | വി.എ.അഗസ്റ്റിൻ, ലൈസാമ്മ അഗസ്റ്റിൻ | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കടമുറി പുനർ |

| | | | | |
|---|---|---|---|---|
| | | | | ലേലം ചെയ്തിട്ടുണ്ട്. |
| 19 | R6-9586/07 | SC-ST റൂം നം.10 | തോമസ് മാത്യു, തുമ്പുങ്കൽ | നഗരസഭ കടമുറി പൂട്ടി വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 20 | R6-9586/07 | SC-ST റൂം നം.12 | കെ.എ.സജി | മുറി ഒഴിഞ്ഞു. വാടക ഈടാക്കുന്നതിന് ആർ.ആർ നടപടി സ്വീകരിച്ചു. |
| 21 | R6-10480/07 | സ്റ്റേഡിയം പവലിയൻ, റൂം നം.1 | സോയിൽ കൺസർവേഷൻ ഓഫീസ് | 23.12.2022 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം വാടക നിശ്ചയിച്ചിട്ടുള്ളതാണ്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 22 | R6-10480/07 | സ്റ്റേഡിയം പവലിയൻ, റൂം നം.2 | സി.ഡി.പി.ഒ, ഐ.സി.ഡി.എസ് ഓഫീസ് | വാടക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 23 | R6-7249/07 | സ്റ്റേഡിയം പവലിയൻ, റൂം നം.3 | സെക്രട്ടറി, ടൗൺ ക്ലബ്ബ് | 4/20 മുതലുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ട് |
| 24 | R6-9089/07 | സ്റ്റേഡിയം ഗാലറി, ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.8 | തങ്കമ്മ ചാക്കോ | വാടക ഈടാക്കുന്നതിന് നോട്ടീസ് നൽകി. |
| 25 | R6-736/89 | സ്റ്റേഡിയം ഗ്യാലറി, ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.15 | പുതുജീവൻ ട്രസ്റ്റി | പൊളിഞ്ഞ് പോയി. ഒഴിഞ്ഞ് പോകാത്ത ലൈസൻസികളിൽ നിന്ന് വാടക ഈടാക്കുന്നതിന് നോട്ടീസ് നൽകി. |
| 26 | R6-2443/97 | " റൂം നം.20 | റ്റി.എസ്.ചാക്കോ | |
| 27 | R6-2138/07 | റൂം നം.31 | റാണി ചാക്കോ | |
| 28 | R6-2138/92 | റൂം നം.37 | പി.കെ.മോഹനൻ | |
| 29 | R6-8531/14 | വെജിറ്റബിൾ മാർക്കറ്റ് റൂം നം.4 | അലക്സ് ജോസഫ് | 5/19 മുതൽ 4/20 വരെയുള്ള വാടക ഈടാക്കിയിട്ടുണ്ട്. ബാലൻസ് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| 30 | R6-628/96 | ഫിഷ് മാർക്കറ്റ് റൂം നം.1 | മാർട്ടിൻ ജോസഫ് | |
| 31 | രേഖപ്പെടുത്തിയിട്ടില്ല | ഫിഷ് മാർക്കറ്റ്, ഹോൾസെയിൽ ഷോപ്പ്, റൂം നം.7 | മനോജ് ഇ.ജെ | 2022-23 വർഷം വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 32 | " | ഫിഷ് മാർക്കറ്റ് റീടെയിൽ ഷോപ്പ് റൂം.7 " | കെ.ജെ.ബാബു, കോടിക്കൽ ഫിഷ് മാർക്കറ്റ് | ഡിമാന്റ് നോട്ടീസ് നൽകി ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 33 | " | " റൂം നം.13 | ജോമോൻ ഫിലിപ്പ് | പുനർ ലേലം നടത്തി പുതിയ വാടകക്കാരന് നൽകിയിട്ടുണ്ട്. പഴയ വാടകക്കാരനിൽ നിന്ന് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 34 | " | " റൂം നം.19 | വി.ഡി.ബാബു, വാലുങ്കൽ | 1/18 മുതൽ 6/19 വരെയുള്ള വാടക 107297/30.11.2022 നം. രസീത് പ്രകാരം അടച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും 6/19 ലെ വാടക മാത്രമാണ് ഈ രസീത് പ്രകാരം അടച്ചിട്ടുള്ളത്. 2022-23 വർഷം |

| | | | | |
|---|---|---|---|---|
| | | | | 7/19 മുതലുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ട്. എന്നാൽ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 35 | “ | " റൂം നം.30 | ജിജി ജിൻസൺ | 11/16 മുതൽ 9/19 വരെയുള്ള വാടക കുടിശ്ശിക 106355/2.11.2022 രസീത് പ്രകാരം അടച്ചതായി അറിയിച്ചെങ്കിലും സേർച്ച് ഫീ ഇനത്തിലെ 7 രൂപയാണ് ഈടാക്കിയിട്ടുള്ളതെന്ന് രസീത് പരിശോധിച്ചതിൽ വ്യക്തമായി. തുക പൂർണ്ണമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 36 | “ | " റൂം നം.38 | സെബാസ്റ്റ്യൻ ജോസഫ് | വാടക കുടിശ്ശിക 2022-23 വർഷം ഈടാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 37 | “ | " റൂം നം.31 | പരീത് കുഞ്ഞ് | വാടകക്കാരൻ ഒഴിഞ്ഞതിന് ശേഷം പുനർ ലേലം നടത്തിയിട്ടുണ്ട്. പഴയ വാടകക്കാരനിൽ നിന്ന് വാടക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 38 | “ | " റൂം നം.35 | വർഗ്ഗീസ് മാത്യു | 7/19 മുതൽ 10/20 വരെയുള്ള വാടക 2022-23 വർഷം ഈടാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 39 | “ | " റൂം നം.46 | ഷമീർ നൗഷാദ് | കട മുറിയുടെ വാടക കുടിശ്ശിക 2022-23 വർഷം ഈടാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 40 | “ | " റൂം നം.47 | ജോൺസൺ സെബാസ്റ്റ്യൻ | വാടക കുടിശ്ശിക ഈടാക്കുന്നതിനായി ആർ .ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 41 | “ | " റൂം നം.48 | ഹസ്സൻ കുഞ്ഞ് | 4/20 മുതൽ 8/21 വരെയുള്ള വാടക 2022-23 വർഷം ഈടാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 42 | “ | " കാന്റീൻ | ഷേർലി ജോർജ്ജ് | 3/21 മുതൽ 3/22 വരെയുള്ള വാടക കുടിശ്ശിക ഈടാക്കിയതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 43 | ഇല്ല | വേഴയ്ക്കാട്ട് ചിറ റൂം നം.1 | കുര്യാക്കോസ് പി.ജെ | കട ഒഴിഞ്ഞു. പുനർ ലേലം നടത്തി. അതിനാൽ പഴയ വാടകക്കാരനിൽ നിന്നുള്ള വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 44 | ഇല്ല | വേഴയ്ക്കാട്ട് ചിറ റൂം നം.5 | ജാൻസി ജോൺസൺ | കട ഒഴിഞ്ഞു. പുനർ ലേലം നടത്തി. ഡെപ്പോസിറ്റിൽ നിന്ന് വാടക ഈടാക്കുന്നതിന് തീരുമാനിച്ചു. |
| 45 | ഇല്ല | നം.1 ബസ് സ്റ്റാന്റ് ബങ്ക് സ്പേസ് റൂം നം.2 | ഷമീർ സലിം | 6/19 മുതൽ 12/20 വരെയുള്ള വാടക രസീത് നം. 36707/4.7.2022 പ്രകാരവും, 1/21 മുതൽ 7/21 വരെയുള്ള വാടക രസീത് നം. 36703/4.7.2022 പ്രകാരവും അടച്ചതായി മറുപടി ലഭ്യമാക്കിയെങ്കിലും രസീതുകൾ പരിശോധിച്ചതിൽ 36703/4.7.2022 പ്രകാരം 1/21 മുതൽ 6/21 |

| | | | | |
|---|---|---|---|---|
| | | | | വരെയുള്ള വാടകയും രസീത് നം. 36707/4.7.2022 പ്രകാരം ഇട്ടി.ടി.കോര എന്ന വ്യക്തി ടിയാൾ വാടകയ്ക്കെടുത്ത ഷോപ്പിംഗ് സെന്ററിന്റെ 7/2022-ലെ വാടക അടച്ചതിന്റെ രസീത് ആണ് എന്നും ബോദ്ധ്യപ്പെട്ടു. |
| 46 | R6-736/89 | സ്റ്റേഡിയം ഗ്യാലറി ഷോപ്പിംഗ് കോംപ്ലക്സ് റൂം.നം.13 | ശ്രീകുമാർ വളാംപറമ്പിൽ | വാടക ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള കടമുറികളിൽ വാടക ഈടാക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ/ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഈടാക്കാൻ അവശേഷിക്കുന്ന കടമുറികളുടെ വാടക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. വാടകക്കാരുമായി എഗ്രിമെന്റ് പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ക്രമ നം.46 പ്രകാരം ഹാജരാക്കിയ മറുപടിയിൽ, വാടക ഈടാക്കിയത് സംബന്ധിച്ച കൃത്യമായ വിവരങ്ങളല്ല ഹാജരാക്കിയിരുന്നത്. ക്രമ നം.42 പ്രകാരം തുക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ മറുപടി ലഭ്യമാക്കിയത് ശരിയായ നടപടിയല്ല. ഈ കട മുറികൾ ഏറ്റെടുത്തവരിൽ നിന്ന് വാടക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-20 ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 8046 കെട്ടിടങ്ങൾ നഗരസഭാ പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ/റെസ്റ്റോറന്റ്/ഷോപ്പുകൾ, | 6052 |

| | |
|---|---|
| ഗോഡൗണുകൾ | |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്ററിൽ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ/റെസ്റ്റോറന്റ് /ഷോപ്പുകൾ, ഗോഡൗണുകൾ | 1191 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 10 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീറ്ററിൽ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 355 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 59 |
| ആശുപത്രികൾ | 79 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരിഷെഡ് | 4 |
| ഇതര വ്യവസായങ്ങൾ | 296 |
| ആകെ | 8046 |

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകളിലെ നിലവിലെ രേഖപ്പെടുത്തലുകൾ പ്രകാരം, ലൈസൻസ് എടുത്തതായി കാണിച്ചിരിക്കുന്ന സ്ഥാപനങ്ങൾ 2,449 എണ്ണം മാത്രമാണ്. സഞ്ചയയിലെ കണക്ക് പ്രകാരം 37 കെട്ടിടങ്ങൾ മാത്രമാണ് ഡീമോളിഷ് ചെയ്തിരിക്കുന്നത്. സഞ്ചയ പ്രകാരം നഗരസഭ പരിധിയിൽ തൻവർഷം ആരുംതന്നെ വേക്കൻസി റെമിഷന് അപേക്ഷിച്ചിട്ടുമില്ല. ആയതിനാൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുണ്ടെന്ന് പറയാനുമാകില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ എണ്ണവും, രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ലൈസൻസ് അനുവദിച്ചവയുടെ എണ്ണവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ലൈസൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും, ട്രേഡേഴ്സ് ലിസ്റ്റ് ഇല്ലാത്തതിനാലും ഏതെല്ലാം സ്ഥാപനങ്ങളാണ് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 447-ലെ ഒന്നാം ഉപവകുപ്പ് പ്രകാരം ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭകത്വ പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും നഗരസഭയിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ വിഷയത്തിന്മേൽ ഓഡിറ്റിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 03.03.2023 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.83 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്റർ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-20-1 ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

IFTE &OS ലൈസൻസ് രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും, താഴെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(1) നഗരസഭയിലെ ഓരോ വാർഡിലേയും മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കാതെ ലൈസൻസിനുള്ള അപേക്ഷ നൽകിയ സ്ഥാപനങ്ങളുടെ പേര് മാത്രം ഉൾപ്പെടുത്തിയാണ് IFTE &OS രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

അസസ്'മെന്റ് രജിസ്റ്റർ പ്രകാരമുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ നഗരസഭാ പരിധിയ്ക്കുള്ളിൽ ആകെ എത്ര

സ്ഥാപനങ്ങൾ ഉണ്ടെന്നോ, അവയിൽ എത്രയെണ്ണം ലൈസൻസ് എടുത്തിട്ടുണ്ടെന്നോ ഉള്ള കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

(2) 21 മുതൽ 27 വരെ വാർഡുകളിലെ (രജിസ്റ്റർ പഴയ വാർഡ് 11 മുതൽ 14 പ്രകാരം എഴുതിയ) അപേക്ഷകൾ എല്ലാം തന്നെ രജിസ്റ്ററിൽ ചേർക്കാതെ അപൂർണ്ണമായാണ് സൂക്ഷിച്ചിട്ടുള്ളത്.

ഉദാ:-താഴെ പേര് സൂചിപ്പിച്ചിരിക്കുന്ന വ്യാപാരികളുടെ അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം. | പുതിയ വാർഡ് | പേര് |
|---|---|---|
| 1 | 26/51(1) | ലക്ഷ്മി ബി, മാത്തൻപറമ്പിൽ, വെരൂർ പി.ഒ(ഷാലിമാർ വിടിഫൈഡ് & സാനിട്ടറി |
| 2 | 27/91(3) | രാജിമോൾ ആർ, വലിയപറമ്പിൽ, പുഴവാത് |
| 3 | 23/174 | രാജലക്ഷ്മി, കൊച്ചുമുതലപ്പറമ്പിൽ, പെരുന്ന (ലക്ഷ്മി സ്റ്റോഴ്സ്) |
| 4 | 24/66 | ശബരിനാഥ്, ശബരിഗിരി, പെരുന്ന(ബാറ്ററി, ഓയിൽ) |
| 5 | 24/67(1) | സജീവ് കെ.കെ, S/O കൃഷ്ണൻകുട്ടി, കൊച്ചുപുരയിൽ |
| 6 | 24/67(2) | ബിജോയ് ശങ്കർ, പുത്തൻകളം, രാമങ്കരി |

രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിലെ അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.72/2021-22/23.02.2023) മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയാറാക്കി സൂക്ഷിക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കി വിശദ വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-21 നഗരസഭയുടെ അനുമതിയില്ലാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ഹോസ്പിറ്റലുകളോ പാരാമെഡിക്കൽ സ്ഥാപനമോ മുൻകൂർ അനുമതിയില്ലാതെ പ്രവർത്തിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം ആകെ 12 സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്/പുതുക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ വാർഷിക കണക്ക് RP-4 പ്രകാരം ടിയിനത്തിൽ ₹6,500 വരവുള്ളതായി കാണുന്നു. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം മുൻവർഷങ്ങളിൽ പുതിയ രജിസ്ട്രേഷൻ എടുത്ത്/പുതുക്കിയ പല സ്ഥാപനങ്ങളും 2021-22 വർഷം രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെന്റ് മേരീസ് മൾട്ടിസ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്ക് & ഇംപ്ലാന്റോളജി സെന്റർ, പെരുന്ന, ചങ്ങനാശ്ശേരി |
| 2 | സഞ്ജീവനി ഹോസ്പിറ്റൽ |

| | |
|---|---|
| 3 | ഡോ.ആന്റണി ജോർജ്ജ്, മാലിയിൽ മെഡിക്കൽ സെന്റർ |
| 4 | ഡോ.സജിമോൻ തോമസ്, ഡയനോവ ലബോറട്ടറീസ് |
| 5 | ഡെന്റൽ കെയർ & ഡെന്റൽ ക്ലിനിക്ക് |
| 6 | മഹായാന ആയുർവേദ ആശുപത്രി |
| 7 | ഡോക്ടർ ക്ലിനിക്ക്, വാഴപ്പള്ളി |
| 8 | മോഡേൺ ക്ലിനിക്കൽ ലബോറട്ടറി |
| 9 | ഡിവൈൻ ക്ലിനിക്കൽ ലബോറട്ടറി |
| 10 | ബീനാ ക്ലിനിക്കൽ ലാബ് |
| 11 | സെന്റ് ജോൺസ് ക്ലിനിക്കൽ ലാബ് |
| 12 | സെന്റ് ജോൺസ് ഡയഗ്നോസ്റ്റിക് സെന്റർ |
| 13 | അമൃത ക്ലിനിക്കൽ ലാബ് |
| 14 | ക്യൂവർ സെന്റർ ഇന്റർനാഷണൽ ഹോളിസ്റ്റിക്ക് ഹെൽത്ത് സർവ്വീസസ് |
| 15 | ഫൈറ്റോ ഫോൺ ഹെൽത്ത് കെയർ ഇൻഡ്യാ (പ്രൈവറ്റ്) ലിമിറ്റഡ് |
| 16 | അമൃത ആയുർവേദ മെഡിക്കൽ സെന്റർ |
| 17 | ശ്രീശങ്കര ഹോസ്പിറ്റൽ |
| 18 | സഞ്ജീവനി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് |
| 19 | അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ |
| 20 | അമൃതശ്രീ ലാബ്സ്, ചങ്ങനാശ്ശേരി |
| 21 | പുഞ്ചിരി ഡെന്റൽ ക്ലിനിക്ക് |
| 22 | സ്കാൻറോൺ ഡയഗ്നോസ്റ്റിക് റിഫ പ്ലാസ, ഐ.സി.ഒ.ജംഗ്ഷൻ, പെരുന്ന |
| 23 | കൈനടി ഡെന്റൽ ക്ലിനിക്ക് |
| 24 | ഡോ.രാജ്ജൂസ് ഹോമിയോ ക്ലിനിക്ക് |
| 25 | ജേക്കബ്സ് ഡെന്റൽ ക്ലിനിക്ക്, പെരുന്ന ബസ് സ്റ്റാന്റ് കോംപ്ലക്സ് |
| 26 | താമരപ്പള്ളി ഐ ക്ലിനിക്ക്, പി.പി.ജോസ് റോഡ് |
| 27 | ക്യൂവർ & കെയർ ഹോമിയോപ്പതിക് ഹെൽത്ത് സെന്റർ |
| 28 | മരിയ ഡയഗ്നോസ്റ്റിക് സെന്റർ |
| 29 | കോവ്വൂർ മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ സെന്റർ |
| 30 | സെന്റ് ജോർജ്ജ് ഹോമിയോപ്പതിക് ക്ലിനിക്ക് |
| 31 | ഡോക്ടർ സ്കാൻ & ഡയഗ്നോസ്റ്റിക് സെന്റർ |
| 32 | സമരിറ്റൻ മെഡിക്കൽ സെന്റർ |
| 33 | സെന്റ് ആന്റണീസ് ലബോറട്ടറി |
| 34 | ഡയനോവ ലബോറട്ടറി |
| 35 | സ്മൈൽസ് ഫോർ യു ഡെന്റൽ ക്ലിനിക്ക് |
| 36 | പുരയ്ക്കൽ ഡെന്റൽ ക്ലിനിക്ക് |
| 37 | മുല്ലത്ത് ഡെന്റൽ ക്ലിനിക്ക് |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് 01.03.2023-ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.81-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ പരിശോധന നടത്തി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്നും എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതും രജിസ്റ്റർ കൃത്യമാക്കേണ്ടതുമാണ്. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത നിരക്കിൽ പിഴ സഹിതം രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-22 നഗരസഭാ കണ്ടിജന്റ് ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ പൂർണ്ണമായി അടച്ചിട്ടില്ല

ഫയൽ നം.H2-8971/19

ജി.ഒ(പി)നം.20/13/ധന./7.1.2013 പ്രകാരം 1.4.2013 മുതൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ബത്തയും ഉൾപ്പടെയുള്ള തുകയുടെ 10% ഈടാക്കി തത്തുല്യ തുക സർക്കാരിന്റെ വിഹിതവും ചേർത്ത് ഓരോ ജീവനക്കാരുടെയും പെൻഷൻ അക്കൗണ്ടിൽ അടവാക്കേണ്ടതാണെന്നും, ജി.ഒ (പി) നം./622/13/ധന. /19.12.2013 പ്രകാരം ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് 30 ദിവസത്തിനുള്ളിൽ പ്രാൺ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഡി.ഡി.ഒ-യെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പ്രാൺ ലഭിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 1.4.2013-ന് ശേഷം ജോലിയിൽ പ്രവേശിച്ച 26 പേരുടെ പ്രാൺ ലഭിക്കുന്നതിനായി സ്വകാര്യ സ്ഥാപനത്തെ ഏല്പിച്ചിരുന്നുവെങ്കിലും 23 പേർക്ക് മാത്രമാണ് ലഭിച്ചതെന്നും ശേഷിക്കുന്ന ജീവനക്കാർക്ക് PRAN ലഭിച്ചിട്ടില്ലായെന്നും (28.12.2022ൽ) രേഖപ്പെടുത്തിയിരിക്കുന്നു. ജീവനക്കാരിൽ നിന്ന് കോൺട്രിബ്യൂട്ടറി പെൻഷൻ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയിരുന്ന ഓഡിറ്റ് അന്വേഷണത്തെ (68/22.02.2023) തുടർന്ന് കണ്ടിജന്റ് ജീവനക്കാരിൽ നിന്ന് കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി. അതോടൊപ്പം പ്രാൺ ലഭിച്ചിട്ടുള്ള എല്ലാ കണ്ടിജന്റ് ജീവനക്കാരുടെയും 2022 മെയ് മാസം മുതൽ സെപ്റ്റംബർ 2022 വരെയുള്ള പെൻഷൻ വിഹിതവും തദ്ദേശ സ്ഥാപന വിഹിതവും അടവാക്കിയിട്ടുള്ളതായും മറുപടി നൽകി. എന്നാൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും താഴെപ്പറയും പ്രകാരം കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തുക ഈടാക്കിയ മാസങ്ങൾ | ഈടാക്കിയ തുക | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|
| 1 | ഷെക്കീന വി ഐ | 2019 മെയ് മുതൽ 2022 ഏപ്രിൽ വരെ | 77,181 | 18.6.2018 |
| 2 | തുളസി. റ്റി.ഡി | 2019 മെയ് മുതൽ 2022 ഏപ്രിൽ വരെ | 76,140 | 18.6.2018 |
| 3 | നജ്മമ്മ ബി | 2019 മെയ് മുതൽ 2022 ഏപ്രിൽ വരെ | 75,778 | 18.6.2018 |
| 4 | സുമ. എം | സെപ്റ്റംബർ 2019 മുതൽ 2022 ഏപ്രിൽ വരെ | 70,728 | 9.8.2019 |
| 5 | മായ വി.എം | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 77,181 | 18.6.2018 |

| | | | | |
|---|---|---|---|---|
| 6 | രജനിമോൾബാബു | 2019 മെയ് മുതൽ 2022 ഏപ്രിൽ വരെ | 77,181 | 18.6.2018 |
| 7 | ചന്ദ്രിക കെ | 2019 ജൂലൈ മുതൽ ഫെബ്രുവരി 2023 വരെ | 99,000 | 1.6.2013 |
| 8 | ശ്രീദേവി എം.വി | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 77,181 | 18.6.2018 |
| 9 | ശ്രീദേവി ആർ | 2019 മെയ് മുതൽ 2022 ഏപ്രിൽ വരെ | 75,940 | 23.1.2019 |
| 10 | ഷാജി പി ഡി | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 77,181 | 18.6.2018 |
| 11 | സോമിനിസാമുവൽ | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 76,900 | 18.6.2018 |
| 12 | പുഷ്പകല എസ് | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 77,181 | 18.6.2018 |
| 13 | പ്രീതി ജെ | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 77,181 | 18.6.2018 |
| 14 | നസീമ കെ ജി | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 85,000 | 1.8.2013 |
| 15 | മഹേഷ് കെ.കെ | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 76,983 | 18.6.2018 |
| 16 | ലൈല പി | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 92,194 | 10.10.2013 |
| 17 | ബിന്ദു കെ.ബി | 2019 സെപ്റ്റംബർ മുതൽ ഏപ്രിൽ 2022 വരെ | 70,728 | 9.8.2019 |
| 18 | അമ്പിളി പി | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 76,675 | 18.6.2018 |
| 19 | ബിജു സി.എം | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 77,181 | 18.6.2018 |
| 20 | അജിത പി | 2019 ജൂലൈ മുതൽ ഏപ്രിൽ | 75,081 | 18.6.2018 |

| | | | | |
|---|---|---|---|---|
| | | 2022 വരെ | | |
| 21 | ബിന്ദുമോൾ എം.കെ | 2019 സെപ്റ്റംബർ മുതൽ ഏപ്രിൽ 2022 വരെ | 70,728 | 9.8.2019 |
| 22 | ഗീതമ്മ കെ.ഡി | 2019 മെയ് മുതൽ 2022 ഏപ്രിൽ വരെ | 77,181 | 18.6.2018 |
| 23 | ഷീബ പി ജി | 2019 ജൂലൈ മുതൽ ഏപ്രിൽ 2022 വരെ | 77,181 | 18.6.2018 |
| ആകെ | | | 17,93,685 | |

മുകളിൽ ചേർത്തിട്ടുള്ള പട്ടിക പ്രകാരം കണ്ടിജന്റ് ജീവനക്കാരിൽ നിന്ന് ₹17,93,685 ഈടാക്കി നഗരസഭാ ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 2013 വർഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്ന് പോലും 2019 വർഷം മുതൽ മാത്രമാണ് കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം ഈടാക്കിയിട്ടുള്ളത്. സർക്കുലർ നം.15/22/ധന/3.3.2022 പ്രകാരം, സമയബന്ധിതമായി എൻ.പി.എസ് വിഹിതം ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതിരിക്കുന്നത് മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാ വിഹിതവും ചേർത്ത് തുക അടിയന്തിരമായി ഒടുക്കുവരുത്തി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
പ്രാൺ അക്കൗണ്ട് ലഭിക്കാൻ ശേഷിക്കുന്ന മറ്റ് മൂന്ന് കണ്ടിജന്റ് ജീവനക്കാരിൽ നിന്ന് കോൺട്രിബ്യൂട്ടറി പെൻഷൻ ഈടാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി ജീവനക്കാർക്ക് കൂടി പ്രാൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇവരുടെ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂട്ടറി പെൻഷൻ ഈടാക്കി നഗരസഭാ വിഹിതവും ചേർത്ത് അടിയന്തിരമായി ഒടുക്കുവരുത്തി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനം ഉപയോഗശൂന്യമായി നഗരസഭാ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു-അധികൃതരുടെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ച

നഗരസഭയിൽ ശുചീകരണാവശ്യത്തിനായി ഉപയോഗിച്ചിരുന്ന വാഹനം നഗരസഭാ കോമ്പൗണ്ടിൽ പ്രവർത്തിപ്പിക്കാതെ സൂക്ഷിച്ചിരിക്കുന്നു. KL33A-4949-ാം നമ്പരായുള്ള ടി ടിപ്പർ ലോറിയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ടി വാഹനം 28.06.2021 വരെ മാത്രം ഓടിയിട്ടുള്ളതായി കാണുന്നു. വാഹനം ലേലം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം.55/15.2.2023 നൽകിയതിനെ തുടർന്ന് വാഹനം ലേലം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി) ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മാവേലിക്കര പി.ഡബ്ലിയു മെക്കാനിക്കൽ ഡിവിഷനിൽ നിന്ന് ₹97,000യുടെ വാല്യവേഷൻ ലഭിച്ചതിൻ പ്രകാരം ₹1,07,000യ്ക്ക് അബ്ദുൾ ജബ്ബാർ എന്ന വ്യക്തി ലേലം കൊള്ളുകയും മൂന്നിലൊന്ന് തുകയായ ₹36,000 അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ₹71,000 വാഹനം ലേലം കൊണ്ട വ്യക്തിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

2) ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഓൺ ലൈനായി പരിശോധിച്ചതിൽ വാഹനത്തിന്റ രജിസ്ട്രേഷൻ കാലാവധി 16-6-2021 തീയതിയിലും ഇൻഷ്വറൻസ് പോളിസി 21-3-2022 തീയതിയിലും വാഹനത്തിന്റെ പെർമിറ്റ് 25-3-2014 ലും അവസാനിച്ചിട്ടുള്ളതാണ്. വാഹനത്തിന്റെ ഫിറ്റ്നെസ് സമീപ കാലങ്ങളിൽ പരിശോധിച്ചിട്ടുള്ളതായി രേഖയില്ല. 2009 വർഷം വാങ്ങിയ വാഹനം കേവലം 55750 കി.മീ മാത്രമാണ് ഓടിയിട്ടുള്ളത്. 13 വർഷം മാത്രം പഴക്കമുള്ള വാഹനമാണ് പുനരുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ നഗരസഭാ കോമ്പൗണ്ടിൽ സൂക്ഷിച്ചത്. വാഹനം അറ്റകുറ്റപ്പണികൾ നടത്തി പുനരുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ലേലം ചെയ്ത് നൽകിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം നാൾക്ക് നാൾ വർദ്ധിക്കുന്നു-നഗരസഭയ്ക്ക് വൻബാദ്ധ്യത

നഗരസഭ പൊതു ടാപ്പുകളുടെ വെള്ളക്കരം കൃത്യമായി അടയ്ക്കാതിരുന്നതിനാലും ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്താതിരുന്നതിനാലും വെള്ളക്കരം മാസം തോറും വർദ്ധിച്ച് വൻ ബാദ്ധ്യത സൃഷ്ടിക്കുന്നു.വാട്ടർ അതോറിറ്റിയുടെ ഡിസംബർ 2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 407 പൊതു ടാപ്പുകൾക്ക് പ്രതിവർഷം ₹8278 നിരക്കിൽ ₹2,80,762-യാണ് പ്രതിമാസം അടയ്ക്കാനുണ്ടായിരുന്നത്. പ്രസ്തുത ഡിമാന്റ് നോട്ടീസ് പ്രകാരം മുന്നിരിപ്പ് ₹6,31,55,010-യും ഫൈൻ ₹12,38,907-യും തൻമാസത്തെ വെള്ളക്കരവും ഉൾപ്പെടെ ₹6,46,74,679-യാണ് ബാദ്ധ്യത. കേരള വാട്ടർ അതോറിറ്റിയുടെ 20.09.2022-ലെ എബി2/3616/2019 നം. കത്ത് പ്രകാരം ₹3,90,79,554 ഒറ്റത്തവണ തീർപ്പാക്കലിലൂടെ ഒഴിവാക്കിയിട്ടുണ്ടെന്നും ബാക്കി തുകയായ ₹3,76,75,535 അടച്ചുതീർക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ തുക ഏത് കാലയളവിലേതാണെന്നും ആയതിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കേണ്ടതാണ്.

09.11.2020-ൽ വാട്ടർ അതോറിറ്റിയും നഗരസഭയും സംയുക്ത പരിശോധന നടത്തിയതിൽ, പ്രവർത്തനക്ഷമമായ 198 ടാപ്പുകൾ മാത്രമേ ഉള്ളൂ എന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ഇതിനു ശേഷവും 2021 ഡിസംബർ മാസം വരെ 407 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിരുന്നത്. സംയുക്ത പരിശോധനയ്ക്ക് ശേഷം കണ്ടെത്തിയ ടാപ്പുകളുടെ എണ്ണത്തിനാനുപാതികമായി വെള്ളക്കരം കുറവ് ചെയ്യണമെന്നും മീറ്റർ ഇല്ലാത്ത ടാപ്പുകൾക്ക് മീറ്റർ വെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടും നഗരസഭ കത്ത് നൽകിയിട്ടുണ്ടെങ്കിലും വെള്ളക്കരം കുറവ് ചെയ്തിട്ടില്ല. ഇതിന് ശേഷം 2022 നവംബർ മാസം 198 ടാപ്പുകളുടെ വെള്ളക്കരം ₹1,43,418 ഉൾപ്പെടെ ₹3,94,58,120 ഡിമാന്റ് ചെയ്തിരുന്നെങ്കിലും തുകയൊന്നും അടച്ചിട്ടില്ല.

ഫയൽ പ്രകാരം 2007-08 വർഷം ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിലെ ₹8,47,674-യും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിലെ ₹8,47,675-യും ഉൾപ്പെടെ ₹16,95,349-യും 2018-19 വർഷം ₹20,12,348 (വികസനഫണ്ട് - ₹10,16,042, ജനറൽ പർപ്പസ് ഗ്രാന്റ് ₹9,96,306) യും 2019-20 വർഷം വികസനഫണ്ടിൽ നിന്ന് ₹84,29,142 യും കുറവ് ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിൽ സോഴ്സിൽ നിന്ന് കുറവ് ചെയ്ത തുകകൾ വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ കുറവ് ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ, വെള്ളക്കരം അടച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ ഹാജരാക്കുന്നതിനും വെള്ളക്കരമിനത്തിൽ തുക സമയബന്ധിതമായി അടയ്ക്കാതിരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (64/20.02.2023) മറുപടി ലഭ്യമാക്കിയില്ല. വെള്ളക്കരം അടച്ചതുമായി ബന്ധപ്പെട്ട രേഖകൾ (സോഴ്സിൽ നിന്ന് കുറവ് ചെയ്ത തുകയുൾപ്പടെ) കൃത്യമായി സൂക്ഷിക്കേണ്ടതും മുൻ വർഷങ്ങളിലുൾപ്പടെ ടാപ്പുകളുടെ എണ്ണത്തേക്കാൾ ഉപരിയായി കൂടുതൽ തുക അടച്ചിട്ടുണ്ടെങ്കിൽ ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്ന് ക്രമീകരിച്ച് ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് നഗരസഭയുടെ ബാദ്ധ്യത കുറയ്ക്കേണ്ടതുമാണ്.

## 1-25 കറണ്ട് ചാർജ്ജ് ഇനത്തിൽ നഗരസഭയ്ക്ക് വൻ ബാദ്ധ്യത

കറന്റ് ചാർജ്ജിനത്തിൽ നഗരസഭയ്ക്ക് മാസം തോറും വൻ ബാദ്ധ്യതയുണ്ടാകുന്നു. കറന്റ് ചാർജ്ജ് സംബന്ധിച്ച കണ്ടിജന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2023 ജനുവരി മാസം മാത്രം ₹3,38,046 യാണ് കറന്റ് ചാർജ്ജിനത്തിലെ ബാദ്ധ്യത. തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഉൾപ്പെടെ 122 കണക്ഷനുകളുടെ കറന്റ് ചാർജ്ജാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്.

തെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജിനത്തിൽ ₹2,63,303 ഓരോ മാസവും കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്യുന്നു. ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ ഹാജരാക്കിയ കണക്കുകൾ പ്രകാരം തെരുവ് വിളക്ക് കറണ്ട് ചാർജ്ജ് അൺമീറ്റേർഡ് തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവയ്ക്കാനുപാതികമായി തിട്ടപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാട്ട് | എണ്ണം | പുതിയ നിരക്ക് | തുക |
|---|---|---|---|---|
| ഫ്ലൂറസെന്റ് ട്യൂബ് | 2x40 | 142 | 146 | 20,732 |
| CFL | 2x11 | 4890 | 36 | 1,76,040 |

| | | | | |
|---|---|---|---|---|
| CFL | 2x36 | 318 | 116 | 36,888 |
| SVL | 2x50 | 6 | 492 | 2,952 |
| LED | 20 | 297 | 17 | 5,049 |
| | 2,41,661 | | | |

1) മേൽ കണക്കുകൾ പ്രകാരം 297 LED ലൈറ്റുകൾ മാത്രമാണ് നഗരസഭയ്ക്കുള്ളത്. കറണ്ട് ചാർജ്ജ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് KSEB-യുമായി സംയോജിച്ച് തെരുവ് വിളക്കുകൾ പൂർണ്ണമായി LED ആക്കുന്നതിനുള്ള നിലാവ് പദ്ധതി ആരംഭിക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

2)KSEBയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം താഴെ ചേർത്തിട്ടുള്ള കൺസ്യൂമർ നമ്പറുകൾ പ്രകാരം തുക ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

| കൺസ്യൂമർ നമ്പർ | സ്ഥാപനം |
|---|---|
| 1146363028316 | പകൽ വീട് |
| 1146369028315 | ഡേ കെയർ |

മുകളിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ-1-26-ൽ പരാമർശിച്ചിരുന്നു. പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നതിനുള്ള കാരണം വ്യക്തമല്ല. ടി കെട്ടിടങ്ങളുടെ വൈദ്യുത കണക്ഷൻ താല്കാലികമായി വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഇത് കൂടാതെ താഴെ ചേർത്തിട്ടുള്ള കൺസ്യൂമർ നമ്പറുകൾ പ്രകാരം കുടിവെള്ള പദ്ധതികൾക്കായി കറണ്ട് ചാർജ്ജ് ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

1) 1146360027195

2)1146365027194

മേൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല അതാത് ഗുണഭോക്തൃ സമിതികളെ ഏല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) അൺമീറ്ററേഡ് തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് KSEB-യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.75/23.02.2023) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് കെഎസ്ഇബി-യുമായി സംയുക്ത പരിശോധന നടത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിനാനുപാതികമായുള്ള കറണ്ട് ചാർജ്ജ് മാത്രം അടയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 നഗരസഭയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എച്ച്.എസ്.ഡി.പി. യുടെ അക്കൗണ്ടിൽ നിന്നുള്ള തുക ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്ത് ഓവർ ഡ്രാഫ്റ്റ് എടുത്തു-വിശദാംശങ്ങൾ ലഭിച്ചിട്ടില്ല

ഫയൽ നം. എ1-12258/15, വോള്യം-3

നഗരസഭ കൗൺസിലിന്റെ 18.06.21-ലെ 1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയിലെ റഗുലർ പെൻഷൻകാരുടെ 2021 മെയ് മാസത്തെ പെൻഷനും ജീവനക്കാരുടെ ശമ്പളവും കൗൺസിലർമാരുടെ ഹോണറേറിയവും ദിവസ വേതനക്കാരുടെ വേതനവും, ജൂൺ മാസത്തെ റഗുലർ കണ്ടിജന്റ് വിഭാഗക്കാരുടെ പെൻഷനും നൽകുവാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യം കണക്കിലെടുത്ത് IHSDP (ഇൻഡ്യൻ ഓവർസീസ് ബാങ്ക്-സേവിംഗ്സ് ബാങ്ക്) അക്കൗണ്ടിലുള്ള തുക ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്ത് അതിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുക്കുന്നതിനും, ഓവർ ഡ്രാഫ്റ്റ് എടുക്കുന്നത് മൂലം ഉണ്ടാകുന്ന പലിശ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിനും സർക്കാർ അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. പ്രസ്തുത

തീരുമാന പ്രകാരം ഓവർഡ്രാഫ്റ്റ് എടുത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്ത തുക | ഓവർഡ്രാഫ്റ്റ് എടുത്ത തുക | പലിശയിനത്തിൽ അടവാക്കിയ തുക |
|---|---|---|---|
| 28.06.21 | 56,00,000 | 50,00,000 | 1,98,275 |
| 10.08.21 | 50,00,000 | 40,00,000 | 1,27,066 |

തുടർന്ന് തദ്ദേശസ്വയംഭരണ (എഫ്.എം.) സ്പെഷ്യൽ സെക്രട്ടറിയുടെ 20.01.22-ലെ G.O.(Rt)No.145/2022/LSGD നം. ഉത്തരവ് പ്രകാരം നഗരസഭയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ശമ്പളവും പെൻഷനും മുടങ്ങുന്ന അടിയന്തിര സാഹചര്യം പരിഗണിച്ച് നഗരസഭയിലെ പൂർത്തീകരിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.എച്ച്.എസ്.ഡി.പി, യു.ഐ.ഡി.എസ്.എസ്.എം.റ്റി. (ഖരമാലിന്യ സംസ്കരണം) എന്നിവയിൽ ബാക്കി നിൽക്കുന്ന ₹1,68,67,092, ഇ.എം.എസ് (ജനറൽ) പദ്ധതിയുടെ ബാക്കി തുക ₹42,26,126 ചേർത്ത് ആകെ ₹2,10,93,218 ഭാവിയിൽ പ്രസ്തുത അക്കൗണ്ടിൽ തിരിച്ചടയ്ക്കണം എന്ന വ്യവസ്ഥയോടെ ശമ്പളവും പെൻഷനും നൽകുന്നതിന് വിനിയോഗിക്കാൻ അനുമതി നൽകുകയും ചെയ്തു. മേൽ ഉത്തരവ് പ്രകാരം ഐ.എച്ച്.എസ്.ഡി.പി അക്കൗണ്ടിൽ നിന്നും ഓവർ ഡ്രാഫ്റ്റ് ഇനത്തിൽ എടുത്ത ₹90ലക്ഷം തിരിച്ചടച്ച് ബാക്കി തുക തനത് ഫണ്ടിൽ വരവ് വച്ച് ഭാവിയിൽ പ്രസ്തുത തുക തിരിച്ചടയ്ക്കണം എന്ന വ്യവസ്ഥയോടെ ശമ്പളവും പെൻഷൻ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. (കൗൺസിലിന്റെ 31.01.22 ലെ 22-ാം നം.തീരുമാനം).

മേൽ കൗൺസിൽ തീരുമാനങ്ങളുടേയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.74/21-22/ 23.02.2023) മറുപടി ലഭിച്ചിട്ടില്ല.

1. ഓവർഡ്രാഫ്റ്റ് എടുക്കുന്നതിനുവേണ്ടി സർക്കാർ അനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ.
2. ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ, IHSDP അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (IOB), IHSDP (Indian Bank), 2021-22 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് (തനത് ഫണ്ട്അക്കൗണ്ട് No.57026765196)
3. ഫിക്സഡ് ഡെപ്പോസിറ്റ്/ഓവർ ഡ്രാഫ്റ്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് തനത് ഫണ്ടിലേക്ക് മാറ്റിയ തുകയുടെ വിശദാംശങ്ങൾ
4. UIDSSMT (ഖരമാലിന്യം) അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയ തുകയുടെ വിശദാംശങ്ങൾ
5. EMS (ജനറൽ) അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയ തുകയുടെ വിശദാംശങ്ങൾ
6. വിഷയവുമായി ബന്ധപ്പെട്ട രജിസ്റ്റർ
7. 20.01.22 ലെ സർക്കാർ ഉത്തരവുപ്രകാരം വിനിയോഗിക്കാൻ അനുമതി നൽകിയ തുക തിരിച്ചടയ്ക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരം.

മേൽ അപാകതകൾക്ക് വിശദീകരണം/വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഓവർഡ്രാഫ്റ്റ് എടുത്തതിനും, ഓവർ ഡ്രാഫ്റ്റ് എടുത്തത് മൂലം ഉണ്ടായ പലിശ തനത് ഫണ്ടിൽ നിന്നും അടവാക്കിയതിനും സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും 20.01.22-ലെ G.O.(Rt)No.145/2022/LSGD നം. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-27 ലൈബ്രറി സെസ്- കുടിശ്ശിക ലൈബ്രറി കൗൺസിലിൽ അടവാക്കാൻ അവശേഷിക്കുന്നു

നഗരസഭയിൽ വസ്തുനികുതിയോടൊപ്പം പിരിക്കുന്ന ലൈബ്രറി സെസ് 2013-14 വർഷം മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ തുക ₹1,24,95,700 (ഫയൽ നമ്പർ ആർ1-9007/14 പ്രകാരം ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കാൻ അവശേഷിക്കുന്നു. 2021-22 വർഷത്തെ വാർഷികധനകാര്യപത്രികയുടെ ബി -9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ ₹1,49,18,415 അടവാക്കാൻ അവശേഷിക്കുന്നു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28/09/2021-ലെ 13-ാം നമ്പർ തീരുമാനം പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേയ്ക്ക് ലൈബ്രറി സെസ് ഇനത്തിൽ 2013-14 വർഷം മുതൽ ഒടുക്കേണ്ടതായ ₹1,05,65,204 അടവാക്കാത്ത പക്ഷം തുകയുടെ 2% പലിശ നൽകേണ്ടതായിട്ടുള്ളതാണെന്ന് ലൈബ്രറി കൗൺസിലിൽ നിന്നും 27/07/2021-ൽ A3-2943/21-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതിനാൽ തുക ഒടുക്കുന്ന വിവരം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം

ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.84)യുടെ മറുപടിയിൽ, 24/12/2021ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി തീരുന്ന മുറയ്ക്ക് കുടിശ്ശിക ഒടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണെന്നറിയിച്ചിട്ടുണ്ട്. ലൈബ്രറി സെസ് ഇനത്തിൽ അടവാക്കാനുള്ള തുകയുടെ കൃത്യത പരിശോധിച്ച്, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 കൗൺസിൽ തീരുമാനം നടപ്പിലാക്കിയിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭ കൗൺസിലിന്റെ 31.01.2022-ലെ മിനിട്ട്സ് പരിശോധിച്ചതിൽ ശ്രീ.ടോമി ദേവസ്യ എന്ന കരാറുകാരൻ ഏറ്റെടുത്തിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തികളുടെ തുക നൽകുന്നതിന് കോടതി വിധി ലഭിച്ചതായും തനത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക നൽകാൻ തീരുമാനിച്ചതായും കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിധി നമ്പർ | മരാമത്ത് പ്രവൃത്തിയുടെ പേര്/ഫയൽ നം. | കമ്മിറ്റി തീരുമാനം |
|---|---|---|---|
| 1 | WP(C)No.29914/19 | അസീസി റോഡിന്റെ ബാക്കി ഭാഗം<br>E1-6498/09 | നം.2 |
| 2 | WP(C)No.29914/19 | 3-ം വാർഡ് റോഡ് പുനരുദ്ധാരണ പ്രവൃത്തി<br>E4-10684/19 | നം.3 |
| 3 | WP(C)No.29914/19 | 2-ം വാർഡ് പാച്ച് വർക്ക് പ്രവൃത്തി<br>E4-9419/09 | നം.9 |
| 4 | WP(C)No.29914/19 | വാലുമ്മേച്ചിറ കോളനി ഓടനവീകരണം<br>E1-317/10 | നം.25 |

ഇതുമായി ബന്ധപ്പെട്ട കേസ് ഫയൽ, മരാമത്ത് ഫയൽ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-70/2021-22/22.02.2023) മറുപടി ലഭിച്ചിട്ടില്ല. മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും കൗൺസിൽ തീരുമാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 മരണമടഞ്ഞ ഗുണഭോക്താക്കൾക്ക് സാമൂഹികക്ഷേമ പെൻഷൻ അനുവദിച്ചു

നഗരസഭയിലെ മരണ രജിസ്റ്റർ, സേവന സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് വാർദ്ധക്യകാല പെൻഷൻ തുക അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അനർഹമായി കൈപ്പറ്റിയ തുക | കാലയളവ് |
|---|---|---|---|---|---|---|
| 1 | സരസമ്മ കൈമൾ | വാർദ്ധക്യകാല പെൻഷൻ | 101880600375 | 22.10.21 | 11,200<br>(1600x7) | 11/2021-05/2022 |
| 2 | ജാനകി ജനാർദ്ധനൻ | " | 101880200550 | 27.06.21 | 6400<br>(1600x4) | 07/2021-10/2021 |

| | | | | | | |
|---|---|---|---|---|---|---|
| 3 | തങ്കമണി ജോസഫ് | " | 101880203543 | 25.06.21 | 4800 (1600x3) | 07/2021-09/2021 |
| 4 | സെയ്ത്കണ്ണ് അബ്ദുൾ കരീം | " | 101880200503 | 09.06.21 | 6400 (1600x4) | 07/2021-10/2021 |
| 5 | ചിന്നമ്മ | " | 101880202590 | 14.05.21 | 1600 (1600x1) | 06/2021 |
| 6 | ത്രേസ്യാമ്മ ജോസഫ് | " | 101880202728 | 19.10.2020 | 19,200 (1600x12) | 11/2020-10/2021 |
| 7 | തങ്കമ്മ പി.പി | " | 101880201379 | 06.09.2021 | 1600 (1600x1) | 10/2021 |
| 8 | ജോസഫ് ജോസഫ് | " | 101880203095 | 05.09.2021 | 1600 (1600x1) | 10/2021 |
| | | | ആകെ:-₹52,800 | | | |

അധികം നൽകിയ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.77/25.02.2023) ലഭ്യമാക്കിയ മറുപടിയിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ അടക്കുന്നതിന് കുടുംബത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നും മരണം റിപ്പോർട്ട് ചെയ്ത് 21 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയാൽ മതിയെന്നും എല്ലാ മാസവും 20-ാം തീയതി മുതൽ ബിൽ ജനറേഷനായി സൈറ്റ് ബ്ലോക്ക് ചെയ്യുന്നതിനാൽ പെൻഷൻ ബ്ലോക്ക് ചെയ്യാൻ സാങ്കേതികമായ തടസ്സമുണ്ടാകുന്നതായും അറിയിച്ചു. മരണപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. അതിനാൽ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ-1-25 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ അനുവദിച്ച ₹2,52,900 തിരികെ ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. തുക ഈടാക്കിയിട്ടില്ലാത്ത പക്ഷം മേൽ തുക കൂടി തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല- 1,25,000 രൂപ തടസ്സപ്പെടുത്തുന്നു

നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂറായി തുക കൈപ്പറ്റിയ ചുവടെ പറയുന്ന ജീവനക്കാർ നാളിതുവരെ തുക ക്രമീകരിക്കുകയോ തിരികെ അടക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) 2021-22 വർഷം നഗരസഭ വിവിധയിനങ്ങൾക്കായി മുൻകൂർ നൽകിയ തുകകളിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | അഡ്വാൻസ് തുക കൈപ്പറ്റിയ ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | തുക | ഫയൽ നം./ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 33-8/21 / 16.08.21 | ജ്യോതി എസ് സീനിയർ ക്ലർക്ക് | 10,000 | ജൂബിലി സെലിബ്രേഷൻ, ജനകീയാസൂത്രണം |
| 2 | 49-10/21 / 28.10.21 | രാജീവ് കെ ഹെൽത്ത് | 25,000 | എച്ച്4-16689/21 വെള്ളപ്പൊക്ക |

| | | | | |
|---|---|---|---|---|
| | | ഇൻസ്പെക്ടർ II ഗ്രേഡ് | | ദുരിതാശ്വാസം |
| 3 | 26-12/21 / 18.12.21 | ബിജേഷ് ഇമ്മാനുവൽ ജെ.എച്ച്.ഐ | 5,000 | എച്ച്1 12507/13 |
| 4 | 29-1/22 / 15.01.22 | ജ്യോതി എസ് സീനിയർ ക്ലർക്ക് | 5,000 | ജി8-738/21 പ്ലാൻ രൂപീകരണം |
| 5 | 16-3/22 / 04.03.22 | ബിജേഷ് ഇമ്മാനുവൽ ജെ.എച്ച്.ഐ | 10,000 | എച്ച്4-2029/22 പെരുന്ന നം.2 ബസ്സ്റ്റാൻഡിൽ എയ്റോബിക് യൂണിറ്റിന് മുൻപിൽ കൂടിക്കിടക്കുന്ന മാലിന്യങ്ങൾ ജെ.സി.ബി ഉപയോഗിച്ച് നീക്കം ചെയ്യുന്നതിന് |
| 6 | 69-3/22 / 17.03.22 | തൗഫീക്ക് പി ഇസ്മായിൽ ഹെൽത്ത് ഇൻസ്പെക്ടർ II ഗ്രേഡ് | 20,000 | ജി1-16434/21 സെന്റിനറി സെലിബ്രേഷൻ |
| 7 | 117-3/22 / 25.03.22 | ഡിനോ ജോൺസൺ ക്ലർക്ക് | 50,000 | ജി1-16434/21 സെന്റിനറി സെലിബ്രേഷൻ |
| | | ആകെ | 1,25,000 | |

മുൻകൂർ തുക നാളിതുവരെ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/07.02.23) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുക ₹1,25,000 തടസ്സപ്പെടുത്തുന്നു.

II) 1973-74 വർഷം മുതൽ മുൻകൂർ കൈപ്പറ്റിയ ഏതാനും ജീവനക്കാർ നാളിതുവരെ തുക ക്രമീകരിച്ചിട്ടില്ല എന്ന് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമാകുന്നു. തുക നൽകിയതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|
| 1973-74 | 75 |
| 1974-75 | 530 |
| 1975-76 | 20 |
| 1976-77 | 350 |
| 1977-78 | 10 |

| | |
|---|---|
| 1978-79 | 100 |
| 1979-80 | 968 |
| 1980-81 | 50 |
| 1981-82 | 4,500 |
| 1982-83 | 6,795 |
| 1983-84 | 10,525 |
| 1984-85 | 3,527 |
| 1985-86 | 9,447 |
| 1986-87 | 4,550 |
| 1987-88 | 900 |
| 1988-89 | 10,100 |
| 1989-90 | 10,100 |
| 1990-91 | 3,915 |
| 1991-92 | 1,800 |
| 1992-93 | 8,850 |
| 1993-94 | 5,518 |
| 1994-95 | 5,200 |
| 1995-96 | 1,500 |
| 1996-97 | 720 |
| 1997-98 | 7,014 |
| 1998-99 | 12,117 |
| 1999-2000 | 500 |
| 2000-01 | 16,803 |
| 2001-02 | 38,550 |
| 2002-03 | 31,464 |
| 2003-04 | 1,263 |
| 2004-05 | 6,928 |
| 2005-06 | 29,979 |
| 2006-07 | 75,250 |
| 2007-08 | 34,050 |
| 2008-09 | 25,000 |
| 2009-10 | 30,000 |
| 2010-11 | 18,600 |
| 2011-12 | 36,000 |
| 2012-13 | 2,02,000 |
| 2013-14 | 1,32,000 |
| 2014-15 | 27,500 |
| 2015-16 | 2,66,000 |
| 2016-17 | 67,500 |
| 2017-18 | 1,34,250 |
| 2018-19 | 55,000 |

| | |
|---|---|
| 2019-2020 | 1,00,000 |
| 2020-21 | 15,31,150 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-II, ആർട്ടിക്കിൾ 99, ജി.ഒ(പി) നം.419/11 ഫിൻ. തീയതി 04.10.2011 എന്നിവ പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണ്. ഇതിൻ പ്രകാരം മുകളിൽ സൂചിപ്പിച്ചിട്ടുള്ള മുൻകൂർ തുക കൈപ്പറ്റിയ വ്യക്തികളിൽ നിന്ന് തുക 18% പലിശ സഹിതം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

1-31 സ്ഥിരനിക്ഷേപം - സ്ഥിരനിക്ഷേപ രജിസ്റ്റർ, നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല- നിക്ഷേപ തുകയിൽ നിന്നും തുകകൾ പിൻവലിച്ചതിന്റെ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

ഓഡിറ്റിനായി ഹാജരാക്കിയ വാർഷിക കണക്ക് പ്രകാരം സ്ഥിരനിക്ഷേപമിനത്തിൽ ₹1,80,21,550 നീക്കിയിരിപ്പുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷെഡ്യൂൾ | തുക (₹) |
|---|---|---|
| 1 | ബി-12<br>ഇൻവെസ്റ്റ്മെന്റ് ഇക്യുറ്റി ഷെയർ | 1,50,000 |
| 2 | ബി-13<br>സ്പെസിഫിക്ക് ഫണ്ട്<br>സ്പെസിഫിക്ക് ഗ്രാന്റ് | 95,57,617<br>83,13,933 |
| ആകെ | | 1,80,21,550 |

സ്ഥിരനിക്ഷേപ രജിസ്റ്റർ, നിക്ഷേപ സർട്ടിഫിക്കറ്റുകൾ, എസ്.എസ്.എ ഇനത്തിൽ ലഭിച്ച ഫണ്ട് 05/06/2018-ൽ സ്ഥിരനിക്ഷേപമാക്കിയതിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

ക്രമനം.(2) പ്രകാരമുള്ള ഷെഡ്യൂളിലെ ആധുനിക അറവുശാല നിർമ്മാണത്തിനുള്ള ഗ്രാന്റായി ലഭിച്ച തുക സ്ഥിരനിക്ഷേപമാക്കിയതിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം.6193608446) പരിശോധിച്ചതിൽ ടി അക്കൗണ്ടിൽ നിന്നും ₹25,979 ഈടാക്കിയതായി കാണുന്നു.

| തീയതി | തുക |
|---|---|
| 29/04/2021 | 1,744 |
| 16/07/2021 | 8,263 |
| 15/10/2021 | 8,524 |
| 13/01/2022 | 7,448 |

നിക്ഷേപ തുകയിൽ നിന്നും മേൽ തുകകൾ പിൻവലിച്ചതിന്റെ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല. മാത്രവുമല്ല പിൻവലിച്ച തുകകൾ കുറവു ചെയ്യാതെയാണ് വാർഷിക കണക്കിലെ ബി-13 ഷെഡ്യൂൾ

തയ്യാറാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി-89/2021-22- യ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ടി ഡി എസ് ഇനത്തിൽ ഈടാക്കിയ തുകയാണെങ്കിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-32 റഗുലർ വിഭാഗം ജീവനക്കാരുടെ ഇൻക്രിമെന്റ് - അധികമായി തുക അനുവദിച്ചു

ഫയൽ നം.G6-6898/20

നഗരസഭയിലെ വിവിധ ജീവനക്കാർക്ക് ഇൻക്രിമെന്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)ശ്രീമതി രശ്മി കെ, ഫീമെയിൽ അറ്റൻഡന്റ് എന്ന ജീവനക്കാരിയുടെ പ്രൊബേഷൻ 15.05.2018 മുതൽ ഡിക്ലയർ ചെയ്തിട്ടുള്ളതായും ടിയാൾക്ക് 01.05.2018 മുതൽ 14.05.2018 വരെ അധികമായി അനുവദിച്ച ഇൻക്രിമെന്റ് തിരികെ ഈടാക്കണമെന്നും 17.11.2020 തീയതിയിലെ ഉത്തരവ് നം.ജി5-1489/17പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം അധികം അനുവദിച്ച തുക തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2)ശ്രീമതി സജ്ജുള എസ്, ഫീമെയിൽ അറ്റൻഡന്റിന്റെ പ്രൊബേഷൻ 07.08.2015 തീയതി മുതലാണ് ഡിക്ലയർ ചെയ്തതെന്നും 01.08.2015 മുതൽ 06.08.2015 വരെയുള്ള തീയതികളിൽ അനുവദിച്ച ഇൻക്രിമെന്റ് തിരികെ ഈടാക്കണമെന്നും 20.01.2021 തീയതിയിലെ ജി5-1489/17 നം. ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം തുക തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

അധികമായി അനുവദിച്ച ഇൻക്രിമെന്റ് തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/06.02.2023) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-33 നഗരസഭ സെക്രട്ടറിമാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിച്ചത് സംബന്ധിച്ച്

2021-22 വർഷം നഗരസഭാ സെക്രട്ടറിമാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോയെന്നുള്ള കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സെക്രട്ടറിമാർക്ക് ശമ്പളം അനുവദിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 04/2021 മുതൽ 08/2021 വരെ കാലയളവിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ഷിബു വി.പി യുടെ ശമ്പളബില്ലിൽ നിന്ന് വീട്ടുവാടക അലവൻസ് കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. തുടർന്നുള്ള കാലയളവുകളിൽ സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ അനിൽകുമാർ.ബി (09/2021 മുതൽ 02/2022 വരെ), ശ്രീ സജി എൽ.എസ്(മാർച്ച് 2022) എന്നിവരുടെ ശമ്പളത്തിൽ നിന്ന് വീട്ടുവാടക അലവൻസ് കുറവ് ചെയ്തതായി കാണുന്നില്ല.

2019-ലെ ശമ്പളപരിഷ്കരണ ഉത്തരവ് (ജി.ഒ.(പി)നം.27/2021/ഫിൻ, തീയതി, 10.02.2021) പ്രകാരം ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ടിട്ടുള്ള ₹50,200-1,05,300 ശമ്പള സ്കെയിലിൽ ശമ്പളം കൈപ്പറ്റുന്ന സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 2% റെന്റ് റിക്കവറി ആയി ഈടാക്കേണ്ടതാണ്. ഇതിൻ പ്രകാരം 2021-22 കാലയളവിൽ സെക്രട്ടറിമാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.80/27.02.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും സെക്രട്ടറിമാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടെങ്കിൽ വീട്ടു വാടകബത്ത ഇനത്തിൽ കൈപ്പറ്റിയ തുക, റെന്റ് റിക്കവറി തുക എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-34 നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സർക്കാർ ഫണ്ടിലേയ്ക്ക് അടവാക്കുന്നില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരള സർവ്വീസ് റൂൾ 146 എന്നിവ പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സംസ്ഥാന ഫണ്ടിൽ നിന്ന് പിൻവലിക്കേണ്ടതും തുടർന്ന് പ്രസ്തുത തുകകളും പെൻഷൻ അംശദാനവും നഗരസഭ തനതുഫണ്ടിൽ നിന്ന് മാസംതോറും സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതുമാണ്. എന്നാൽ വർഷങ്ങളായി ചങ്ങനാശ്ശേരി നഗരസഭയിലെ സെക്രട്ടറിമാർ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കുന്നില്ല. ഓഡിറ്റ് വർഷം ചുമതലയുണ്ടായിരുന്ന സെക്രട്ടറി ട്രഷറിയിൽ

നിന്ന് മാറിയെടുത്തിട്ടുള്ള ശമ്പളത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ ഷിബു വി.പി - നഗരസഭ സെക്രട്ടറി , ഗ്രേഡ് I

| മാസം | തുക |
|---|---|
| 03/21 | 77,112 |
| 04/21 | 77,112 |
| 05/21 | 77,112 |
| 06/21 | 77,112 |
| 07/21 | 77,112 |
| 08/21 | 77,112 |

ശ്രീ അനിൽകുമാർ ബി , നഗരസഭ സെക്രട്ടറി, ഗ്രേഡ്-II

| മാസം | തുക |
|---|---|
| 09/21 | 75,484 |
| 10/21 | 75,484 |
| 11/21 | 75,484 |
| 12/21 | 75,484 |
| 01/22 | 75,484 |
| 02/22 | 77,292 |

ചങ്ങനാശ്ശേരി സബ്ട്രഷറിയിൽ നിന്ന് തൻവർഷം മാറിയെടുത്തിട്ടുള്ള മേൽ പ്രതിപാദിച്ച തുകകൾ നാളിതുവരെ സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന അപാകതകളും കാണുന്നു.

1. സെക്രട്ടറിമാരുടെ ശമ്പളവും മറ്റ് ബത്തകളും സംസ്ഥാന ഫണ്ടിലേയ്ക്ക് തിരിച്ച് അടവാക്കിയത് ഏത് വർഷം/മാസം വരെയെന്ന് വ്യക്തതയില്ല.

2. മേൽപ്പറഞ്ഞ തുകകൾ യഥാസമയം അടവ് വരുത്താത്തതിനാൽ ടി തുകകൾ നഗരസഭയുടെ ബാദ്ധ്യതയാണ്. എന്നാൽ നഗരസഭയുടെ ബാലൻസ് ഷീറ്റിൽ ടി തുകകൾ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ തുകകൾ യഥാസമയം സർക്കാരിലേയ്ക്ക് അടവ് വരുത്താതിരുന്നതിനും മറ്റ് അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ-48/10.02.2023) മറുപടി ലഭ്യമാക്കിയില്ല. സെക്രട്ടറിയുടെ ശമ്പളമിനത്തിലെ തുക സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 നഗരസഭയിലെ പ്രധാന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും - പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| ഫയൽ നം. | ഇ3 /20582/21 |
| പ്രോജക്റ്റ് നം. | 307/22 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | ₹20,00,000 |
| ചെലവ് | ₹6,65,000 |
| ബിൽ നമ്പർ/തീയതി | 311/30.03.2022 |

നഗരത്തിലെ പ്രധാന റോഡുകളിൽ 70 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചതാണ് 2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ പ്രധാന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും പരിപാലനവും എന്ന പ്രോജക്റ്റ്. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) ആണ് പ്രോജക്റ്റ് നിർവഹണത്തിനുള്ള അക്രഡിറ്റഡ്

ഏജൻസി. 2021-22 വർഷം 100 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതിന് പാർട്ട് ബില്ലായി ₹6,65,000 ചെലവഴിച്ചിട്ടുണ്ട്.

1. സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം 70 വാട്ട് എൽ.ഇ.ഡി ലൈറ്റ് ഒന്നിന്റെ വില, ക്ളാംപ്, ഇൻസ്റ്റലേഷൻ എന്നിവയ്ക്കുള്ള തുക ₹5635.59 യും ജിഎസ്.ടി (18%) ₹1014.40യും ഉൾപ്പെടെ ₹6,650 യാണ്. എന്നാൽ സ്ഥാപനത്തിന്റെ 16/03/2022 ലെ 323-ാം നം ഇൻവോയിസ് പ്രകാരം 70 വാട്ട് എൽ.ഇ.ഡി ലൈറ്റ് ഒന്നിന്റെ വില ₹5937.50യും ജിഎസ്.ടി (12%) ₹712.5യും ഉൾപ്പെടെ ₹6,650 യാണ്. എൽ.ഇ.ഡി ലൈറ്റുകളുടെ അടിസ്ഥാന വില ക്വട്ടേഷനിലും ഇൻവോയിസിലും വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ, അപാകത സംബന്ധിച്ച് സ്ഥാപനത്തിൽ നിന്നും വിശദീകരണം വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. 70 വാട്ട് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനുള്ളതാണ് പ്രോജക്ട്. ടെസ്റ്റ് റിപ്പോർട്ടിന് നൽകിയത് 72 വാട്ട് ലൈറ്റാണ് എന്ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ ടെസ്റ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപിച്ചത് എത്ര വാട്ടിന്റെ ലൈറ്റാണെന്ന് നഗരസഭ ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വിശദീകരിച്ചിട്ടില്ല.

3. പ്രോജക്ട് പ്രകാരം സ്ഥാപിച്ചതിന്റെയുൾപ്പെടെ നഗരസഭാപരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

4. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ നിന്നുള്ള 25/05/2022 ലെ കത്ത് പ്രകാരം സ്ട്രീറ്റ് ലൈറ്റ് (300 എണ്ണം) സ്ഥാപിക്കൽ എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ പാനൽ പ്രവർത്തനരഹിതമായതിനാൽ എൽ.ഇ.ഡി ലൈറ്റുകൾ 24 മണിക്കൂറും പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തൽസ്ഥിതി ലൈറ്റുകളുടെ പ്രവർത്തനക്ഷമതയെ കാര്യമായി ബാധിക്കുമെന്നും ഇത് ലൈറ്റിന്റെ വാറന്റി ലഭിക്കുന്നതിന് തടസ്സമാകുമെന്നും ആയതിനാൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ കൃത്യമായി പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ, സ്ട്രീറ്റ് ലൈറ്റുകളുടെ നിലവിലെ സ്ഥിതി എന്നിവ രേഖകൾ സഹിതം ലഭ്യമാക്കിയിട്ടില്ല.

5. നഗരസഭാ സെക്രട്ടറിയുടെ 26/07/2022-ലെ ഇ3-20582/21-ാം നമ്പർ കത്ത് പ്രകാരം കെൽ സ്ഥാപിച്ച ലൈറ്റുകളുടെ ക്വാളിറ്റി, സാങ്കേതിക ക്ഷമത എന്നിവ അടിയന്തിരമായി പരിശോധിച്ച് നൽകുന്നതിന് കൺവീനർ, ഡി.എൽ.റ്റി.സി, കോട്ടയത്തിന് ടെസ്റ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

5. സ്ഥാപനവുമായുള്ള 12/01/2022 ലെ 21/SEC/chry/2021-22- ാം നമ്പർ കരാറിലെ ക്രമനം.2 പ്രകാരം ലൈറ്റുകൾക്ക് 2 വർഷ വാറന്റിയും ക്രമനം 8 പ്രകാരം പരാതി റിപ്പോർട്ട് ചെയ്ത് 7 ദിവസത്തിനകം പരാതി പരിഹരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭാസെക്രട്ടറിയുടെ 13/7/2022 ലെ സ്ഥാപനത്തിനുള്ള കത്ത് പ്രകാരം 17-ാം വാർഡിലെ പല ലൈറ്റുകളും പ്രകാശിക്കുന്നില്ലെന്ന് വാർഡ് കൗൺസിലറുടെ പരാതി ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാസെക്രട്ടറിയുടെ 19/10 /2022 ലെ ഇ2-20582/21-ാം നം കത്ത് പ്രകാരം കെൽ സ്ഥാപിച്ച ലൈറ്റുകൾ പ്രകാശിക്കുന്നില്ലെന്നും ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കത്ത് നൽകുകയും ഫോൺ മുഖാന്തിരം ആവശ്യപ്പെടുകയും നിലവിൽ നഗരസഭാ പരിധിയിലെ പല ലൈറ്റുകളും പ്രവർത്തനരഹിതമാണെന്ന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ലൈറ്റുകൾ മാറ്റി സ്ഥാപിക്കണമെന്നും സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, ലൈറ്റുകളുടെ നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-29 പ്രകാരം ഈ വിഷയത്തിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മോണിട്ടറിംഗിന്റെ അഭാവം, വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഇത്തരം വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്ത് കൗൺസിലിൽ

സമർപ്പിക്കാത്തത് മുതലായവ അപാകതകൾ ആവർത്തിക്കുന്നതിന് കാരണമാകുന്നു.
വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.94 ) ലഭ്യമാക്കിയ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഈ അപാകതകളോട് കൂടി 2022-23 വർഷം സ്പിൽ ഓവറായി പ്രോജക്ട് നം 22/23 പ്രകാരം 200 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങളുടെ അഭാവത്തിൽ തൻവർഷ ചെലവ് ₹6,65,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 സെക്രട്ടറി നിർവ്വഹണം നടത്തിയ നിക്ഷേപപ്രവൃത്തികൾ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

2021-22 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം, വിശദമായ എസ്റ്റിമേറ്റ്, നിർവ്വഹണ ഏജൻസിയുമായുള്ള കരാർ മുതലായവ ഫയലിലില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | ബിൽ നം./തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 305/21-22 | അങ്കണവാടികളിൽ പൈപ്പ് കണക്ഷൻ ലഭ്യമാക്കൽ | 90,000 | 285/26.03.22 | വാട്ടർ അതോറിറ്റി |
| 2 | 207/21-22 | എസ്.സി.കോളനികളിൽ പഴയ ജലവിതരണ പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കൽ | 10,00,000 | 274/26.03.22- | " |
| 3 | 183/21-22 | മലയിൽകുന്ന് വാട്ടർ ടാങ്കിന് വാൽവ് സ്ഥാപിക്കൽ | 8,80,000 | 193/01.03.2022-800000 | " |
| | | | | 192/14.03.2022-80000 | |
| 4 | 115/21-22 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടലും പുതിയ പോസ്റ്റ് സ്ഥാപിക്കലും ലൈൻ വലിക്കലും | 31,10,028 | 136/3.2.22-43414 | കെ.എസ്.ഇ.ബി |
| | | | | 137/3.2.22-9627 | |
| | | | | 140/7.2.22-683344 | |
| | | | | 178/5.3.22-95367 | |
| | | | | 198/17.3.22-2016571 | |
| | | | | 329/30.3.22-261705 | |
| 5 | 96/21-22 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 14,03,000 | 121/21.1.22-3000 | വാട്ടർ അതോറിറ്റി |
| | | | | 271/25.3.22-830000 | |
| | | | | 208/19.3.22-570000 | |
| 6 | 301/21-22 | 14-ം വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 82,000 | 33/22.10.2021-82000 | " |
| 7 | 204/21-22 | വാഴപ്പള്ളി എസ്.സി.കോളനി 1-10 വാർഡ് കറ്റോട് പദ്ധതിയിൽ നിന്നും പൈപ്പ് കണക്ഷൻ നൽകൽ | 13,30,000 | 83/15.03.22-13,30,000 | " |
| | | ആകെ | 78,95,028 | | |

മേൽപ്പറഞ്ഞ പ്രോജക്ടുകൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗവിവരം, നിർവ്വഹണ ഏജൻസിയുമായുള്ള കരാർ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.36/15.02.23-ന് മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹78,95,028യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 മലയിൽ കുന്ന് വാർഡിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ

2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ മലയിൽ കുന്ന് വാർഡിൽ മിനി ഹൈമാസ്റ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിന് (പ്രോജക്റ്റ് നം.190/22) തൻവർഷം ₹2,98,038 (ബിൽ നം.102/30.03.2022) ചെലവഴിച്ചിട്ടുണ്ട്. മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷനുമായി 14.01.2022-ലെ 22/എസ്.ഇ.സി/chry/2021-22-ാം നമ്പർ കരാർ പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റിലെ 3, 4 എന്നീ ഇനങ്ങൾ പ്രകാരം എസ്റ്റിമേറ്റിലധികരിച്ച് പ്രവൃത്തി ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തി തുക നൽകിയതിന്റെ കാരണം വ്യക്തമല്ല.

| എസ്റ്റിമേറ്റ് പ്രകാരം | | എം.ബുക്ക്/ബിൽ പ്രകാരം | |
|---|---|---|---|
| അളവ് | തുക(₹) | അളവ് | തുക(₹) |
| ക്രമ നം.3 2.5 M3 | 662.07 | 3m3 | 794.49 |
| ക്രമ നം.4 1m3 | 7575 | 1.5m3 | 11362.68 |

2. പ്രവൃത്തിയിൽ ആവശ്യമാണെന്ന് ഉറപ്പുവരുത്തിക്കൊണ്ട് സാങ്കേതിക വിഭാഗം തയ്യാറാക്കി അംഗീകരിച്ച എസ്റ്റിമേറ്റിലെ 18-ാമത്തെ ഇനം പ്രവൃത്തി ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല.

3. ബില്ലിൽ നിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്തിട്ടില്ല.

4. കെ.എസ്.ഇ.ബിയിൽ സർവ്വീസ് കണക്ഷനു വേണ്ടി ₹18,000 (3x6000) കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ്. എന്നാൽ കെ.എസ്.ഇ,ബിയിൽ തുക അടച്ചതിന്റെ രേഖകൾ ഫയലിലില്ല.

5. 3 മിനി മാസ്റ്റ് ലൈറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളില്ല.

6. 3 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതായുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, ടി ലൈറ്റുകൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന വിവരം എന്നിവ ഉൾപ്പെടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ/വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാത്തതിനാൽ ₹2,98,038-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2021-22 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ഫയലിലില്ല.

1) സാക്ഷരതാ മിഷൻ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ (പ്രോജക്റ്റ് നം.107/22) എന്ന പ്രോജക്റ്റ് പ്രകാരം യു.പി.എസ്, ഡെസ്ക് ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങുന്നതിന് ₹66,262 (ബിൽ നമ്പർ-55/30.112021) കെൽട്രോണിന് നൽകിയിട്ടുണ്ട്. സാധനങ്ങൾ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരം, ടാക്സ് ഇൻവോയിസ് എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-52)ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹66,262യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) സാക്ഷരതാ പ്രേരകിന് ഓണറേറിയം നൽകൽ എന്ന പ്രോജക് (നം.114/22) പ്രകാരം ₹33,088 (ബിൽ നമ്പർ- 20/17.08.2021) വികസന ഫണ്ടിൽ നിന്നും 2020 ഡിസംബർ, 2021 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഓണറേറിയമിനത്തിൽ 2021-22 വർഷം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/02/2021ലെ സ.ഉ.(സാധാ.)നം.626/2021-ാം നം.ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരകുമാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതും തുക തിരികെ

ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

3) വജ്രജൂബിലി ഫെലോഷിപ്പ് (പ്രോജക്ട് നം.112/22) എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും ₹2,25,000(₹85,000-ബിൽ നമ്പർ-26/05.11.21, ₹85,000-ബിൽ നമ്പർ-34/29.10.21, ₹20,000-ബിൽ നമ്പർ-58/31.12.21, ₹80,000-ബിൽ നമ്പർ -68/17.02.2022) ചെലവഴിച്ചിട്ടുണ്ട്. 2021 ഫെബ്രുവരി മുതൽ 2021 ഡിസംബർ മാസം വരെ 4 പേർക്കും മാർച്ച് 2021-ൽ മാത്രം 5 പേർക്കും ₹5,000 വീതം നഗരസഭാ വിഹിതമായി നൽകിയിട്ടുണ്ട്. ടി കാലയളവിലെ പരിശീലനപരിപാടികൾ സംഘടിപ്പിച്ചതിന്റെയും പഠിതാക്കളുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. നഗരസഭാതലത്തിൽ നിർദ്ദേശങ്ങൾ നൽകുന്നതിന് ഉപദേശകസമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 2021 മാർച്ച് മാസത്തിൽ മുരളി കെ ഉൾപ്പെടെ 5 കലാകാരൻമാർക്ക് പരിശീലന ക്ളാസ്സുകൾ നടത്തിയതിന് തുക നൽകിയതിന്റെ കാരണം വ്യക്തമല്ല. വജ്രജൂബിലി ഫെലോഷിപ്പ് കൺവീനറുടെ കത്ത് പ്രകാരം കലാ പ്രവർത്തനങ്ങളിൽ സഹകരിക്കാത്തതിനാൽ മുരളി കെ എന്നയാളിനെ ജനവരി മുതൽ വിഹിതത്തിൽ നിന്ന് ഒഴിവാക്കണമെന്നുള്ള കത്ത് ഫയലിലുണ്ട്. ആയതിനാൽ മാർച്ച് മാസത്തിൽ വിഹിതം നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 39) ക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

4) പദ്ധതി നിർവ്വഹണം, മോണിട്ടറിംഗ് എന്ന പ്രോജക്ട് (നം.8/21-22) പ്രകാരം ₹4,13,177 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ₹1,75,691യുടെ ചെലവിന്റെ വിവരങ്ങൾ മാത്രമേ ഫയലിലുള്ളൂ. ബാക്കി ₹2,37,486യുടെ(₹37,347-ബിൽ നം.63/07.01.2022, ₹27,520-ബിൽനം-69/07.03.2022, ₹59,498രൂപ-ബിൽ നം -82/18.03.2022, ₹39,774-ബിൽനം.-96/27.03.2022, 4,800-ബിൽ നം.98/27.03.2022, ₹4,536-ബിൽ നം-103/30.03.2022, ₹64,011-ബിൽനം-104/30.03.2022) ചെലവിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.61) ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹2,37,486 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(5) വാതിൽപ്പടി സേവനം (പ്രോജക്ട് നം.311/22) എന്ന പ്രോജക്ട് പ്രകാരം ₹32,405 (₹17,280 -ബിൽ നം.-239/22.03.2022, ₹15,125ബിൽ നം -341/30.03.2022 ) ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ, ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെയും വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകളായ രസീത് ബുക്ക്, രസീത് സ്റ്റോക്ക് രജിസ്റ്റർ, സബ്സിഡിയറി കാഷ് ബുക്ക്, മരുന്നുകൾക്കുള്ള സംഭരണ, വിതരണ സ്റ്റോക്ക് രജിസ്റ്റർ, കാഷ് ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ മുതലായവയും 32,405/-രൂപയുടെ ചെലവിന്റെ വിശദാംശങ്ങളും, പ്രോജക്ട് പ്രകാരം നടപ്പിലാക്കിയ സേവനങ്ങളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങളുടെ അഭാവത്തിൽ 32,405/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

6) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ (പ്രോജക്ട് നം.7/21-22) എന്ന പ്രോജക്ട് പ്രകാരം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കിയ ₹14,55,100 തിരികെ നഗരസഭാ ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. 03/2022ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ടി തുകയിൽ ₹12,32,367 കുടിശ്ശികയാണെന്ന് കാണുന്നു. വൈദ്യുതി ചാർജ്ജിനത്തിൽ ഇത്രയും തുക കുടിശ്ശിക വരാനിടയായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വന്നതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-39 പ്രോജക്ടുകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു

1. 2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ.വിഹിതം (പ്രോജക്ട് നം.9/22) എന്ന പ്രോജക്ടിന് ചെലവഴിച്ച ₹5,00,000-യുടെ (ബിൽനം.13/28.07.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. 2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഡി.പി.സി സെക്രട്ടേറിയേറ്റ് വിഹിതമിനത്തിൽ

(പ്രോജക്ട് നം.02/22) ചെലവഴിച്ച ₹4,00,000-യുടെ (ബിൽനം.-12/28.07.2021) കൈപ്പറ്റ്/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-52) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹9,00,000(500000+ ₹400000)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 പ്രോജക്ട് ഫയൽ ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടിന്റെ ഫയൽ ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക | ബിൽ നം/തീയതി |
|---|---|---|---|---|
| 2 | 199/21-22 | മുനിസിപ്പൽ കെട്ടിടം മെയിന്റനൻസ്,പ്ളംബിംഗ് ,വയറിംഗ് മറ്റു പ്രവത്തികൾ | 12810/- | 57/08.12.2021 |

ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച ₹12,810(ബിൽ നം.57/08.12.2021)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-41 ഓഡിറ്റ് ഇംപാക്ട്- ടെണ്ടർ ഡിഡക്ഷൻ കുറവു ചെയ്തില്ല- കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ അധിക തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരികെ ഒടുക്കി

| | |
|---|---|
| പ്രോജക്ട് നം./പേര് | SO.318/22- വിവിധ വാർഡുകളിൽ ദിശാബോർഡ്- റിഫ്ലക്ടീവ് ലൈറ്റ് സ്ഥാപിക്കൽ |
| ഫയൽ നം | ഇ6-8218/20 |
| കോൺട്രാക്ടർ | രാജു സെബാസ്റ്റ്യൻ |
| ആകെ പ്രവൃത്തിമൂല്യം | 153044 |
| എം.ബുക്ക്നം. | 139/2020-21. |
| ബിൽ നം. | 1301450445/30.03.2022 |
| എസ്റ്റിമേറ്റ് തുക | ₹4,27,710 |

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ ഷെഡ്യൂൾ നിരക്കിനേക്കാൾ 12% കുറവ് തുക ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ ഇനത്തിൽ കുറവു ചെയ്യേണ്ട (153044x12%) ₹18,365 കുറവുചെയ്തിട്ടില്ല. ഇത്തരത്തിൽ ബില്ല് തയ്യാറാക്കിയതിലെ അപാകത മൂലം ₹18,365 യും 12% ജി.എസ്.റ്റി തുക ₹2,204യും ഉൾപ്പെടെ ₹20,569 അധികം നൽകി. പ്രസ്തുത വിഷയത്തിന്മേൽ ഓഡിറ്റ് എൻക്വയറി (നം.05/2021-22/01.10.2022) നൽകിയതിനെത്തുടർന്ന് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ട് (രസീത് നം. 110008/23.2.23). പ്രസ്തുത തുകകൾ സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

1-42 ഓഡിറ്റ് ഇംപാക്ട് -പാർട്ട് ബിൽ തയ്യാറാക്കിയതിൽ അപാകത മൂലം കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ അധിക തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബില്ലിൽ നിന്നും തിരികെ ഈടാക്കി

| | |
|---|---|
| ഫയൽ നം. | ഇ6-13922/21 |
| പ്രോജക്ട് നം/പേര് | നം 66/22<br>വാർഡ് 27ലെ കൊട്ടാരം റോഡിന്റെ ഉപറോഡുകളുടെയും അങ്ങാടി റോഡ് ഉപറോഡുകളുടെയും മെയിന്റനൻസ് |
| കരാറുകാരൻ | പി.ജെ.സൈമൺ |
| ബിൽ നം. | 1301511276/30.03.2022 |
| പാർട്ട് ബിൽ തുക | 6,34,850 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | ₹5,53,005 |
| എം.ബുക്ക് നം. | 70/21-22 |

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ Ist Part Bill തയ്യാറാക്കിയപ്പോൾ റീടെൻഷൻ തുക കുറയ്ക്കേണ്ടതിന് പകരം ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ റീടെൻഷൻ തുകയായ ₹13,825 (2.5% Of 5,53,005) ചേർത്ത് ആകെ തുക ₹5,66,830 എന്ന് കണക്കാക്കിയതു മൂലം കരാറുകാരന് അധികമായി പ്രതിഫലം നൽകി. ജി.എസ്.ടി, ആദായ നികുതി, തൊഴിലാളി ക്ഷേമനിധി

വിഹിതം എന്നീയിനങ്ങളിലും അധികം തുക ചെലവഴിച്ചിട്ടുണ്ട്. ബില്ല് തയ്യാറാക്കിയതിലെ അപാകത മൂലം ₹13,825യും 12% ജി.എസ്.റ്റി തുക ₹1,659യും ഉൾപ്പെടെ ₹15,484 അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 8/2021-22/18.11.2022) യെത്തുടർന്ന് അധികം നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും തിരികെ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.

## 1-43 കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കി തുക അനുവദിച്ചു

| | | |
|---|---|---|
| ഫയൽ നം. | E6-11508/18 | |
| പ്രോജക്റ്റ് നം./പേര് | 317/22/APJ അബ്ദുൾ കലാം റോഡ് മെയിന്റനൻസ് | |
| ഫയൽ നം. | E6-11508/18 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| എം.ബുക്ക് നം. | 160/19-20 | |
| കരാറുകാരൻ ക്വോട്ട് ചെയ്ത തുക (കരാറുകാരൻ - ജിജി എം.ജോസഫ്) | 1142856.65 | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 90,090 | 87,764 |
| M.G(Road) | 11,75,646 | 11,70,400 |
| ആകെ | 12,65,736 | 12,58,164 |
| ബിൽ നം. | 1504087/30.03.2022 -₹ 87,764 | |
| | 999815/24.01.2022 – ₹ 11,70,400 | |

ബഹു.കേരള ഹൈക്കോടതിയുടെ WP(C)നം.7495/21 വിധിന്യായ പ്രകാരം തുക അനുവദിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കിയും, എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്താതെയും തുക അനുവദിച്ചതു മൂലം കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എസ്റ്റിമേറ്റ് നിരക്ക് | കരാറുകാരൻ ക്വോട്ട് ചെയ് നിരക്ക് | എം.ബുക്ക് പ്രകാരം അനുവദിച്ചത് | അനുവദിക്കേണ്ടത് | അധികം /കുറവ് |
|---|---|---|---|---|---|---|
| 1 | Scarifying Metalled (Water Bound) Road Surface | 512m2@19.93/m2 | 512m2@14 | 523.85 @19.930 = 10440.53 | 512m2@14 7168 | 3,272 |
| 2 | Earth Work In Surface Excavation | 192m2@73.10/m2 | 192m2@80 | 205.68 @73.10 = 15035.21 | 192m2@80= 15360 | (-)324.79 |
| 3 | Filling Up Low Lying And Water Logged Areas With Local Material | 89.601m3@895.96/m3 | 89.601m3@450 | 89.54 @895.96 80224.26 | 89.54m2@450 (89.54x450=40293 | 39,931 |
| 4 | Providing And Laying 80mm Thick Factory Made Cement Concrete | 870.900m2@889.30/m2 | 870.900m2@885 | (855.78 @ 889.30 761045.15 | 855.78m2@885 =757365 | 3,680 |
| 5 | Providing And Laying In Position Cement Concrete 1:4:8 | 19.862m3@6176.71/m3 | 19.862m3@6600/m2 | 21.344 @6176.71 =131835.7 | 19.862@6600 =131089 | (-)746 |
| 6 | Providing And Laying In Position Cement Concrete 1:2:4 | 13.623m3@7561.25/m3 | 13.623m3@ 7500/m3 | 13.144 @ 7561.25 99385.07 | 13.144m2@7500 98580 | 805 |
| 7 | Steel Work Welded In Built Up Section | 300kg@118.55/kg | 300kg@155/Kg | 99.06 @118.55 11743.56 | 99.06kg @155=15354 | (-)3,611 |
| 8 | Providing And Fixing Of Retro-reflectorised Mandatory And Infomatory Sign With 7 Years Warranty | 2No. @3138.92/each | 2@5900 Each | (2 @3138.92 6278.84 | 2 @5900=11800 | (-)5521.16 |
| 9 | Providing And Fixing Of Retro-reflectorised Mandatory And Infomatory Sign With 7 Years Warranty | 3No. @3686.73/each | 3@5900/each | 2x3686.73 7373.46 | 2@5900=11800 | (-)4426.54 |

| | | | |
|---|---|---|---|
| | | ആകെ അധികം നൽകിയത് (₹) | 34,550 |

ജി.എസ്.ടി, ആദായ നികുതി, തൊഴിലാളിക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിലും തുക അധികം ചെലവഴിച്ചിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/21-22, തീയതി, 06.12.2022ന് ലഭിച്ച മറുപടിയിൽ ബഹു.കേരള ഹൈക്കോടതിയുടെ WP(C)No.7495/2021, തീയതി, 16.09.2021 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ വാല്യൂവേഷൻ നടത്തി തുക അനുവദിക്കുന്നതിനാണ് ഉത്തരവായിരുന്നത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

മേൽ പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബിൽ തുക കണക്കാക്കി അനുവദിക്കുന്നതിനുമാണ് കക്ഷി അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ മേൽവിധി പ്രകാരമുള്ള ഉത്തരവിൽ ആവശ്യമെങ്കിൽ വാല്യൂവേഷൻ എടുത്ത് നൽകേണ്ടതാണെന്നും തുടർന്ന് മൂന്ന് ആഴ്ചയ്ക്കകം തുക നൽകേണ്ടതാണെന്നുമാണ് വിധിച്ചിട്ടുള്ളത്. ആയതിനാൽ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കി തുക അനുവദിച്ചതു മൂലം അധികം നൽകിയ ₹34,550 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 ബിൽ തയ്യാറാക്കിയതിലെ അപാകത - കരാറുകാരന് അധികം തുക അനുവദിച്ചു.

| | |
|---|---|
| ഫയൽ നം. | ഇ4-6917/20 |
| പ്രവൃത്തിയുടെ പേര് | മലയിൽക്കുന്ന് ഒറ്റപ്ലാക്കൽ വീട് വരെയുള്ള റോഡും ഉപറോഡും മെയിന്റനൻസ് |
| പ്രോജക്ട് നം. | S0257/22 |
| കരാറുകാരൻ | മുഹമ്മദ് സലിം |
| ACR ബിൽനം./തീയതി/തുക | 191/14.03.2022 - 250195/-<br>47/22-.11.2021 - 697113/- |
| എം. ബുക്ക് നം. | 21/20-21, 27/21-22 |

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള Appendix B-3-ാം ഇനം "20mm Thick Open Graded Premix Carpet Using Bituminous Binder-Bitumen S- 65-Packed Bitumen Rates" എന്നതാണ്. ഇത് പ്രകാരം 652.478 M2 ചെയ്തതിന് 172.76/m2 നിരക്കിൽ ₹1,22,722 കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ 652.478m2 ചെയ്തതിന് 172.76/m2 നിരക്കിൽ തുക കണക്കാക്കിയാൽ 1,12,722രൂപയേ അനുവദിക്കുവാൻ പാടുള്ളൂ. ഇത്തരത്തിൽ അധികമായി ₹10,000-യും ജി.എസ്.ടി.യും ഉൾപ്പെടെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.92/21-22/17.03.2023 ) മറുപടി ലഭിച്ചിട്ടില്ല. ബില്ല് തയ്യാറാക്കിയതിലെ അപാകത മൂലം ₹10,000-യും 12% ജി.എസ്.റ്റി തുക ₹1200-യും ഉൾപ്പെടെ ₹11,200 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 ടാറിംഗ് പ്രവൃത്തി -ബാരൽ വിലയും ജി.എസ്.ടി യും ഈടാക്കിയിട്ടില്ല.

| | |
|---|---|
| ഫയൽ നം. | ഇ6-13928/21 |
| പ്രോജക്ട് നം./പേര് | 153/22 – കല്ല്യാണ കൃഷ്ണൻ നായർ റോഡ് നവീകരണം (വാർഡ്-36) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് |

| | |
|---|---|
| കരാറുകാരൻ | ശ്രീ രവിശങ്കർ ജി |
| ബിൽ നം./തീയതി | 1399014/24.03.2022 |
| തുക | 6,86,224 |
| എം.ബുക്ക് നം. | 38/21-22 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

പാക്ക്ഡ് ബിറ്റുമിൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ മേൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ കരാറുകാരനിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടി യും (238+18%) ഈടാക്കിയതായി കാണുന്നില്ല

| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഈടാക്കേണ്ട വില |
|---|---|
| വി.ജി.30 - 2502.03 കി.ഗ്രാം | 16x281=4,496 |
| ആർ.എസ് 1 എമൽഷൻ - 244.752 കി.ഗ്രാം | 1x281 = 281 |
| ആകെ | ₹4,777 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 11/2021-22 തീയതി 23.11.2022) മറുപടി ലഭിച്ചിട്ടില്ല. ₹4,777+ജി.എസ്.ടിയും ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 മരാമത്ത് പ്രവൃത്തി ഫയലുകൾ ഹാജരാക്കിയില്ല-₹12,97,063 ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ, എം.ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് | എ.സി.ആർ ബിൽ നം./ തീയതി | തുക |
|---|---|---|---|
| 1 | 325/22-<br>വാർഡ്-34-മറ്റം റിസ്വാൻ ഫ്ലാറ്റിന് സമീപമുള്ള കലുങ്ക് നിർമ്മാണം | 261/25.03.2022 | 1,32,100 |
| 2 | 51/22-<br>വാർഡ്-2-കോയിപ്പുറം ഗവ.ഹൈസ്കൂൾ റോഡ് സബ് റോഡ് പുനരുദ്ധാരണം | 340/30.03.2022 | 5,76,056 |
| 3 | 80/22-<br>വാർഡ് 27, 31-അങ്ങാടി റോഡ് മെയിന്റനൻസ് | 113/11.01.2022<br>308/30.03.2022 | 5,88,907 |

| | |
|---|---|
| ആകെ | 12,97,063 |

മേൽ ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (നം.10/21-22/23.11.2022, 16/21-22 /12.01.2023) നൽകിയെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച ₹12,97,063 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 നിക്ഷേപ പ്രവൃത്തികൾ -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല -53,40,000/-രൂപ തടസ്സപ്പെടുത്തുന്നു

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന നിക്ഷേപ പ്രോജക്ടുകൾക്ക് ഡിസ്ട്രിക്ട് ഓഫീസർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയത്തിന്റെ പേരിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ വിവരങ്ങൾ ഫയലിൽ ഇല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ബിൽ നം(എസിആർ)/തുക | |
|---|---|---|---|
| 1 | 169/22-മാർക്കറ്റ് വാർഡിൽ കുടിവെള്ളവിതരണ സംവിധാനം- വാർഡ്-31 | 324/30.03.2022 | 20,00,000 |
| 2 | 292/22-മിനി വാട്ടർ സപ്ലൈ സ്കീം- വാർഡ്-10 | 327/30.03.2022 | 8,30,000 |
| 3 | 293/22- മിനി വാട്ടർ സപ്ലൈ സ്കീം വാർഡ്-25 | 328/30.03.2022 | 8,30,000 |
| 4 | 296/22-മിനി വാട്ടർ സപ്ലൈ സ്കീം- വാർഡ്-34 | 326/30.03.2022 | 8,50,000 |
| 5 | 298/22-മിനി വാട്ടർ സപ്ലൈ സ്കീം- വാർഡ്-35 | 325/30.03.2022 | 8,30,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21-22) മറുപടി ലഭിച്ചിട്ടില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹53,40,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 പ്രോജക്ടുകളുടെ ചെലവുവിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല

2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവുവിവരങ്ങൾ സുലേഖയിൽ ഉൾപ്പെടുത്താതെ എ.സി.ആറിൽ ചെലവു രേഖപ്പെടുത്തി തുകകൾ പിൻവലിച്ചതായി കാണുന്നു. ഫയലിനൊപ്പമുള്ള പ്രോജക്ട് പ്രൊഫോർമയിൽ "വെറ്റിംഗ് നടപടികൾ" നടത്തിയതായി രേഖപ്പെടുത്തിയിട്ടുമില്ല. സുലേഖയിൽ നിന്നുള്ള പ്രോജക്ട് ലിസ്റ്റുകളുടെ സ്റ്റാറ്റസിൽ "Send To TS Details Entry" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ട് വിശദാംശം | ചെലവ് |
|---|---|---|---|
| 61 | 22-ാം വാർഡിലെ പനച്ചിക്കാവ് കാക്കട്ടുകടവ് റോഡ് | മെയിന്റനൻസ് ഫണ്ട് -റോഡ്- അസറ്റ്സ് | 11,63,674 |

| | | | |
|---|---|---|---|
| | ഓടപുനരുദ്ധാരണം പേരാമ്പ്ര പ്ലാവേലിൽ റോഡ് പുനരുദ്ധാരണം | -11,64,000 | |
| 81 | വാർഡ് 28, 29 ആവണി റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട് -റോഡ്-അസറ്റ്സ് -5,77,000 | 5,76,045 |
| 59 | 19-ാം വാർഡിൽ എം.സി റോഡിന്റ സമീപമുള്ള വിവിധ റോഡുകളുടെ പുനരുദ്ധാരണം | മെയിന്റനൻസ് ഫണ്ട് -റോഡ്-അസറ്റ്സ് -11,44,810 | 11,44,810 |
| 63 | 24-ാം വാർഡിലെ വേട്ടടി പുഴവാത് റോഡിന്റെ സബ്റോഡുകളുടെ മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട് -റോഡ്-അസറ്റ്സ് -7,82,000 | 7,81,163 |
| 29 | 21-ാം വാർഡിലെ പന്തിരക്കൽ റോഡിന്റെയും പ്രാമംഗലശ്ശേരി വല്ല്യവീട് റോഡിന്റെയും പുനരുദ്ധാരണം | മെയിന്റനൻസ് ഫണ്ട് -റോഡ്-അസറ്റ്സ് -9,38,846 | 9,38,846 |
| 285 | ഗവ.ഹയർസെക്കന്ററി സ്കൂൾ മെയിന്റനൻസ് വാർഡ് -28 | ഡെവലപ്പ്മെന്റ് ഫണ്ട് (ജനറൽ)-7,96,063 | 7,81,486 |
| 35 | വാർഡ് 6-ആനന്ദാശ്രമം പാറേൽ പള്ളി റോഡ് സബ് റോഡ് (ഷാജി പാൻ ഷോപ്പ് റോഡ് പി.കെ.എൽ ഹോളോബ്രിക്സ് റോഡ്) മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട് -റോഡ്-അസറ്റ്സ് -11,74,139 | 11,74,139 |
| 64 | വാർഡ് -25-ഉമ്പുങ്കൽ റോഡ്- വാണിയപ്പുര റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഫണ്ട് -റോഡ്-അസറ്റ്സ് - | 8,81,753 |

മേൽപ്പറഞ്ഞ ചെലവുവിവരങ്ങൾ സുലേഖയിലെ ചെലവുപത്രികയിൽ ഉൾപ്പെടുത്താത്തതിനാൽ തൻവർഷത്തെ യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടാത്ത സാഹചര്യമാണുള്ളത്.

പ്രോജക്ടുകൾ സുലേഖയിൽ ഉൾപ്പെടുത്താതെയും വെറ്റിംഗ് നടപടികൾ പൂർത്തീകരിക്കാതെയും തുക

പിൻവലിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/21-22 തീയതി 09.01.2023-ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-49 വീട് വാസയോഗ്യമാക്കൽ (ജനറൽ)- ഫയലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | 15/2022, വീട് വാസയോഗ്യമാക്കൽ -ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, UPAC(നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |
| അടങ്കൽ തുക | 46,25,000 |

ചെലവ്

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | ബിൽ നം.737578/6.12.21 | 4,75,000 |
| 2 | ബിൽ നം.827233/23.12.21 | 5,00,000 |
| 3 | ബിൽ നം.827240/23.12.21 | 5,00,000 |
| 4 | ബിൽ നം.30999/31.01.22 | 2,62,500 |
| 5 | ബിൽ നം.76234/31.01.22 | 4,50,000 |
| 6 | ബിൽ നം.66849/21.02.22 | 4,50,000 |
| 7 | ബിൽ നം.23730/28.02.22 | 2,37,500 |
| 8 | ബിൽ നം.74478/23.03.22 | 4,81,500 |
| 9 | ബിൽനം.69036/30.3.2022 | 12,500 |

നഗരസഭയുടെ 37 വാർഡുകളിലുള്ള 185 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ₹25,000 കണക്കാക്കി ₹4,62,500 വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ചുവടെ പേരു ചേർക്കുന്നവർക്ക് വീണ്ടും തൻവർഷവും ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു

| ക്രമ നം. | പേര്/വീട്ടുപേര് | വാർഡ് നം. | മുൻ വർഷം ആനുകൂല്യം കൈപ്പറ്റിയതിന്റെ വിവരങ്ങൾ | |
|---|---|---|---|---|
| | | | പ്രോജക്ട് നം | ബിൽ നം/തീയതി /തുക(രൂപ)/ കൈപ്പറ്റിയ തുക |
| 1 | ശ്യാമള ചന്ദ്രൻ, ചന്ദ്രോദയം. | I | പ്രോജക്ട് നം.09/19 | 911842/17.12.18 /237500/ 12500രൂപ (ഒന്നാം ഗഡു) |
| | | | | 1154550/05.02.2019 /175000/ 12500രൂപ (രണ്ടാം ഗഡു) |

| | | | | |
|---|---|---|---|---|
| 2 | ലതിക പി, അനഘഭവനം. | III | പ്രോജക്റ്റ് നം.09/19 | 911842/17.12.18 /237500/<br>12500രൂപ (ഒന്നാം ഗഡു)<br>346002/17.07.2019 /200000/<br>12500രൂപ (രണ്ടാം ഗഡു) |
| 3 | അംബിക റ്റി.കെ, തടത്തിൽ. | VI | പ്രോജക്റ്റ് നം.09/19 | 1032915/10.01.2019 /375000/<br>12500രൂപ (ഒന്നാം ഗഡു)<br>1353057/15.03.2019 /200000 /12500രൂപ (രണ്ടാം ഗഡു) |
| 4 | ലജി ബി നായർ, പ്ലാപ്പറ ബിനുനിവാസ്. | XXIII | പ്രോജക്റ്റ് നം.09/19 | 858570/27.11.2018 /437500/<br>12500രൂപ (ഒന്നാം ഗഡു)<br>1154550/05.02.2019 /175000/<br>12500രൂപ (രണ്ടാം ഗഡു) |
| 5 | ആലീസ് വർഗ്ഗീസ്, ചമ്പക്കുളം. | XXIV | പ്രോജക്റ്റ് നം 19/20 | 1004475/30.12.2019 /200000/<br>12500രൂപ (ഒന്നാം ഗഡു)<br>328825/08.07.2020 /162500/<br>12500രൂപ (രണ്ടാം ഗഡു) |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് നം 15/2022 പ്രകാരം വീണ്ടും ആനുകൂല്യം നൽകിയ നടപടി ശരിയല്ല. തുക തിരിച്ചടയ്ക്കേണ്ടതാണ് .

2) താഴെ പേര് സൂചിപ്പിക്കുന്ന വ്യക്തികളുടെ പേര് വാർഡ് തിരിച്ചുള്ള ഗുണഭോക്തൃ പട്ടികയിൽ (ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്) ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഫയൽ പ്രകാരം ടി വ്യക്തികൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. ഇപ്രകാരം 31.03.2022 വരെ ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വീട്ടുപേര് | വാർഡ് നം. | നൽകിയ തുക(രൂപ) |
|---|---|---|---|
| 1 | ശ്യാമള ചന്ദ്രൻ, ചന്ദ്രാലയം | I | 25000 |
| 2 | ശ്രീകല.ആർ, | XXIX | 25000 |

| | | | |
|---|---|---|---|
| | വലിയതോപ്പിൽ | | |
| 3 | ശോഭനകുമാരി എം.എ, റെജിഭവൻ | XXXII | 25000 (രണ്ടാം ഗഡു കൈപ്പറ്റിയ തീയതി 30.08.2022) |
| 4 | സാജു.പി.എസ്, പാലപ്പറമ്പിൽ | XXX | 2(രണ്ടാം ഗഡു കൈപ്പറ്റിയ തീയതി 30.08.2022)5000 |

3) ആനുകൂല്യം വിതരണം ചെയ്യപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും പേര്, തുക/തീയതി എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുകയോ പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാഹരണമായി ഏതാനും ചില ഗുണഭോക്താക്കളുടെ പേര് ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/വീട്ടുപേര് | വാർഡ് നം. |
|---|---|---|
| 1 | രേണുക എം.വി, പ്ലാച്ചേരി | 2 |
| 2 | ത്രേസ്യാമ്മ ജോസഫ്, അരമനപ്പറമ്പിൽ | 4 |
| 3 | മേഴ്സി ജോയി, പുതുപ്പറമ്പ് | 4 |
| 4 | റോഷൻ സെബാസ്റ്റ്യൻ, തൈപ്പറമ്പിൽ | 4 |
| 5 | മെർലിൻ ബ്രൂസ്, ബ്രസ്റ്റ്യൻസ് ഹൗസ് | 7 |
| 6 | ശശികുമാർ, മഠത്തിൽപ്പറമ്പിൽ | 6 |
| 7 | ബിന്ദു ഷൺമുഖൻ, കണിയാംപറമ്പിൽ | 6 |
| 8 | ശാരദ, വേളൂപ്പറമ്പിൽ | 20 |
| 9 | ഷീബ, പിണ്ടിച്ചിറ | 31 |
| 10 | ജൂബിലി, തോപ്പിൽ കിഴക്കേതുണ്ടിയിൽ | 31 |
| 11 | പൊന്നമ്മ കൃഷ്ണൻകുട്ടി, പുതുപ്പറമ്പിൽ | 31 |
| 12 | ലീലാമണി, കന്യാകോണിൽ | 31 |
| 13 | സെലിൻ വിൻസെന്റ്, ഇരട്ടക്കണ്ടത്തിൽ | 24 |
| 14 | സുബൈദ രാജ്, പുത്തൻമഠം | 19 |
| 15 | റെസീന കുന്നക്കാട്, ഫാത്തിമാപുരം | 16 |

(4) ഗുണഭോക്താക്കൾക്ക് രണ്ടാംഗഡു വിതരണം ചെയ്ത വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുകയോ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പേര്/വീട്ടുപേര് | വാർഡ് |
|---|---|---|

| നം. | | നം. |
|---|---|---|
| 1 | ശ്യാമള ചന്ദ്രൻ, ചന്ദ്രാലയം | 1 |
| 2 | വിജയമ്മ, കുറ്റിശ്ശേരിൽ വീട് | 1 |
| 3 | അന്നമ്മ സെബാസ്റ്റ്യൻ, പൂത്തോട്ടുകളം | 1 |
| 4 | രാജമ്മ, വലിയപറമ്പിൽ | 1 |
| 5 | ചന്ദ്രമതി പി.ആർ, വലിയപറമ്പ് | 1 |
| 6 | തങ്കമണി, കോച്ചേരി | 1 |
| 7 | ജെയിംസ് മാത്യു, കല്ലുകളം | 5 |
| 8 | ഓമന പുഷ്പാംഗദൻ, കളത്തിൽ | 7 |
| 9 | ഓമന രവീന്ദ്രൻ, കിഴക്കേപ്പറമ്പ് | 6 |
| 10 | മോളി ചാക്കോ, പുത്തൻപുരയ്ക്കൽ | 8 |
| 11 | രമണി ശശി, കളത്തിൽ | 7 |
| 12 | മെർലിൻ ബ്രൂസ്, ബ്രസ്റ്റ്യൻസ് ഹൗസ് | 7 |
| 13 | ഗൗരി ലക്ഷ്മണൻ, പുതുപ്പറമ്പിൽ | 5 |
| 14 | ജെസ്സി ജോസഫ്, കുട്ടംപേരൂർ | 7 |
| 15 | രാജേശ്വരി, പ്ലാച്ചേരി | 14 |

5) വാർഡ് സഭാ മിനിട്ട്സുകൾ പരിശോധിച്ചതിൽ നിന്ന് ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭ അംഗീകരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

6) 2021-22, 2022-23 വർഷങ്ങളിലായി ആകെ 185 പേർ ഒന്നാം ഗഡു തുക കൈപ്പറ്റിയതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ഇതിൽ എത്ര പേർ മെയിന്റനൻസ് പ്രവൃത്തി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയെന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ളവരുടെ മെയിന്റനൻസ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും അറിയിച്ചിട്ടില്ല.

7) ഗുണഭോക്താക്കൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ സൂചിത പരാമർശങ്ങൾക്ക് ഓഡിറ്റിന് മറുപടി ലഭ്യമാക്കണമെന്ന് 03.03.2023ലെ 85-ാം നമ്പർ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ₹1,25,000 നിരാകരിക്കുകയും ₹32,44,000 (33,69,000-1,25,000) തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു.

## 1-50 പട്ടികജാതി വിഭാഗക്കാർക്ക്-മെറിറ്റോറിയസ് സ്കോളർഷിപ്പ് - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 20/22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിഭാഗക്കാർക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ തുക | 7,00,000 (ഫണ്ട്-വികസന ഫണ്ട് SCP) |
| നിർവ്വഹണ | പ്രോജക്ട് |

| | |
|---|---|
| ഉദ്യോഗസ്ഥൻ | ഓഫീസർ (H1), നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ബിൽ നം./തീയതി-തുക | 889637/23.12.21-3,35,000 |
| | 1030890/29.01.22-1,60,000 |
| | 1223738/28.02.22-1,65,000 |
| | 1469101/26.03.22-40,000 |

പ്രസ്തുത പ്രൊജക്ട് പ്രകാരം ആകെ 31 പേർക്ക് സഹായധനം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(1) താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്ന് മെറിറ്റോറിയസ് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് സഹായധനം വിതരണം ചെയ്തത്.

| ക്രമ നം. | പേരുവിവരം (വാർഡ് നം.) | നൽകിയ തുക |
|---|---|---|
| 1 | അക്ഷയ് പി.കെ (വാർഡ് നം.28) | 20,000 |
| 2 | അപർണ്ണ ആർ (വാർഡ് നം.24) | 20,000 |
| 3 | മിഥുൻ മുരുകേഷ് (വാർഡ് നം.19) | 25,000 |
| 4 | സൂര്യകുമാർ എസ് (വാർഡ് നം.19) | 20,000 |
| 5 | അശ്വിൻ രമണൻ (വാർഡ് നം.7) | 20,000 |
| 6 | ശ്രീതു ശ്രീദേവൻ (വാർഡ് നം.29) | 20,000 |

(B) വാർഡ് സഭ മിനിട്ട്സ് പരിശോധിച്ചതിൽ മേൽ പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളെ വാർഡ് സഭ മുഖേന തെരഞ്ഞെടുക്കപ്പെട്ടവരല്ല എന്ന് വ്യക്തമാകുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 07.02.2023-ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം. 38/2021-22ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മെറിറ്റോറിയസ് സ്കോളർഷിപ്പ് ഇനത്തിൽ വിതരണം ചെയ്ത ₹7,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 17/22, (97/23-സ്പിൽ ഓവർ) |
| അടങ്കൽ തുക | ₹19,00,000(വികസന ഫണ്ട്-SCP) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (HI), U.P.A.C |

| | |
|---|---|
| ചെലവുതുക/ബിൽ നം./തീയതി | ₹13,61,450/721132(17/22)/29.11.2021(2021-22) |
| | ₹4,65,750/482983(97/23)/30.08.22(2022-23) |

പ്രസ്തുത പ്രൊജക്ട് പ്രകാരം 2021-22, 2022-23 വർഷങ്ങളിലായി 50 പേർക്ക് ലാപ്പ് ടോപ്പ് നൽകുന്നതിനായി മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) മേൽ സൂചിത പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് 13.10.2021-ന് കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലാപ് ടോപ്പ് ഒന്നിന് ₹27,229 നിരക്കിൽ 50 ലാപ് ടോപ്പിന് ₹13,61,450, 29.11.2021-ലെ ബിൽ പ്രകാരം കെൽട്രോണിന് നൽകിയിരുന്നു. 18.02.2022 വരെ കാലാവധി പറയുന്ന ഇൻവോയ്സ് പ്രകാരം പണമടച്ച് 45 ദിവസത്തിനകം ലാപ് ടോപ്പ് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ 45 ദിവസത്തിനകം ലാപ് ടോപ്പുകൾ ലഭ്യമാക്കിയില്ല. കൂടാതെ ഇൻവോയ്സിൽ രേഖപ്പെടുത്തിയിരുന്ന കാലാവധി കഴിയുന്നതിന് മുമ്പ് ലാപ് ടോപ്പുകൾ സപ്ലൈ ചെയ്യുന്നതിനായി നഗരസഭയുടെ ഭാഗത്തുനിന്നും യാതൊരുവിധ കത്തിടപാടുകളും നടത്തിയിട്ടുമില്ല. ഇൻവോയ്സ് കാലാവധി കഴിഞ്ഞ ശേഷം 21.06.2022-നാണ് ഇത് സംബന്ധിച്ച കത്തിടപാട് കെൽട്രോണുമായി നടക്കുന്നത്.

ചെയർപേഴ്സണിന്റെ അദ്ധ്യക്ഷതയിൽ 15.11.2021-ൽ കൂടിയ പർച്ചേസ് കമ്മിറ്റി മിനിട്ട്സ് പ്രകാരം ലാപ് ടോപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ലെങ്കിൽ ടെണ്ടർ വിളിക്കാൻ തീരുമാനമുള്ളതാണ്. എന്നാൽ സമയബന്ധിതമായി ലാപ് ടോപ്പുകൾ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാതെയും കെൽട്രോണിന്റെ പുതുക്കിയ ഇൻവോയ്സ് നം.TVM/ITBG/PI/RC/40166/20-21/തീയതി, 27.07.2022 പ്രകാരം ₹36,544 നിരക്കിൽ ലാപ് ടോപ്പ് വാങ്ങുകയും ചെയ്തത് മൂലം ഒരു ലാപ് ടോപ്പിന് ₹9,315 അധികം നൽകി 50 ലാപ് ടോപ്പിന് ₹4,65,750 അധികമായി ചെലവഴിക്കേണ്ടി വന്നു. കൂടാതെ, കെൽട്രോണിന് തുക നൽകുന്നതിന് മുമ്പായി സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചതായും കാണുന്നില്ല.

ഇതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 12.12.2022-ൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 25-ന് ലഭിച്ച മറുപടിപ്രകാരം, ടെണ്ടർ വിളിക്കാൻ തീരുമാനമുണ്ടെങ്കിലും വാർഷിക പദ്ധതിയുടെ എക്സ്പെന്റിച്ചർ നിരക്ക് പ്രകാരം ചങ്ങനാശ്ശേരി നഗരസഭ ഏറ്റവും താഴെയുള്ള പൊസിഷനിൽ ആയതിനാൽ കെൽട്രോണിന് നൽകിയ തുക പിൻവലിക്കേണ്ടെന്ന് 29.01.2022-ന് കൂടിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. (ടി തീരുമാനങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. ഇത് ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷന്റെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.) എന്നാൽ മിനിട്ട്സ് പരിശോധിച്ചതിൽ മേൽ തീരുമാനം അജണ്ടയിൽ ഉൾപ്പെടുത്താതെ പിന്നീട് എഴുതി ചേർത്തിരിക്കുന്നതായാണ് കാണുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തെറ്റായ തീരുമാനം മൂലം പുതിയ പ്രോജക്ട് തയ്യാറാക്കി സർക്കാർ ഫണ്ടിൽ നിന്നും 4,65,750/- രൂപ 2022-23 വർഷം അധികമായി ചെലവഴിക്കേണ്ടി വന്നത് ഓഡിറ്റിൽ അംഗീകരിക്കാൻ കഴിയില്ല. അധികമായി 2022-23-ൽ ചെലവഴിക്കേണ്ടി വന്ന തുക, തെറ്റായ തീരുമാനം കൈക്കൊണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽ നിന്നും, നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കി സർക്കാർ ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) മേൽ പ്രോജക്ട് പ്രകാരം 50 ലാപ്പ്ടോപ്പുകൾ വാങ്ങിയതിന് ആകെ ₹18,27,200 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും, 48 പേർക്ക് മാത്രമാണ് ലാപ്പ് ടോപ്പ് വിതരണം ചെയ്തിട്ടുള്ളത് എന്നു വ്യക്തമാകുന്നു. ബാക്കി 2 ലാപ്പ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ 50 ലാപ്പ്'ടോപ്പ് വാങ്ങിയത് സർക്കാർ ഫണ്ടിന്റെ ദുർവ്യയമായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ രണ്ട് ലാപ്പ്ടോപ്പുകൾക്ക് (@ 27229 + 9315 ) ചെലവായ തുക ₹73088 അടിയന്തിരമായി സർക്കാർ ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(സി) ലാപ്പ് ടോപ്പ് വിതരണം ചെയ്യപ്പെട്ട 48 കുട്ടികളിൽ താഴെപ്പറയുന്ന 12 കുട്ടികൾക്ക് എസ്.സി.വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ലാപ്പ്ടോപ്പ് വിതരണം ചെയ്തത്.

1. കെ.എസ് അനന്തുകൃഷ്ണ (വാർഡ്-28)

2. അശ്വിൻ രമണൻ (വാർഡ്-7)

3. സഞ്ജയ് സാജൻ (വാർഡ്-14)

4. അർപ്പിത വി (വാർഡ്-14)

5. അജിത് എം (വാർഡ്-16)

6. ദിവ്യ ദാസ് ( വാർഡ്-16)

7. സുധീഷ് കെ.എസ് (വാർഡ്-18)

8. അമൽ സോമൻ (വാർഡ്-19)

9. വിശാഖ് എസ് (വാർഡ്-24)

10. ഹരികൃഷ്ണൻ.എച്ച് (വാർഡ്-24)

11. അക്ഷയ് വിനോദ് (വാർഡ്-28)

12. മീനവൻ എം.എസ് (വാർഡ്-33)

(ഡി) അജിത് എം. എന്ന വിദ്യാർത്ഥി പാരലൽ കോളേജിൽ പഠിക്കുന്നതായി ഫയൽ പ്രകാരം വ്യക്തമാകുന്നു. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.9 നിഷ്കർഷിക്കുന്നു. എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് ലാപ്പ്ടോപ്പ് വിതരണം ചെയ്തത്.

(ഇ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.10.2020ലെ ഡി.എ.1/208/2020-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം Middle Level Specification ഉള്ള ലാപ്പ്'ടോപ്പ് വാങ്ങി നൽകേണ്ടതില്ല എന്നും ഏറ്റവും ബേസ് മോഡൽ ആയ ലാപ്പ് ടോപ്പ് വാങ്ങി നൽകിയാൽ മതിയെന്നും നിർദ്ദേശമുള്ളതാണ്. എന്നാൽ ഈ സർക്കുലർ പാലിക്കാതെ Middle Level Specification ഉള്ള ലാപ്പ്'ടോപ്പാണ് വാങ്ങി നൽകിയിരിക്കുന്നത്.

(എഫ്) ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ വാർഡ് സഭ മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ടവരല്ല എന്ന് മിനിട്ട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വാർഡ് സഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ലാപ്'ടോപ്പ് നൽകിയത് അംഗീകരിക്കാനാവില്ല.

(ജി) വാർഡ് സഭ അംഗീകരിക്കാത്തതും എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമായ ലിസ്റ്റിൽ ഇല്ലാത്തവർക്കും ലാപ്'ടോപ്പ് നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | അനില ആർ. | 1 |
| 2 | രേവതി രാജേഷ് | 10 |
| 3 | സഞ്ജയ് സാജൻ | 14 |
| 4 | അശ്വതി ജി.കെ. | 19 |
| 5 | അമൽ സോമൻ | 19 |
| 6 | വിശാഖ് എസ്. | 24 |
| 7 | ഹരികൃഷ്ണൻ എച്ച്. | 24 |
| 8 | കണ്ണകി പി. ആർ. | 28 |

| | | |
|---|---|---|
| 9 | അരവിന്ദ് എം. | 37 |

മേൽ സൂചിത പരാമർശങ്ങൾക്ക് (ബി മുതൽ എഫ് വരെ) അടിയന്തിരമായി ഓഡിറ്റിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 31.01.2023 ൽ നല്കിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഉപ ഖണ്ഡിക (എ) പ്രകാരമുള്ള 2021-22 ലെ ചെലവ് തുക 13,61,450/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഉപഖണ്ഡിക (എ), (ബി) എന്നിവ പ്രകാരം 2022-23 വർഷം അധികം ചെലവഴിച്ച തുക തിരികെ ഒടുക്കാത്തപക്ഷം പ്രസ്തുത ചെലവുകൾ ഉത്തരവാദിയായവരുടെ ബാധ്യതയാകുന്നതാണ്.

## 1-52 വയോജനങ്ങൾക്ക് കട്ടിൽ (SCP) - പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 230/21-22 |
| അടങ്കൽ | 4,82,850 (ഫണ്ട്- വികസന ഫണ്ട് SCP) |
| ചെലവ് -1. ബിൽ നം.377716/07.09.21 | 2,15,350 രൂപ |
| 2. ബിൽ നം.405334/21.03.22 | 2,62,727 രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

മേൽ പ്രോജക്റ്റ് പ്രകാരം കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 111 കട്ടിൽ ₹4,307 നിരക്കിൽ വാങ്ങിയിരുന്നു. രജിസ്റ്റർ, ഫയൽ, ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയൽ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ആകെ 111പേർക്കുള്ള കട്ടിൽ വാങ്ങിയതിൽ 61 ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്ത് വിതരണം കാണിച്ചിരിക്കുന്നത്. ബാക്കി 50 ഗുണഭോക്താക്കളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുകയോ വിതരണ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ, 50 ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല.

2. 2020-21 വർഷത്തെ 139/21 നമ്പർ പ്രോജക്റ്റ് പ്രകാരം ആനുകൂല്യം ലഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വീണ്ടും 2021-22 വർഷവും ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേരുവിവരം | 2020-21 വർഷത്തെ ബിൽ നം./തീയതി/തുക |
|---|---|---|
| 1 | അമ്മാളുകുട്ടി, അഴുമുഖം-വാർഡ്-6 | 394290/13.08.2020 തുക-₹3,91,437 (7 കട്ടിലിന്റെ തുക ₹25,550) |
| 2 | ശാന്തമ്മ, അമ്പലപ്പറമ്പ്-വാർഡ്-14 | |
| 3 | സാവിത്രി, പാറയിൽ-വാർഡ് | |

| | |
|---|---|
| | 18 |
| 4 | മണി, കൊച്ചുപറമ്പിൽ-വാർഡ്-18 |
| 5 | ഇന്ദിര കുഞ്ഞുമോൻ, കിഴക്കേപ്പുരയിൽ-വാർഡ്-22 |
| 6 | രുഗ്മിണി, കന്യാകോണിൽ-വാർഡ് -25 |
| 7 | മാധവൻ, വെള്ളപങ്കിരി-വാർഡ്-25 |

ടി ഗുണഭോക്താക്കൾക്ക് വീണ്ടും ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല.

3. താഴെപ്പറയുന്ന ഗുണഭോക്താക്കൾ കാലാവധി കഴിഞ്ഞ ജാതി സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് ആനുകൂല്യത്തിന് സമർപ്പിച്ചിരിക്കുന്നത്.

| ക്രമ നം. | പേര് | ജാതി സർട്ടിഫിക്കറ്റിലെ തീയതി |
|---|---|---|
| 1 | തിരുവൻ തങ്കമ്മ, പാറയിൽ | 24.10.2016 |
| 2 | രാജമ്മ രാജു, പാറാട്ട് | 31.01.2017 |
| 3 | രമണി മോഹനൻ, കൊട്ടാരപറമ്പിൽ | 15.03.2013 |
| 4 | ശരത് ചന്ദ്രൻ, വടക്കേപറമ്പ് | 17.01.2008(ഫോട്ടോ കോപ്പി തിരുത്തിയിരിക്കുന്നു) |
| 5 | മുരളീധരൻ, നെടുംപറമ്പിൽ | 24.01.2005 |
| 6 | കുട്ടൻ രാജൻ, ചിറത്തറ വീട് | 19.07.2013 |
| 7 | മണിയമ്മ, അമ്പലപ്പറമ്പിൽ | 15.01.2016 |
| 8 | സാവിത്രി സോമൻ, പാറയിൽ | 07.12.2016 |
| 9 | ഓമന കെ.ജി, കളത്തിൽകാവിൽ | 08.01.2015 |
| 10 | തങ്കമ്മ കുട്ടൻ. തോപ്പിൽ | 08.01.2016 |
| 11 | പൊന്നമ്മ ചന്ദ്രൻ, ചന്ദനപ്പറമ്പിൽ | 24.02.2005 |

4. താഴെ പേര് ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യ ം വിതരണം ചെയ്തു.

1. ശശി ദാമോദരൻ, പുതുപ്പറമ്പ്

2. മണിയമ്മ, അമ്പലപ്പറമ്പ്

3. തങ്കച്ചി രഘു, ചെറുകരകുന്നേൽ

4. ഭാസി, കാലത്തിൽച്ചിറ

5. ശാന്തമ്മ, വെള്ളപങ്കിരി

5. വിജയൻ എൻ.എൻ, നെടുംപറമ്പിൽ എന്ന വ്യക്തിക്ക് രജിസ്റ്ററിൽ ക്രമ നം.(28) ആയി ചേർത്ത് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടിയാളുടെ പേര് ഗുണഭോക്തൃ ലിസ്റ്റിലില്ല.

6. താഴെ പേര് ചേർക്കുന്ന ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയ തായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല .

1. ഓമന രാജപ്പൻ, പുതുപ്പറമ്പിൽ

2. രാജൻ കുട്ടൻ, ചിറത്തറ

7. വാർഡ് സഭയുടെ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ആരും തന്നെ വാർഡ് സഭ മുഖേന തെരഞ്ഞെടുക്കപ്പെട്ടവരല്ല എന്ന് വ്യക്തമാകുന്നു.

മേൽ സൂചിത അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 49/13.02.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നം 230/22 പ്രോജക്ട് പ്രകാരം നല്കിയ ആനുകൂല്യം ₹4,307 വീതം 7 കട്ടിലിന്റെ വില ₹30149 നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ മേൽ സൂചിത പരാമർശങ്ങളിലെ അപാകത പരിഹരിച്ചിട്ടില്ലാത്തതിനാൽ ബാക്കി ചെലവുതുക ₹447928 തടസ്സത്തിൽ വെയ്ക്കുന്നു.

## 1-53 വിവാഹ ധനസഹായ പദ്ധതി (SCP) - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 14/22 |
| പ്രോജക്ടിന്റെ പേര് | ജനകീയ ആസൂത്രണ പദ്ധതി - വിവാഹധനസഹായം (SCP) |
| അടങ്കൽ തുക | ₹4,50,000 (ഫണ്ട്- വികസന ഫണ്ട് SCP) |
| ബിൽ നം. | 619581/08.11.21-₹3,75,000 |
| | 405351/21.03.22-₹75,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (HI), നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

പ്രസ്തുത പ്രൊജക്ട് പ്രകാരം 6 ഗുണഭോക്താക്കൾക്ക് ₹75,000 വീതം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(A) പട്ടികജാതി വകുപ്പിൽ നിന്നും വിവാഹധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെ പൊന്നമ്മ ബാലൻ, കക്കാട്ട്താഴ്ചയിൽ (വാർഡ് 22) എന്ന ഗുണഭോക്താവിന് സഹായധനം വിതരണം ചെയ്തു.

(B) വാർഡ് സഭാ മിനിട്ട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്ന് ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ വാർഡ് സഭ തെരഞ്ഞെടുത്തിട്ടില്ല എന്ന് വ്യക്തമാകുന്നു.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 07.02.2023 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.37ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹4,50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-54 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ ടാങ്ക് വാങ്ങുന്നതിന് ധനസഹായം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 13/21-22 |
| അടങ്കൽ | 5,40,000 (വികസന ഫണ്ട്) |
| ചെലവ്<br>ബിൽ നം.1090465 /9.2.22 | 1,56,000 |
| ബിൽ നം.1405325/21.03.22 | 84,000 |
| ബിൽ നം.1469116/26.03.22 | 1,80,000 |
| ചെക്ക് നം 176123/16.3.22- | 52,000(ഗുണഭോക്തൃ വിഹിതം) |
| ചെക്ക് നം 391443/20.5.22 | 88,000 (ഗുണഭോക്തൃ വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

പ്രസ്തുത പ്രൊജക്ട് പ്രകാരം 175 പേർക്ക് ₹3200 വീതം ആകെ 5,60,000 (₹4,20,000 +140000) എസ് എസ് മാർക്കറ്റിംഗ് ചേർത്തല എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫയൽ, വ്യക്തിഗത ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)നിലവിൽ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ നൽകിയവർക്കും ആനുകൂല്യം നൽകുവാൻ പാടില്ല എന്ന മാനദണ്ഡം പാലിക്കുന്നതിന് ആവശ്യമായ രേഖകൾ ഫയലിൽ ഉൾപ്പെടുത്താതെയും പരിശോധിക്കാതെയുമാണ് പ്രൊജക്ട് നടപ്പാലാക്കിയിരിക്കുന്നത്.

2) 02.02.22 ൽ വിതരണം ചെയ്യപ്പെട്ട വാട്ടർടാങ്കിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ, താഴെപ്പറയുന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാതെ വാട്ടർ ടാങ്കിന് ഗുണഭോക്തൃ വിഹിതം ₹800 വീതം അടച്ച് ആനുകൂല്യം കൈപ്പറ്റിയതായി വ്യക്തമാകുന്നു.

| ക്രമ നം. | ഗുണഭോക്താവ് | പണമടച്ച തീയതി |
|---|---|---|
| 1. | ഗോപകുമാർ എം.എസ് | 21.01.22 |
| 2. | ബീന അനീഷ് | 21.01.22 |
| 3. | ഷൈല കെ.പി | 01.02.22 |
| 4. | വിലാസിനി | 01.02.22 |
| 5. | ലളിത | 01.02.22 |
| 6. | ബിനു വി. എൻ | 01.02.22 |
| 7. | എൻ.റ്റി. അപ്പുക്കുട്ടൻ | 01.02.22 |
| 8. | രതീഷ് എൻ.വി | 01.02.22 |
| 9. | മുരുകേശൻ | 01.02.22 |
| 10. | ശുഭ വേലൂർകളം | 24.01.22 |
| 11. | അജിതകുമാരി | 24.01.22 |
| 12. | നിഷാമോൾ | 24.01.22 |
| 13. | കവിത ഷിബു | 31.01.22 |
| 14. | സജിത സുരേഷ് | 31.01.22 |

ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3) ചുവടെ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കൾ വ്യക്തിഗത അപേക്ഷയോടൊപ്പം ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റ് കാലപരിധി കഴിഞ്ഞതും മറ്റാവശ്യങ്ങൾക്കായി വാങ്ങിയതുമാണ്. ഡിജിറ്റൽ സർട്ടിഫിക്കറ്റിന്റെ കാലാവധി 3 വർഷത്തേയ്ക്ക് മാത്രമാണ്. പ്രത്യേക ആവശ്യങ്ങൾക്ക് വാങ്ങുന്ന സർട്ടിഫിക്കറ്റ് പ്രസ്തുത ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്.

| ക്രമ നം. | പേര് | ജാതിസർട്ടിഫിക്കറ്റിലെ തീയതി |
|---|---|---|
| 1 | എം.കെ.ശശി | 18.12.17 |
| 2 | സാവിത്രി അജയപ്പൻ | 27.11.15 |
| 3 | ഷൈലജ | 23.01.17 |
| അഡീഷണൽ ലിസ്റ്റ് (26.04.2022 ൽ തയ്യാറാക്കിയത് ) | | |
| 1 | ഗൗരി | 28.11.2011 |
| 2 | ശിവകുമാർ | 10.08.2005 |
| 3 | ഓമന | 17.12.2012 |
| 4 | ബിന്ദു ഷൈജു | 16.12.2008 |
| 5 | രാഖിപ്രഭ | 21.10.2017 |
| 6 | ഗീത ജയചന്ദ്രൻ | 09.02.2017 |
| 7 | പൊന്നമ്മ മനോഹരൻ | 09.12.2015 |
| 8 | വരുൺ ബാബു | 02.08.2013 |
| 9 | പ്രിയങ്ക | 28.07.2016 |
| 10 | രാജമ്മ രാജൻ | 11.01.2016 |
| 11 | ഉഷാ പ്രസാദ് | 14.11.2017 |
| 12 | സാന്ദ്ര കെ.സി | 05.06.2017 |
| 13 | സുരേഷ് കെ.കെ | 23.03.2012 |
| 14 | അമ്മിണി | 31.03.2014 |
| 15 | അരുൺകുമാർ | 01.11.2017 |
| 16 | തങ്കമ്മ എ.സി | 08.01.2016 |
| 17 | ബിനു സി | 20.12.2017 |
| 18 | അഭിലാഷ് | 09.03.2015 |
| 19 | ലക്ഷ്മി സുശീലൻ | 04.03.2013 |
| 20 | ശാലിനി അനിൽ | 26.02.2016 |
| 21 | ശോഭന | 01.11.2017 |
| 22 | കുഞ്ഞമ്മ മണിയപ്പൻ | 03.03.2015 |
| 23 | പ്രഭ പ്രദീപ് | 25.112017 |
| 24 | എൻ.എൻ.വിജയൻ | 21.12.2017 |
| 25 | കണ്ണൻ റ്റി | 04.12.2017 |
| 26 | ജയാനന്ദൻ | 28.03.2012 |
| 27 | അനീഷ് | 21.07.2012 |

4) താഴെപ്പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു എന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം വിതരണം ചെയ്തു .

1. ഓമന, മേഘേമഠം, കുരിശുംമൂട്
2. ശാന്തമ്മ, 12ൽചിറ
3. വത്സമ്മ (വാർഡ്-32)

26.04.2022 ലെ അഡീഷണൽ ലിസ്റ്റ്

1.വിജയമ്മ,മുഴവംചേരിൽ

2.രജനി രാജീവ്, പാറാട്ടുതാഴയിൽ

3.ജെസ്സി മുരളി, ഇടവത്തറ

4. രാജി താമരക്കാട്ട്

5) 26.04.2022ലെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവായ ജെസ്സി മുരളിയുടെ വ്യക്തിഗത ഫയലിൽ വെള്ള പേപ്പറിൽ എഴുതിയ ടിയാളുടെ അപേക്ഷയല്ലാതെ മറ്റു രേഖകളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല

6) അപേക്ഷയില്ലാതെ ആനുകൂല്യം നൽകി

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പോലും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

1)ബിനു വെള്ളപങ്കിരി

2)കുഞ്ഞമ്മ ചന്ദ്രൻ, പന്ത്രണ്ടിൽ ചിറ

7) ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലിൽ ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ രസീത് /പകർപ്പ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

8) 02.02.2022ൽ വാട്ടർ ടാങ്ക് വിതരണം ചെയ്ത 65 ഗുണഭോക്താക്കളുടെ പേര് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. പൂർണ്ണമായ പേര്, വിലാസം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

9) വാട്ടർടാങ്കിന് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ വാർഡ് സഭ മുഖേന തെരഞ്ഞെടുത്തതല്ല എന്ന് വാർഡ് സഭാ മിനിട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

10) അംഗീകരിച്ച പ്രൊജക്റ്റിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് 13.02.2023ൽ നല്കിയ 53-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ സൂചിത അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നത് വരെ ഈ പ്രോജക്ടിൽ ചെലവഴിച്ച തുക ₹4,20,000 തടസ്സപ്പെടുത്തുന്നു.

## 1-55 മഴക്കാലപൂർവ്വ ശുചീകരണം - രേഖകൾ സൂക്ഷിക്കുന്നതിലെയും തുക ചെലവഴിക്കുന്നതിലെയും അപാകതകൾ

ഫയൽ നം.H4/3241/19

നഗരസഭയിൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിന്റെ ഭാഗമായി തുക ചെലവഴിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I) ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2020-21 വർഷം ലഭിച്ച ശുചിത്വമിഷൻ വിഹിതം ₹3,70,000, 37 വാർഡുതല സാനിട്ടേഷൻ സമിതികളുടെ അക്കൗണ്ടിലേയ്ക്ക് ചെക്ക് നം.2950492/04.06.21 പ്രകാരം കൈമാറിയിരുന്നു. ഈ തുകയിൽ 36 വാർഡുകളിൽ ₹10,000 വീതവും 20-ാം വാർഡിൽ 9,920/-രൂപയും ചെലവഴിച്ചതായുള്ള ധനവിനിയോഗ സാക്ഷ്യപത്രം ശുചിത്വമിഷന് നൽകിയിട്ടുള്ളതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വൗച്ചറുകൾ, സാനിട്ടേഷൻ സമിതികളുടെ ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2021-22 വർഷം മഴക്കാലപൂർവ്വ ശുചീകരണങ്ങൾക്കായി ശുചിത്വമിഷനിൽ നിന്ന് ലഭിച്ച തുക ₹3,70,000

(ചെക്ക് നം.0581522/21.02.2022) വാർഡുതല സാനിട്ടേഷൻ സമിതികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവുരേഖകൾ, ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ഹാജരാക്കിയിരുന്നില്ല. ഇവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (നം.57/2021-22/15.02.2023) തുടർന്ന് 10 മുതൽ 20 വരെ വാർഡുകളിലെ ചെലവ് രേഖകളും 37 വാർഡ് തല സാനിട്ടേഷൻ സമിതികളുടെയും ബാങ്ക് പാസ് ബുക്കുകളും ഹാജരാക്കിയിരുന്നു. ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ ഏതാനും ചില ബാങ്ക് അക്കൗണ്ടുകളിൽ നിലവിലും തുക ശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം | ബാങ്ക് അക്കൗണ്ട് നം. | ബാലൻസ് | റിമാർക്സ് |
|---|---|---|---|
| 15 | Canara Bank 62388 | 12572(24.2.2022 ലെ നീക്കിയിരിപ്പ്)ഈ തുകയിൽ 10000 രൂപ 2.4.2022 ൽ പിൻവലിച്ചിട്ടുണ്ട്. | 1.2.2023 ൽ 2782ൽ നീക്കിയിരിപ്പുണ്ട്. |
| 16 | SIB 48090 | 488(25.3.2022 ലെ നീക്കിയിരിപ്പ്) | 7.12.2022ൽ 325.83 രൂപ നീക്കിയിരിപ്പുണ്ട്. |
| 17 | Canara Bank 62392 | 2572(25.3.2022ലെ നീക്കിയിരിപ്പ്) | 20.9.2022 ൽ 2532 രൂപ നീക്കിയിരിപ്പുണ്ട്. |
| 18 | Canara Bank 62408 | 12168(24.2.2022 ലെ ബാലൻസ്)ഈ തുകയിൽ 10000 രൂപ 20.4.2022 ൽ പിൻവലിച്ചിട്ടുണ്ട്. | 1.2.2023 ൽ 2239 ൽ നീക്കിയിരിപ്പുണ്ട്. |
| 19 | Canara Bank 62408 | 13373(24.2.2022ലെ നീക്കിയിരിപ്പ്)ഈ തുകയിൽ 10000 രൂപ 13.4.2022 ൽ പിൻവലിച്ചിട്ടുണ്ട്. | 1.3.2022ൽ 3556 രൂപ നീക്കിയിരിപ്പുണ്ട്. |
| 20 | ഇൻഡ്യൻ ബാങ്ക് 737555127 | 3522(31.3.2022ലെ ബാലൻസ് | 22.2.2023 ൽ3547 രൂപ ബാലൻസ് ഉണ്ട്. |
| 25 | ഇൻഡ്യൻ ബാങ്ക് 737554587 | 31.3.2022ൽ 2161 രൂപ ബാലൻസ് നിൽക്കുന്നു. | 1.3.2023ൽ2197 രൂപ ബാലൻസ് നിൽക്കുന്നു. |
| 33 | ഇൻഡ്യൻ ബാങ്ക് 737256138 | 31.3.2022ൽ 10022 രൂപ ബാലൻസ് നിൽക്കുന്നു. | 27.12.2022 ൽ 10442 രൂപ ബാലൻസ് നിൽക്കുന്നു. |

2020-21 വർഷം ലഭിച്ച ശുചിത്വമിഷൻ വിഹിതമായി 20 ാം വാർഡിൽ ലഭിച്ച 10000 രൂപയിൽ ചെലവഴിച്ച 9,920/-രൂപ കിഴിച്ചുള്ള 80 രൂപ തിരികെ ശുചിത്വ മിഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. കൂടാതെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പ്രകാരം നീക്കിയിരിപ്പായ തുകകൾ തിരികെ ശുചിത്വ മിഷൻ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

II)മഴക്കാല പൂർവ്വശുചീകരണം- വാർഡ് തല ശുചീകരണം-വേതനമിനത്തിൽ തുക അധികം പിൻവലിച്ചു.

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 10 മുതൽ 20 വരെ വാർഡുകളിലെ ചെലവ് രേഖകൾ പരിശോധിച്ചതിൽ തോട് വൃത്തിയാക്കൽ, ഓട വൃത്തിയാക്കൽ മുതലായ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു. വിവിധ വാർഡുകളിൽ ടി പ്രവൃത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തിയിട്ടുള്ള മസ്റ്റർ റോൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. തൊഴിലാളികൾക്ക് ₹630 ഒരു ദിവസം എന്ന നിരക്കിലാണ് വേതനം നല്കിയിരുന്നത്. എന്നാൽ ഈ നിരക്ക് കൗൺസിൽ അംഗീകരിച്ച് നൽകിയതായി കാണുന്നില്ല. അതിനാൽ വേതനം നിർണ്ണയിച്ച് നൽകിയതെങ്ങനെയെന്ന് വ്യക്തമല്ല.

3. ശുചീകരണ ജോലികൾ ചെയ്ത ഏതാനും ചില തൊഴിലാളികൾ ഒരേ തീയതിയിൽ വ്യത്യസ്ത വാർഡുകളിൽ ജോലി ചെയ്തിട്ടുള്ളതായും ടി തൊഴിലാളികൾ രണ്ട് വാർഡുകളിലെയും വേതനം കൈപ്പറ്റിയിട്ടുള്ളതായും കാണുന്നു. ഒരേ തീയതിയിൽ വ്യത്യസ്ത പ്രദേശങ്ങളിൽ ചെയ്യുന്ന പ്രവൃത്തി ഒരു ദിവസത്തെ പ്രവൃത്തിയായി പരിഗണിച്ച് വേതനം നൽകണമെന്നിരിക്കെ വ്യത്യസ്ത പ്രദേശങ്ങളിൽ ചെയ്ത പ്രവൃത്തികൾക്ക് പ്രത്യേകമായി വേതനം അനുവദിച്ചത് ശരിയായ നടപടിയല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | പ്രദേശം | ജോലി ചെയ്ത തീയതി | ജോലി ചെയ്ത വ്യക്തി | കൈപ്പറ്റിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 10 | കുന്നക്കാട് | 23.7.21 മുതൽ 27.7.21 വരെ | ബാലകൃഷ്ണൻ പി.സി | 3150 (ചെക്ക് നം.936313/14.7.21) | 3,150 |
| 2 | 13 | പെരുന്ന | 23.7.21 മുതൽ 27.7.21 വരെ | ബാലകൃഷ്ണൻ പി.സി | 3150(ചെക്ക് നം.573720/30.6.21) | |
| 3 | 11 | ഗുഡ്ഷെഡ് | 23.7.21 മുതൽ 27.7.21 വരെ | മുരുകൻ | 3150(ചെക്ക്നം. 329787/25.6.21) | 10,080 |
| 4 | 12 | ഹൗസിംഗ് ബോർഡ് | 23.7.21 മുതൽ 28.7.21 വരെ | മുരുകൻ | 3780(ചെക്ക് നം.583221/23.7.21) | |
| 5 | 14 | മുനിസിപ്പൽ കോളനി | 23.7.21 മുതൽ 27.7.21 വരെ | മുരുകൻ | 3150(ചെക്ക് നം.71506822/7.6.21) | |
| 6 | 14 | കവിയൂർ റോഡ് | 23.7.21 മുതൽ 28.7.21 വരെ | മുരുകൻ | 3780(ചെക്ക് നം.71506822/7.6.21) | |
| 7 | 10 | പാറേപ്പള്ളി | 23.7.21 മുതൽ 27.7.21 | മുരുകേശൻ | 3150 | 3,150 |

| | | | | | | |
|---|---|---|---|---|---|---|
| | | | വരെ | | | |
| 8 | 13 | പുത്തൂർപ്പള്ളി ഗ്രൗണ്ട് | 23.7.21 മുതൽ 28.7.21 വരെ | മുരുകേശൻ | 3780 | |
| 9 | 10 | പൊട്ടശ്ശേരി | 23.7.21 മുതൽ 28.7.21 വരെ | രാജ്ജു | 3780 | 3,150 |
| 10 | 14 | മുനിസിപ്പൽ ബസ് സ്റ്റാന്റ് (നം.2) | 23.7.21 മുതൽ 27.7.21 വരെ | രാജ്ജു | 3150 | |
| 11 | 11 | പാറേപ്പള്ളി | 23.7.21 മുതൽ 27.7.21 വരെ | ശശി | 3150 | 3,150 |
| 12 | 14 | കവിയൂർ റോഡ് | 23.7.21 മുതൽ 27.7.21 വരെ | ശശി | 3150 | |
| 13 | 11 | ഫാത്തിമാപുരം | 23.7.21 മുതൽ 28.7.21 വരെ | അണ്ണാമലൈ | 3780 | 3,150 |
| 14 | 15 | തിരുമല താഴ്ച | 23.7.21 മുതൽ 27.7.21 വരെ | അണ്ണാമലൈ | 3150(ചെക്ക് നം.71506820/7.6.21) | |
| 15 | 12 | ഹൗസിംഗ് ബോർഡ് | 23.7.21 മുതൽ 27.7.21 വരെ | മരുതുഴൽ | 3150(ചെക്ക് നം.583221/23.7.21) | 3,150 |
| 16 | 15 | പട്ടത്തിമുക്ക് | 23.7.21 മുതൽ 28.7.21 വരെ | മരുതുഴൽ | 3780 | |
| 17 | 12 | കവിയൂർ റോഡ് | 23.7.21 മുതൽ 27.7.21 വരെ | ബൈജു കെ .കെ | 3150 | 3,150 |
| 18 | 15 | ഉറവ | 23.7.21 മുതൽ 28.7.21 വരെ | ബൈജു കെ .കെ | 3150 | |

| | |
|---|---|
| ആകെ | 32130 |

4) വാർഡുതല സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടിൽ നിന്നും തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകാതെ ക്യാഷ് ആയി നൽകിയതിന്റെ കാരണം വ്യക്തമല്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.91/15.03.2023) ലഭ്യമാക്കിയ മറുപടിയിൽ സ.ഉ(പി) നം.29/21/ധന./11.2.2021 ലെ ഉത്തരവ് പ്രകാരം കരാർ തൊഴിലാളികളുടെ വേതനം 675 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കൗൺസിൽ തീരുമാനം ഉള്ളതായി രേഖയില്ല. ഫാത്തിമാപുരത്ത് മുൻസിപ്പൽ കോളനിയിൽ നിന്നുള്ള ഡി എൽ ആർ തൊഴിലാളികളെയാണ് നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്നത് എന്നും ഇവർ രാവിലെ 8 മുതൽ 1 മണി വരെ ഒരു വാർഡിലും ഉച്ചയ്ക്ക് 2 മുതൽ 6 മണി വരെ മറ്റ് വാർഡുകളിലായി ജോലി നോക്കുന്നതായും അതിനാലാണ് അവർക്ക് രണ്ട് കൂലി നൽകുന്നത് എന്നും മറുപടിയിൽ അറിയിച്ചു. അതോടൊപ്പം അന്യ സംസ്ഥാന തൊഴിലാളികൾ അടക്കം ഉള്ളതിനാൽ അവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാൽ വാർഡ് കൗൺസിലർ, ജെ എച്ച് ഐ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇവർക്ക് കൂലി നൽകി വൗച്ചറിൽ ഒപ്പിട്ട് വാങ്ങുന്നതായും അറിയിച്ചു. എന്നാൽ ഒരേ ദിവസം വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്തമായ ജോലികൾ ചെയ്താലും ഒരു ദിവസത്തെ ജോലിയായി മാത്രം പരിഗണിച്ച് ഒരു ദിവസത്തെ വേതനം മാത്രമേ നൽകേണ്ടതുള്ളൂ. അന്യ സംസ്ഥാന തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ടില്ലാത്തതിനാലാണ് തുക നേരിട്ട് നൽകിയത് എന്ന മറുപടിയും യുക്തി സഹമല്ല.

അതിനാൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ തൊഴിലാളികൾക്ക് വേതനമിനത്തിൽ അധികം അനുവദിച്ച 32130 രൂപ അതാത് വാർഡ് തല സാനിട്ടേഷൻ സമിതി അംഗങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മറ്റ് അപാകതകൾ നില നിൽക്കുന്നതിനാൽ നിരാകരിച്ച 32130 രൂപ കിഴിച്ചുള്ള 707870 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-56 അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ.

I) ഗുണഭോക്താക്കളുടെ അപേക്ഷകൾ / അർഹതാ രേഖകൾ ഹാജരാക്കിയില്ല .

പദ്ധതിമാർഗ്ഗരേഖ പ്രകാരം കാർഷികമേഖലയിലെ പദ്ധതികളിൽ ചെറുകിട/നാമമാത്ര കർഷകർക്കാണ് ആനുകൂല്യങ്ങൾക്ക് അർഹത. എന്നാൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ ഒന്നും തന്നെ ഗുണഭോക്താക്കളുടെ അപേക്ഷയോ ഭൂവിസ്തൃതി തെളിയിക്കുന്ന രേഖകളോ ഹാജരാക്കിയില്ല.

II) ജൈവപച്ചക്കറി വികസനം (പ്രോജക്ട് നം .150/22)

2,35,500/-(ബിൽ നം. 8/21-22/30.3.22)

4,95,000/- (ബിൽ നം. 3/21-22/2.3.22)

എ) പോട്ടിംഗ് മിശ്രിതം നിറച്ച പച്ചക്കറി തൈകളുള്ള 8250 ഗ്രോബാഗുകളും ഗ്രോബാഗുകൾ മാത്രമായി 2500 എണ്ണവും പനച്ചിക്കാട് അഗ്രോസർവീസ് സെന്ററിൽ നിന്നും വാങ്ങിയതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നത്. വികസനഫണ്ടിൽ നിന്നും ആകെ7,30,500/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. എന്നാൽ വികസനഫണ്ടിൽ നിന്നുള്ള 2,35,500/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കി തുകയുടെ ചെലവ് രേഖകൾ, ഗ്രോബാഗ് വിതരണ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ബി) മാർഗ്ഗരേഖപ്രകാരം ഗ്രോബാഗ് വിതരണ പദ്ധതിയിൽ ഗുണഭോക്താക്കളുടെ അർഹത നിർവഹണ ഉദ്യോഗസ്ഥൻ പ്രത്യേകമായി ഉറപ്പ് വരുത്തേണ്ടതാണ്. ഗുണഭോക്താക്കളുടെ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് ഓരോരുത്തർക്കും അർഹമായ ഗ്രോബാഗുകളുടെ എണ്ണം നിശ്ചയിക്കേണ്ടത്. കൃഷിവകുപ്പ് പദ്ധതി പ്രകാരം മുൻപ് ഗുണഭോക്താക്കൾ ഗ്രോബാഗുകൾ കൈപ്പറ്റിയിട്ടില്ല എന്നതും നിർവഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ഇപ്രകാരം ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതിന് ആവശ്യമായ രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സി) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രോബാഗുകളുടെ യൂണിറ്റ്കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. എന്നാൽ യൂണിറ്റ്കോസ്റ്റ് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

ഡി) 75% സബ്സിഡി അനുവദിച്ച പദ്ധതിയിൽ വികസനഫണ്ടിൽ നിന്നുള്ള ചെലവ് (7,30,500/-), ഗുണഭോക്തൃവിഹിതം പിരിച്ചത് (1,44,810/-) എന്നിവ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റ കാരണം വിശദമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

ഇ) ജൈവപച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ഗ്രോബാഗ് മാത്രമായി വിതരണം നടത്തിയതിന്റെ കാരണവും വിശദമാക്കിയില്ല.

III) നടീൽ വസ്തുക്കളുടെ വിതരണം (പ്രോജക്ട് നം .157/22)

1,70,500/-ബിൽ നം. 1/21-22/15.2.22

കെയ്ക്കോയിൽ നിന്നും നടീൽ വസ്തുക്കളുടെ341 യൂണിറ്റുകളാണ് വാങ്ങിയത്. ഓരോ കിറ്റിലും എന്തെല്ലാം ഇനങ്ങൾ ഏത് അളവിൽ ഉൾപ്പെടുത്തി എന്നതിന്റെ വിശദാംശം ഹാജരാക്കിയില്ല.

IV. സമഗ്രനെൽകൃഷി വികസനം (പ്രോജക്ട് നം .155/22)

4,93,080/- ബിൽ നം. 2/21-22/30.3.22

നെൽവിത്ത് (100% സബ്സിഡി), രാസവളം (50% സബ്സിഡി), ജൈവവളം, കുമ്മായം (75% അല്ലെങ്കിൽ 1776രൂപ/ഏക്കർ) നൽകുന്നതായാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പീടികയിൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 4,93,080/- രൂപയുടെ നെൽവിത്തുകൾ വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സമഗ്രനെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി വിത്ത് വിതരണം മാത്രമാണോ നടപ്പാക്കിയത് എന്നതിന് മറുപടി ഹാജരാക്കിയില്ല.

V. നെൽകൃഷിക്ക് കൂലിച്ചെലവ് ( പ്രോജക്ട് നം .151/22)

1,00,000/- ബിൽ നം. 7/21-22/30.3.22

നാൽപത്തിയെട്ട് കർഷകർക്കാണ് കൂലിച്ചെലവ് ആയി 1,00,000/-രൂപ അനുവദിച്ചത്. ചെലവിന്റെ വിശദാംശങ്ങൾക്കായി കർഷകർ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച രേഖകൾ, വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകുകയോ ആവശ്യമായ ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

VI. തെങ്ങിൻതൈ വിതരണം ( പ്രോജക്ട് നം .152/22)

1,83,750/- ബിൽ നം. 5/21-22/21.3.22

250/-രൂപ വിലവരുന്ന 980 തെങ്ങിൻതൈകളാണ് കെയ്ക്കോയിൽ നിന്നും വാങ്ങിയത്. 75% സബ്സിഡി അനുവദിച്ച പദ്ധതിയിൽ വികസനഫണ്ടിൽ നിന്നുള്ള ചെലവ് (1,83,750/-), ഗുണഭോക്തൃവിഹിതം പിരിച്ചത് (20226/-) എന്നിവ പൊരുത്തപ്പെടുന്നില്ല.
അപാകതകൾക്ക് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.(ഓഡിറ്റ്അന്വേഷണം നം.7/2021-22തീയതി 14.11.2022)

അപേക്ഷകൾ / അർഹതാരേഖകൾ, വിതരണ രേഖകൾ, മേൽ വിവരിച്ച മറ്റ് അപാകതകൾ എന്നിവ കാരണം പദ്ധതികൾക്കായി ചെലവഴിച്ച 18,66,080/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിന് ശുപാർശ ചെയ്യുന്നു.

ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു .

| പ്രോജക്ട് നം. | പ്രോജക്ടിന്റ പേര്. | തുക | ബിൽ നം/തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 149/22 | കുറ്റികുരുമുളക് തൈവിതരണം. | 188250/- | 4/21-22 /21.3.22 |
| 150/22 | ജൈവപച്ചക്കറി വികസനം | 2,35,500/- | 8/21-22 /30.3.22 |
| | | 4,95,000/- | 3/21-22 /2.3.22 |
| 152/22 | തെങ്ങിൻതൈവിതരണം | 1,83,750/- | 5/21-22 /21.3.22 |
| 155/22 | സമഗ്രനെൽകൃഷി വികസനം | 4,93,080 | 2/21-22 /30.3.22 |
| 157/22 | നടീൽ വസ്തുക്കളുടെ വിതരണം | 1,70,500/- | 1/21-22 /15.2.22 |
| 151/22 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1,00,000/- | 7/21-22 /30.3.22 |
| ആകെ | | 18,66,080/- | |

1-57 തദ്ദേശസ്ഥാപനത്തിൽ സ്ഥിരതാമസക്കാരനല്ലാത്ത വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകി.

നിർവഹണഉദ്യോഗസ്ഥ :- ഐസിഡിഎസ് സൂപ്പർവൈസർ.

പ്രൊജക്ട്- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 11/22)

ചെലവ്

24500/- (185800/-ബിൽ നം.5/21-22/28.1.22)

4000/- (298500/-ബിൽ നം.8/21-22/18.3.22)

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കൈപ്പറ്റിയ മഹേശ്വർ.എസ്, പുത്തൻപറമ്പിൽ, പെരുന്ന എന്ന ഗുണഭോക്താവ് വിജ്ഞാൻവാലി ലേണിംഗ് സെന്റർ,എറണാകുളം എന്ന സ്ഥാപനത്തിലെ 12ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. ആധാർകാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട്, ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയിൽ കൊച്ചി കോർപ്പറേഷൻ പരിധിയിലെ മേൽവിലാസമാണ് (Flat No.3c, Skyline Palm Shade, Opp.Lulumall, Edappally) ഗുണഭോക്താവിനുള്ളത്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരായാലും അല്ലെങ്കിലും ഏത് തദ്ദേശസ്ഥാപനത്തിലെ സ്ഥിരതാമസക്കാരനാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്. ഇതിന് വിരുദ്ധമായി ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും ആനുകൂല്യം നൽകുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 4/2021-22തീയതി 19.9.2022) കോവിഡിന് ശേഷം സ്കൂൾ അടച്ചിട്ടതിനാൽ പഠനാവശ്യത്തിന് വേണ്ടി മാത്രം താമസിച്ച വീടാണെന്നും സ്ഥിരതാമസം ചങ്ങനാശ്ശേരി നഗരസഭാ പരിധിയിൽ ആയിരുന്നുവെന്നുമാണ് മറുപടി നൽകിയത്. കൊച്ചി കോർപ്പറേഷനിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റുന്നില്ല എന്നും അറിയിച്ചു.

ആധാർ ഉൾപ്പെടെയുള്ള ആധികാരിക രേഖകളിലെല്ലാം കൊച്ചി കോർപ്പറേഷൻ പരിധിയിലെ മേൽവിലാസമായിരിക്കെ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്താവിന്റെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് 28.12.2019 ലെയാണ് എന്നത് തന്നെ ഈ മറുപടി വാസ്തവവിരുദ്ധമാണ് എന്നതിന്റെ തെളിവാണ്. മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും വിധം തദ്ദേശസ്ഥാപനത്തിലെ സ്ഥിരതാമസക്കാരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കേണ്ടതാണ്.

1-58 മരുന്നുകൾ,സഹായഉപകരണങ്ങൾ എന്നിവ ലഭിച്ചതിന്റെയും സ്റ്റോക്കിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല.

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി നടപ്പാക്കിയ പദ്ധതികളിൽ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചതിന്റെയും സ്റ്റോക്കിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല.

എ) തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ

പ്രോജക്ട് നം. 231

അടങ്കൽ -₹4,50,000/-

ചെലവ് -₹ 4,50,000/-

മരുന്നുകൾക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം. | തുക(₹) |
|---|---|
| 9/21-22/7.2.22 | 1,95,086/- |
| 11/21-22/19.2.22 | 2,23,861/- |
| 17/21-22/30.3.22 | 31,053/- |

ടി തുകക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല

ബി) പിഎച്ച്സി-ക്ക് മരുന്ന് , ഉപകരണങ്ങൾ

പ്രോജക്ട് നം. 167

അടങ്കൽ -₹ 4,00,000/-

ചെലവ് - ₹4,00,000/-

| ക്രമ നം. | ബിൽ നം. | തുക |
|---|---|---|
| 1 | 13/21-22/22.3.22 | 3,68,555/- |
| 2 | 16/21-22/25.3.22 | 5,688/- |
| 3 | 18/21-22/30.3.22 | 25,757/- |

ക്രമനം.1 ൽ കേരളമെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയ 3.50.000/- രൂപക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.1/2021-22തീയതി 30.8.2022)മറുപടി നൽകിയില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ രണ്ടു പദ്ധതികളിലായി ചെലവഴിച്ച 8,00,000/-രൂപ (4,50,000 +3,50,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-59 പാലിയേറ്റീവ് കെയർ പദ്ധതിയിൽ വാങ്ങിയ സഹായഉപകരണങ്ങളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

പ്രോജക്റ്റ് നം. 164

പാലിയേറ്റീവ് കെയർ പദ്ധതിയിൽ സഹായ ഉപകരണങ്ങൾക്കായി കെ.എം.എസ്.സി.എൽ-ന് ₹2,32,777/-(1/22ലെ ആകെ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ചെലവ് - 2,81,787/-ബിൽ നം.12/21-22/7.3.22) നൽകിയിട്ടുണ്ട്. ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട വ്യത്യാസത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഇൻവോയിസ് പ്രകാരം (എണ്ണം) | ഇൻവോയിസ് പ്രകാരം (വില)(GST(5% ഉൾപ്പെടെ) | സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത്( എണ്ണം) |
|---|---|---|---|
| Walking Stick(Quadripod) | 10@3999 | 3999/- | Nil |
| Walking Stick(Tripod) | 10@321.7 | 3217/- | 9(Page No.331) |
| Dialyser | 150@3589.99 | 88499/- | 146(Page No.539) |
| Blood Tubing Set | 150@144.28 | 21643/- | 146 (Page No.549) |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. (ഓഡിറ്റ് അന്വേഷണം നം.1/2021-22തീയതി 30.8.2022)

സ്റ്റോക്ക് രജിസ്റ്ററിൽ കുറവ് വന്ന ഉപകരണങ്ങൾക്കായി ചെലവഴിച്ച 7258/-രൂപ (3999+ 322+2360+577)ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-60 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യഥാസമയം യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടുതവണ മാത്രമാണ് (22.7.21, 8.12.21) 2021-22 വർഷം യോഗം ചേർന്നത്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.9.1 പ്രകാരം രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പിഎംസി യോഗം ചേരേണ്ടതാണ്. യഥാസമയം യോഗങ്ങൾ ചേരാതിരുന്നതിന്റെ കാരണം വിശദമാക്കിയിട്ടില്ല. മാർഗ്ഗരേഖ നിഷ്കർഷിക്കും വിധം യഥാസമയം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തി രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/2021-22തീയതി 30.8.2022) മറുപടി ലഭിച്ചിട്ടില്ല.

## 1-61 ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2021-22 വർഷം ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്റ്റ് നം.159 )എന്ന പ്രോജക്റ്റ് പ്രകാരം ₹1,00,000

(72930രൂപ- ബിൽ നമ്പർ-1/28.02.2022, 6933രൂപ-ബിൽ നമ്പർ-5/18.03.2022, 10456രൂപ-ബിൽ നമ്പർ-08/27.03..2022, 9681രൂപ- ബിൽ നമ്പർ-2/09.03.2022) ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. സബ്സിഡി നൽകിയതിന്റെ വിശദാംശങ്ങൾ(നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്) ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12/2021-22 തീയതി 29.11.2022 )ക്ക് രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. ചെലവ് രേഖകളുടെ അഭാവത്തിൽ 1,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. കാലിത്തീറ്റ സബ്സിഡി (പ്രോജക്ട് നം.141)എന്ന പ്രോജക്ട് പ്രകാരം ₹2,00,000 (67250രൂപ-ബിൽ നമ്പർ-3/09.03.2022, 65000രൂപ-ബിൽ നമ്പർ-4/09.03.2022, 32500രൂപ-ബിൽ നമ്പർ-6/18.03.2022, 35250രൂപ-ബിൽ നമ്പർ-7/29.03.2022 )വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കാലിത്തീറ്റ വാങ്ങിയതിന്റെ ഇൻവോയിസുകൾ (ബിൽ നം.3/9.3.2022, ബിൽ നമ്പർ-4/09.03.2022 എന്നിവ പ്രകാരമുള്ളത് ഒഴികെ) , ഗുണഭോക്താക്കൾ തുക സംഘത്തിൽ ഒടുക്കിയതിന്റെയും, സംഘങ്ങൾ സ്ഥാപനങ്ങൾക്ക് തുക നൽകിയതിന്റെയും വിവരങ്ങൾ, ലഭിച്ച കാലിത്തീറ്റയുടെ അളവ്, കാലിത്തീറ്റ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ (190ബാഗിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്), സ്ഥാപനത്തിന്റെ അക്കൗണ്ടുകളിലേയ്ക്കാണ് തുക കൈമാറിയത് എന്ന് ഉറപ്പാക്കിയതിന്റെ രേഖകൾ മുതലായവ ഫയലിലില്ല. മിൽമയിൽ നിന്നും ബാഗ് ഒന്നിന് ₹1300 നിരക്കിലും, കേരള ഫീഡ്സിൽ നിന്നും ₹1,345 നിരക്കിലുമാണ് കാലിത്തീറ്റ വാങ്ങിയിരിക്കുന്നത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മിൽമയിൽ നിന്നും മുഴുവൻ കാലിത്തീറ്റയും വാങ്ങാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം.12/2021-22 തീയതി 29.11.2022)ക്ക് രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. ചെലവ് രേഖകളുടെ അഭാവത്തിൽ 2,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-62 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - തുക തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 44/22

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, ചങ്ങനാശ്ശേരി.

ഫണ്ട് : മെയിന്റനൻസ് ഫണ്ട് - റോഡിതരം.

അടങ്കൽ തുക : ₹2,00,000

ചെലവഴിച്ച തുക : ₹2,00,000 (ബിൽ നം. 01/2021-22 തീയതി 05.08.2021)

ഗവ.ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് ഹോമിയോ മരുന്ന് വാങ്ങുന്നതിനായി ₹2,00,000 ഹോംകോയ്ക്ക് നല്കിയിട്ടുള്ളതിൽ, LF-374 നമ്പർ ബിൽ പ്രകാരം 19.07.2022-ൽ 1,05,612 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി 94,388/-രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 19.09.2022-ൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/21-22 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാത്ത മരുന്നുകളുടെ വിലയായ 94,388രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-63 മുറിച്ചുമാറ്റിയ മരങ്ങൾ/ശിഖരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല

ഹെൽത്ത് സൂപ്പർവൈസർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന രണ്ട് പദ്ധതികൾ പ്രകാരം മരങ്ങൾ/ശിഖരങ്ങൾ മുറിച്ചു മാറ്റിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, മുറിച്ചുമാറ്റിയ മരങ്ങൾ/ശിഖരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല.

എ) പ്രളയ സമാനമായ അടിയന്തിര സാഹചര്യങ്ങളിൽ പുനരധിവാസ പ്രവർത്തനങ്ങൾ (ദുരന്ത നിവാരണ പദ്ധതി) (പ്രോജക്ട് നം.221/22) :-ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെത്തുടർന്ന് അപകടകരമായ മരങ്ങൾ

മുറിച്ചുമാറ്റുന്നതിനായി ₹33,000 (ബിൽ നം.1174497/24.02.2022) ചെലവഴിച്ചിട്ടുണ്ട്.

ബി) അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റൽ (പ്രോജക്ട് നം.219/22);- വിവിധ മരങ്ങൾ പൂർണ്ണമായോ ശിഖരങ്ങൾ മാറ്റുന്നതിനോ ആയി വിവിധ ബില്ലുകൾ പ്രകാരം ₹2,28,500 ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.(ഓഡിറ്റ് എൻക്വയറി നം.-18/2021-22/26.12.2022)

മേൽ പദ്ധതികൾ പ്രകാരം മുറിച്ചുമാറ്റിയ മരങ്ങൾ/ശിഖരങ്ങൾ ലേലം ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-64 അഗതി രഹിത കേരളം- വികസന ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു

സാമൂഹികമായും സാമ്പത്തികമായും ഒറ്റപ്പെട്ട് കഴിയുന്നവരെയും അവശതയനുഭവിക്കുന്ന വിഭാഗത്തെയും കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ പദ്ധതി. നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന രീതിയിൽ പദ്ധതി പുനരാവിഷ്കരിച്ചു. അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട് നഗരസഭയിൽ ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് എന്നീ ആനുകൂല്യങ്ങൾക്ക് അർഹരായ ഗുണഭോക്താക്കൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം എന്നീ ഇനങ്ങളിലായി ഗുണഭോക്താക്കൾക്ക് തൻ വർഷം ആനുകൂല്യം നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മുൻ വർഷങ്ങളിൽ വികസന ഫണ്ട് പിൻവലിച്ച് ആശ്രയ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഈ തുകയുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് ( 45/10.2.2023) ലഭ്യമാക്കിയ മറുപടിയിൽ, 2022 മാർച്ച് മാസം ബാങ്ക് അക്കൗണ്ടിൽ വികസന ഫണ്ട് 1447000 രൂപ ശേഷിക്കുന്നതായും ചലഞ്ച് ഫണ്ട് കുറവായതിനാൽ ഭക്ഷണാവശ്യങ്ങൾക്കായി 239764 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചതായും അറിയിച്ചു. അധികം പിൻവലിച്ച വികസന ഫണ്ട് തുക ചെലാൻ വഴി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണെന്ന് ജി.ഓ (പി) നം.177/2006/ഫിൻ /12.4.2006 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ചലഞ്ച് ഫണ്ടിന് പകരം ചെലവഴിച്ച വികസന ഫണ്ട് തുക തിരികെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും 1447000 രൂപ സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-65 അഗതി രഹിത കേരളം പദ്ധതി പ്രകാരം വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ- എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള വാല്യുവേഷന്റെ അടിസ്ഥാനത്തിലല്ലാതെ ആനുകൂല്യം നൽകി

അഗതി രഹിത കേരളം പദ്ധതി പ്രകാരം ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട വിവിധ ഗുണഭോക്താക്കൾക്ക് 2020-21, 2021-22 വർഷങ്ങളിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയിരുന്നു. എന്നാൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള വാല്യുവേഷൻ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യം | ഗുണഭോക്താക്കളുടെ എണ്ണം | ഒരു ഗുണഭോക്താവിന് നൽകിയ ആനുകൂല്യം | റിമാർക്സ് |
|---|---|---|---|
| ടോയ്‌ലറ്റ് നിർമ്മാണം | 2 | 15000 | |
| ഭവന പുനരുദ്ധാരണം | 9 | 25000 | ഒരു ഗുണഭോക്താവ് മരണപ്പെട്ടിട്ടുള്ളതാണ്. അർഹരായ |

| | | | |
|---|---|---|---|
| | | | അനന്തരാവകാശികളില്ലാത്തതിനാൽ ആദ്യ ഗഡു 12500രൂപ മാത്രമാണ് നൽകിയത്. |

വാല്യവേഷനമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള മൂല്യനിർണ്ണയം ലഭിച്ചതിന് ശേഷം അതിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-66 സ്വച്ച് ഭാരത് മിഷൻ (നഗരം) ശുചിത്വ ഖരമാലിന്യ സംസ്കരണം - ചെലവഴിക്കാതെ ശേഷിക്കുന്ന തുക നാളിതുവരെ തിരികെ അടച്ചില്ല

സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിയുമായി ബന്ധപ്പെട്ട നഗരസഭകൾക്ക് ശുചിത്വമിഷനിൽ നിന്നും ഖരമാലിന്യ സംസ്കരണത്തിന് ഫണ്ട് അനുവദിച്ചിരുന്നു. P.F.M.S നടപ്പാക്കിയ സാഹചര്യത്തിൽ നാളിതുവരെ വിനിയോഗിച്ചതിന് ശേഷം ബാക്കി നിൽക്കുന്ന തുക സംസ്ഥാന ശുചിത്വമിഷനിലേയ്ക്ക് 2021 ഡിസംബർ 15-നകം തിരിച്ചടയ്ക്കേണ്ടതാണ് എന്നും ഇതുവരെ ചെയ്ത പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷനുകൾക്ക് നൽകണമെന്നും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ജില്ലാ കോ-ഓർഡിനേറ്റർ ശുചിത്വമിഷൻ, കോട്ടയത്തിന്റെ 04.12.2021-ലെ 2025/2018/ഡി.എസ്.എം/കെ.ടി.എം നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ തുക തിരികെ അടയ്ക്കാതിരുന്നതിനാൽ ആയത് തിരികെ അടയ്ക്കണമെന്നാവശ്യപ്പെട്ട് ശുചിത്വമിഷനിൽ നിന്ന് 01.01.2022 തീയതിയിൽ വീണ്ടും കത്ത് ലഭിക്കുകയും, ഇതിൻപ്രകാരം 23.02.2022 തീയതിയിൽ H7-19715/21 നം.കത്ത് പ്രകാരം നഗരസഭ ധനവിനിയോഗ സാക്ഷ്യപത്രം നൽകുകയും ചെയ്തു.

ടി സാക്ഷ്യപത്രം പ്രകാരം ഖരമാലിന്യ സംസ്കരണത്തിനായി ലഭിച്ച 74,92,101/-രൂപയിൽ ₹45,20,854 ചെലവഴിച്ചതായും ₹29,71,247 അക്കൗണ്ടിൽ ശേഷിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സംസ്ഥാന ശുചിത്വമിഷന്റെ എസ്.ബി.ഐ, വഴുതക്കാട് ശാഖ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ, 04.04.2022 തീയതിയിലെ 2120/D1/2016/SM നം.കത്ത് പ്രകാരം സംസ്ഥാന ശുചിത്വമിഷനിൽ നിന്ന് വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം, ഐ.ഇ.സി, ശേഷി വികസനം എന്നിവയ്ക്ക് അനുവദിച്ച ഫണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക സംസ്ഥാന ശുചിത്വമിഷനിലേയ്ക്ക് ഏപ്രിൽ 15-നകം തിരികെ അടയ്ക്കണമെന്നും അക്കൗണ്ട് ക്ലോസ്സ് ചെയ്തു എന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയാൽ മാത്രമേ സ്വച്ച് ഭാരത് മിഷൻ (നഗരം) 2-ൽ തുക അനുവദിക്കുകയുള്ളൂ എന്ന് കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ശുചിത്വമിഷനുമായി ബന്ധപ്പെട്ടുള്ള നഗരസഭയുടെ ബാങ്ക് അക്കൗണ്ട് (ICICI Bank A/C 627105001198) പരിശോധിച്ചതിൽ, 06.05.2022-ലെ ബാലൻസ് ₹24,28,381 നിലനിൽക്കുന്നതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന വിഷയങ്ങളിന്മേൽ വ്യക്തതയില്ല.

1. ബാലൻസ് തുക ഏതൊക്കെ ഇനങ്ങളിലായി ലഭിച്ച തുകയാണെന്ന് വ്യക്തമല്ല.
2. നഗരസഭാ പരിധിയിലുള്ള ഇൻസാനിട്ടറി ലാട്രിൻ, സാനിട്ടറി ലാട്രിൻ ആക്കുന്നതിന്റെ ഭാഗമായി സ്വച്ച് ഭാരത് മിഷനിൽ നിന്നും ലഭിച്ച തുക, നാളിതുവരെ ചെലവഴിച്ച തുക, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
3. ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 150 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യത്തിന് അർഹരായ എത്ര ഗുണഭോക്താക്കളുണ്ട് എന്ന് വ്യക്തമല്ല.
4. എഗ്രിമെന്റ് വെച്ച് വിവിധ ഗഡുക്കൾ കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമല്ല.
5. ഐ.എച്ച്.എച്ച്.എൽ പദ്ധതിയ്ക്കായി 2015-16, 2016-17, 2017-18 വർഷങ്ങളിലായി 2919430 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചെങ്കിലും ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ലഭ്യമല്ല.

പദ്ധതിയുടെ വിശദാംശങ്ങൾ ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം (നം.46/2021-22/09.02.2023) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
“ബാങ്ക് അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന തുക IHHL, IEC, ശേഷീ വികസനം എന്നിവയ്ക്കായി ലഭിച്ച

തുകയാണ്. ഈ പദ്ധതികൾക്കായി 3114472 രൂപ സ്വച്ഛ് ഭാരത് മിഷനിൽ നിന്ന് ലഭിച്ചിരുന്നു. ഈ തുകയിൽ 2703200 രൂപ ചെലവഴിക്കുകയും 411272 രൂപ അവശേഷിക്കുകയും ചെയ്യുന്നു. പദ്ധതി പ്രകാരം 239 പേർക്ക് വിവിധ ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. ഇവരിൽ 46 പേർക്ക് 3-ാം ഗഡു അനുവദിച്ചിട്ടില്ല. 2016, 2017-18 വർഷങ്ങളിലായി 1006700 രൂപ വീതം ആകെ 2013400 രൂപ വികസന ഫണ്ട് വകയിരുത്തി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. വിവിധ ആവശ്യങ്ങൾക്കുള്ള തുക ഈ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതിനാൽ വികസന ഫണ്ട് ചെലവഴിച്ചതിന്റെ വിവരങ്ങൾ കൃത്യമാക്കാൻ സാധിച്ചിട്ടില്ല. I.E.C ഫണ്ടിൽ നിന്നും 2023 മാർച്ച് അവസാനം തുക ചെലവഴിക്കാനുള്ളതിനാൽ ഈ തുക ചെലവഴിച്ചതിന് ശേഷം ബാലൻസ് തുക തിരികെ അടയ്ക്കുന്നതാണ്."

ഈ സാഹചര്യത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക സർക്കാരിലേക്ക് അടച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ലാട്രിൻ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ആനുകൂല്യം നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഖരമാലിന്യ സംസ്കരണത്തിനായി ചെലവഴിച്ച 4520854 രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-67 മാലിന്യ നീക്കത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയേക്കാൾ അധികം ഡീസൽ നിറച്ചു

ഫയൽ നം.H1(H6)-3581/16

നഗരസഭയിൽ മാലിന്യം നീക്കം ചെയ്യുന്നതിനായി ഉപയോഗിച്ച് വരുന്ന KL33N-2874-ം നമ്പർ ടിപ്പർ ലോറിയുടെ ടാങ്ക് കപ്പാസിറ്റി 60 ലിറ്ററാണെന്ന് 05.08.2021 തീയതിയിൽ മാവേലിക്കര പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ലോഗ് ബുക്കിൽ ചേർത്തിട്ടുണ്ട്. വാഹനത്തിന് ഇന്ധനം വാങ്ങിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 05.01.2022 തീയതിയിൽ ഇൻഡന്റ് നം.3964 പ്രകാരം 39.83 ലിറ്റർ ഡീസൽ 'ഷറാ ഫ്യൂവൽസിൽ' നിന്ന് വാങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ, ഇതേ തീയതിയിൽ 39.83 ലിറ്റർ ഡീസൽ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്ധനത്തിന്റെ മുന്നിരിപ്പായ 38.17 ലിറ്ററിനോടൊപ്പം 34.59 ലിറ്റർ കൂടി രേഖപ്പെടുത്തി ഡീസലിന്റെ ആകെ അളവ് 60 ലിറ്റർ ആയി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ 38.17 ലിറ്ററിനോടൊപ്പം 39.83 ലിറ്റർ കൂടി ചേർക്കുമ്പോൾ ആകെ 78 ലിറ്ററാണ് വരേണ്ടത്. ഇത് പ്രകാരം 39.83 ലിറ്റർ ഡീസൽ വാങ്ങിയതിന്റെ തുകയായ ₹3,668 ഉൾപ്പെടെ ചെക്ക് നം.737170/17.08.2022 പ്രകാരം ₹42,244 ഷെറ ഫ്യൂവൽസിന് നൽകിയിട്ടുണ്ട്. ഇപ്രകാരം ടാങ്ക് കപ്പാസിറ്റിയേക്കാൾ അധികം അളവ് (18 ലിറ്റർ) ഡീസൽ വാങ്ങിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണം (നം.54/2021-22/14.02.2023) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയുടെ വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

"5.8.21 മുതൽ വാഹനം മാലിന്യ നീക്കത്തിന് ഉപയോഗിച്ച് തുടങ്ങിയപ്പോൾ നിശ്ചിത കിലോമീറ്റർ ഓടുമ്പോൾ വാഹനത്തിന്റെ പൊല്യൂഷൻ കൺട്രോൾ യൂണിറ്റിൽ നിന്ന് റി-ജനറേഷൻ സൂചനകൾ വരികയും വാഹന കമ്പനിയുടെ നിർദ്ദേശ പ്രകാരം ഓട്ടോ റി-ജനറേഷൻ ഓൺ ആക്കി വാഹനം റി-ജനറേഷൻ നടത്തുകയും ചെയ്തു. ഇത് മൂലം ഡീസൽ ടാങ്കിലെ ഡീസലിന്റെ അളവിൽ കുറവുണ്ടാകുന്നു. ഈ വിവരം മാവേലിക്കര പി. ഡബ്ലിയു.ഡി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കുകയും അത് പ്രകാരം 5.1.2022 ൽ ഫ്യൂവൽ കൺസംഷൻ ടെസ്റ്റ് നടത്തുന്നതിന് വേണ്ടി ഇന്റന്റ് നമ്പർ 3964 പ്രകാരം രണ്ട് തവണയായി വാഹനം ഓടിക്കുന്നതിന് മുൻപും തിരികെ വന്ന ശേഷവും ഡീസൽ നിറച്ചു. ഇതിൽ ആദ്യം നിറച്ചപ്പോൾ 34.59 ലിറ്റർ ഡീസൽ വന്നു. അപ്പോൾ ടാങ്കിൽ 38.17 ലിറ്ററുണ്ടായിരുന്നു. ഇതിൻ പ്രകാരം അധികം വന്നിട്ടുള്ള 12.76 ലിറ്റർ ഡീസൽ റി-ജനറേഷൻ പ്രോസസ് വഴി നഷ്ടമായതാണ്. ടി വാഹനം മൈലേജ് ടെസ്റ്റിനായി ഓടി തിരികെ വന്നതിന് ശേഷമാണ് 5.27 ലിറ്റർ നിറച്ചിട്ടുള്ളത്. ഇപ്രകാരം ടാങ്ക് കപ്പാസിറ്റിയിൽ നിജപ്പെടുത്തിയാണ് ഡീസൽ നിറച്ചത്."

എന്നാൽ മറുപടിയിൽ സൂചിപ്പിച്ചത് പ്രകാരമുള്ള വിവരങ്ങളൊന്നും തന്നെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിൽ വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെ അളവ് കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ടാങ്ക് കപ്പാസിറ്റിയ്ക്കനുസൃതമായി മാത്രം ഇന്ധനം നിറയ്ക്കാൻ ശ്രദ്ധിക്കേണ്ടതും നിറച്ച ഇന്ധനത്തിന്റെ അളവ് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്താൻ സാധിക്കാത്ത പക്ഷം ആയതിനുള്ള കാരണം കൃത്യമായി ലോഗ് ബുക്കിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. വാഹനത്തിന്റെ ഉപയോഗം, ലോഗ് ബുക്കിന്റെ സൂക്ഷിപ്പ്

എന്നിവ സംബന്ധിച്ച് മേലുദ്യോഗസ്ഥർ കൃത്യമായി പരിശോധന നടത്താതിരുന്നതിനാൽ സംഭവിച്ച പിഴവാണിത്. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-68 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട താഴെ ചേർത്തിട്ടുള്ള പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വാട്ടർ അതോറിറ്റി വക സ്ഥലം വൃത്തിയാക്കൽ

വാർഡ് 20-ൽ സ്ഥിതി ചെയ്യുന്ന വാട്ടർ അതോറിറ്റി വക സ്ഥലം വൃത്തിയാക്കിയതിന് തൊഴിലാളികളുടെ വേതനം, മറ്റ് ചെലവുകൾ എന്നിവയുൾപ്പെടെ ആകെ ₹38,907 (ചെക്ക് നം.000064/16.11.21-₹17523, ചെക്ക് നം.000067/20.12.21-₹21,384) ചെലവഴിച്ചിരുന്നു. വാട്ടർ അതോറിറ്റി വക സ്ഥലം പൊതുസ്ഥലമോ, തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ വ്യക്തിയുടെ സ്ഥലമോ അല്ല. പ്രസ്തുത ഭൂമി വൃത്തിയാക്കുന്നതിന് തുക ചെലവഴിച്ചത് ക്രമ പ്രകാരമുള്ള നടപടിയല്ല.

(2) സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ -സുഭിക്ഷ കേരളം -തരിശുഭൂമി കൃഷിയാക്കൽ

സ്വകാര്യ ഭൂമിയിലെ ഇടപെടൽ എന്ന പ്രവൃത്തിയുടെ ഭാഗമായി പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി നടപ്പാക്കിയിരുന്നു. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീ ജേക്കബ് ചാക്കോ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാഴപ്പള്ളി ശ്രീമഹാദേവർ ക്ഷേത്രത്തിന് പടിഞ്ഞാറ് (32-ം വാർഡിൽ) പോള നിറഞ്ഞ് കിടക്കുന്ന 12 ഏക്കർ മുപ്പത്തിനാല് സെന്റ് സ്ഥലം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി നടപ്പാക്കിയിരുന്നു. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട എം.ബുക്ക് പ്രകാരം പ്രവൃത്തി ചെയ്യുന്ന സ്ഥലത്തെ ചെടികളും മാലിന്യങ്ങളും 15സെ.മീ. ആഴത്തിൽ നിന്നെടുത്ത് 50മീറ്റർ ദൂരത്തിലും 1.5മീറ്റർ പൊക്കത്തിനുള്ളിലും നിക്ഷേപിക്കുന്ന പ്രവൃത്തിയാണ് നടപ്പാക്കിയത്. പ്രവൃത്തിക്കായി ഉപയോഗിച്ച പണി സാധനങ്ങളുടെ വാടക ഉൾപ്പെടെ ആകെ ചെലവ് 3,08,643 രൂപയാണ്.(ചെക്ക് നം.000064/16.11.2021).

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിനോടൊപ്പം ചേർത്തിട്ടുള്ള ഫോട്ടോ പരിശോധിച്ചതിൽ ടി കൃഷിസ്ഥലം വെള്ളം നിറഞ്ഞ് കിടക്കുന്നതായാണ് കാണുന്നത്. അതിനാൽ നിലം കൃഷിയോഗ്യമല്ലായെന്ന് വ്യക്തമാണ്. നിലം കൃഷിക്ക് ഉപയുക്തമാക്കുക എന്ന യഥാർത്ഥ ലക്ഷ്യം കൈവരിക്കാതെയാണ് തുക ചെലവഴിച്ചത്.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (71/2021-22/22.02.2023) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ, സ.ഉ(കൈ)നം.216/17/തസ്വഭവ./തീ.3.11.17-ലെ പരിഷ്കരിച്ച പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഖ.7.1.2 മറ്റ് പ്രവൃത്തികൾ എന്ന ഭാഗത്തിൽ പൊതു ആസ്തികളുടെ പരിപാലനം, പൊതു വിഭവ പരിപാലനം എന്നിങ്ങനെ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് വാട്ടർ അതോറിറ്റി വക സ്ഥലം പൊതു സ്ഥലം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, ഓഫീസിൽ നിന്ന് ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ വൃത്തിയാക്കിയത് എന്ന് അറിയിച്ചു. എന്നാൽ സ്ഥലം വൃത്തിയാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ച അപേക്ഷ ഫയലിൽ ഇല്ല. തന്നെയല്ല, വാട്ടർ അതോറിറ്റി വക ഭൂമി പൊതു സ്ഥലമോ സ്വകാര്യ സ്ഥലമോ അല്ല. അതിനാൽ വാട്ടർ അതോറിറ്റി വക സ്ഥലം വൃത്തിയാക്കിയതിന് തുക അനുവദിച്ചത് ശരിയായ നടപടിയല്ല. കൂടാതെ ക്രമ നം.2 ലെ പരാമർശമായ സ്വകാര്യ ഭൂമിയിലെ ഇടപെടൽ എന്ന പ്രവൃത്തിയുടെ ഭാഗമായി പോള വാരിക്കളയുന്ന പ്രവൃത്തിയാണ് തൊഴിലുറപ്പ് തൊഴിലാളികൾ ചെയ്തതെന്നും മോട്ടോർ ഉപയോഗിച്ച് പാടശേഖരം ഒന്ന്കൂടി വൃത്തിയാക്കിയതിന് ശേഷമാണ് കൃഷി ചെയ്തത് എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലം കൃഷി യോഗ്യമാക്കൽ എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലം പൂട്ടൽ, കള മാറ്റൽ, വളം ഇടൽ ഉടങ്ങിയ പ്രവൃത്തികളാണ് ചെയ്യാവുന്നത്. ഇതിന് പകരമായി പോള വാരി മാറ്റുന്നതിന് മാത്രം തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. രണ്ട് പ്രവൃത്തികൾക്കുമായി ആകെ ചെലവഴിച്ച 347550 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-69 പി.എം.എ.വൈ പദ്ധതി- അപാകതകൾ

I. ഫണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ല

പി.എം.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട കാഷ് ബുക്ക് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ, സംസ്ഥാന സർക്കാർ വിഹിതം, കേന്ദ്ര വിഹിതം, നഗരസഭാ വിഹിതം എന്നിവ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ കാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. കാഷ് ബുക്കിൽ വിവിധ ഫണ്ടുകൾ

ലഭിച്ചിട്ടുള്ളതിന്റെയും ചെലവഴിച്ചതിന്റെയും ബാലൻസ് തുകയുടെയും വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയാറാക്കേണ്ടതാണ്.

II) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല

പി.എം.എ.വൈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം. | പേര് / അഡ്രസ്സ് | നാളിതുവരെ കൈപ്പറ്റിയ തുക | നിർമ്മാണം ആരംഭിച്ച തീയതി |
|---|---|---|---|
| | DPR I | | |
| 1. | സുജാത റ്റി കെ, ആറാട്ടുചിറയിൽ, പട്ടത്തിമുക്ക് | 40,000 | 5.9.18 |
| 2. | സി വി ചെല്ലപ്പൻ ചെന്നിക്കരതാഴെ, ഫാത്തിമാപുരം | 30,000 | 27.5.18 |
| 3. | തങ്കമ്മ കുട്ടപ്പൻ ഉണ്ണിയിൽ വീട്, പെരുന്ന | 2,90,000 | 20.12.17 |
| 4. | സിന്ധു, തുണ്ടിപ്പറമ്പ് വാർഡ് 34 | 3,10,000 | 20.120.17 |
| 5. | വർഗ്ഗീസ് ജോസഫ് കറുകയിൽ, ഫിഷ് മാർക്കറ്റ് | 2,90,000 | 3.4.18 |
| 6. | അജിത്ത് കുമാർ രഞ്ജു ഭവൻ | 1,20,000 | 11.7.19 |
| | DPR II | | |
| 7. | ചന്ദ്രൻ റ്റി തോപ്പിൽ | 3,50,000 | 1.2.18 |
| 8. | പി എ സിയാദ് പുതുപ്പറമ്പിൽ | 3,60,000 | 31.7.18 |
| 9. | ജോബി ആന്റണി അരമനപ്പറമ്പ് | 3,50,000 | 12.6.18 |
| 10. | ധനലക്ഷ്മി കെ കെ കന്യാകോണിൽ, പുഴവാത്, വാർഡ് 25 | 2,90,000 | 22.5.18 |
| 11. | സേതു കെ റ്റി (ഗോപി) | 1,90,000 | 8.2.18 |

| | | | |
|---|---|---|---|
| | മാടപറമ്പിൽ | | |
| 12. | ശ്രീജമോൾ എസ് വാല്യമ്മേച്ചിറ, വാർഡ് 33 | 2,70,000 | 16.5.18 |
| 13. | ബിജു കെ കിഴാത്തറ, വാർഡ് 24 | 2,90,000 | 16.5.18 |
| 14. | രാജപ്പൻ, കുന്നംപുറത്ത് അരമനപ്പടി, വാർഡ് 12 | 30,000 | 4.6.18 |
| 15. | രാജേഷ് പി ആർ വാർഡ് 28 | 2,00,000 | |
| 16. | ചെല്ലപ്പൻ പി മുളയ്ക്കൽ ചിറ, പോത്തോട്ട് | 2,70,000 | 1.2.18 |
| 17. | തങ്കമ്മ ഭാസി കളത്തിൽ ചിറ, പെരുന്ന, വാർഡ് 22 | 40,000 | 21.12.18 |
| 18. | വിജയൻ പാറയിൽ | 3,00,000 | 21.1.19 |
| 19. | കത്രീന ബേബി തുണ്ടിപറമ്പ്, മറ്റം | 1,90,000 | 31.3.18 |
| | DPR III | | |
| 20. | രാധാമണി സുരേഷ് ചിറത്തറ പുരയിടം | 40,000 | 12.2.19 |
| | DPR IV | | |
| 21. | രത്നവല്ലി പുതുപറമ്പിൽ | 2,00,000 | 26.3.19 |
| 22. | വിനോദ് കെ | 2,80,000 | 26.4.19 |
| 23. | രതീഷ് സി ആർ ചെമ്പുത്തറയിൽ ഹൗസ് | 3,00,000 | 7.2.20 |
| 24. | ശാന്ത രാമചന്ദ്രൻ | 3,00,000 | 7.2.20 |
| 25. | ജീവ പ്രഭാകരൻ | 40,000 | 14.5.2020 |
| 26. | ആന്റണി പുന്നയ്ക്കൽ | 40,000 | 30.2.2020 |

ആനുകൂല്യം കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവർക്കെതിരെ സ്വീകരിച്ച

നടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.88/21-22/09.03.2023) മറുപടി ലഭ്യമാക്കിയില്ല. ആനുകൂല്യം കൈപ്പറ്റി നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനും നിർമ്മാണം പാതി വഴിയിലായിട്ടുള്ള ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ആനുകൂല്യങ്ങൾ നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-70 കൗൺസിൽ തീരുമാനം- വിശദാംശങ്ങൾ ലഭിച്ചിട്ടില്ല

നഗരസഭ കൗൺസിലിന്റെ 29/04/21-ലെ 8-ം നമ്പർ തീരുമാനപ്രകാരം നഗരസഭയുടെ അനുമതിയോടുകൂടി ഫ്ലക്സുകളും ബോർഡുകളും ഹോഡിംഗ്സുകളും സ്ഥാപിക്കുന്നതിന് പെർമിറ്റ് ഫീസായി ച.മീറ്ററിന് ഒരു വർഷത്തേയ്ക്ക് ₹100 വീതം ഈടാക്കുന്നതിനും തുടർന്ന് ഓരോ വർഷവും പുതുക്കുന്നതിന് ച.മീറ്ററിന് ₹75 വീതം ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ പെർമിറ്റ് ഫീസിനത്തിൽ തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട ഫയൽ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-51/2021-22/13.02.2023-ന് മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും കൗൺസിൽ തീരുമാനം നടപ്പാക്കിയിട്ടില്ലെങ്കിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-71 ഫാമിലി പെൻഷൻ - അധിക തുക നൽകിയത് തിരികെ ഈടാക്കണം

വൗച്ചർ നം.7/4-21 (ചെക്ക് നം.176018/01.04.21) പ്രകാരം ശ്രീമതി പി. പൊന്നമ്മയ്ക്ക് 03/21-ലെ ഫാമിലി പെൻഷൻ തുക ഇനത്തിൽ ₹10,992 നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, അടിസ്ഥാന പെൻഷൻ-8,500 +ഡി.ആർ-1,700 +മെഡിക്കൽ അലവൻസ്-300 എന്ന നിരക്കിൽ ആകെ തുക ₹10,500 നൽകേണ്ടതിന് പകരം തെറ്റായി ₹10,992 നൽകിയിരിക്കുന്നു. ഇത്തരത്തിൽ ₹492 അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/2021-22 തീയതി 21.11.2022) മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-72 മരാമത്ത് പ്രവൃത്തി - നിശ്ചിത സമയപരിധിക്കകം കരാർ ചമയ്ക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| ഫയൽ നം. | E6-1479/21 |
| പ്രോജക്റ്റ് നം./പേര്: | 270/22-വാർഡ് 25, 31<br>മുതലവാച്ചിറ റോഡ് പുനരുദ്ധാരണം. |
| കരാറുകാരൻ | ജെയ്സൺ പി ഫ്രാൻസിസ് |
| ബിൽ നം./തീയതി | 62/30.11.2021 |
| പാർട്ട് ബിൽ തുക | ₹2,90,202 |
| എം.ബുക്ക് നം. | 112/20-21 |

